www.malankaralibrary.com

# കാരുണികൻ

സമഗ്രദൈവശാസ്ത്ര മാസിക

₹ 25
www.karunikan.com

Vol. 19 | No. 12
DECEMBER 2022



## ദൈവം നമ്മോടുകൂടെ !

www.malankaralibrary.com

## തീർത്ഥാടനകേന്ദ്രമായ മാന്നാനം ആശ്രമദൈവാലയത്തിൽ
## വിശുദ്ധ കുര്യാക്കോസ് ഏലിയാസ് ചാവറപിതാവിന്റെ

# തിരുനാൾ

**2022 ഡിസംബർ 26 തിങ്കൾ മുതൽ**
**2023 ജനുവരി 3 ചൊവ്വ വരെ**



**ഏവർക്കും സ്വാഗതം**

## ST. KURIAKOSE ELIAS CHAVARA PILGRIM CENTRE

MANNANAM, KOTTAYAM

PH: 0481 2598150, 7829792320, 9447738150
www.saintchavara.org. | Email: chavarapilgrimcentre@gmail.com
facebook: chavarapilgrimcentre, Mannanam

www.malankaralibrary.com



# മൃദുലദൈവം

തിരുപ്പിറവിയുടെ നക്ഷത്ര വെളിച്ചത്തിൽ മൂന്നു പുൽക്കുടിലുകളിലെ ദൃശ്യങ്ങൾ മിന്നിത്തെളിയുകയാണ്.

ആദ്യത്തേത് ഡിസംബർ ഇരുപത്തഞ്ചിലെ 'കുട്ടികളുടെ ക്രിസ്തുമസ് അവതരണ' വേദിയാണ്. ഒന്നും രണ്ടും ക്ളാസ്സുകളിലെ കുട്ടികളാണ് മുഖ്യകഥാപാത്രങ്ങൾ. യൗസേപ്പും മാതാവും വളരെ കഷ്ടപ്പെട്ട് ബേത്‌ലെഹെമിൽ ഒരു കാലിത്തൊഴുത്തു കണ്ടെത്തി അവിടെ ഈശോയുടെ ജനനം കഴിഞ്ഞ് ഉണ്ണീശോയെ പുൽത്തൊട്ടിലിൽ കിടത്തിയതേ ഉള്ളൂ. പെട്ടെന്നാണ് എവിടെ നിന്നോ പാഞ്ഞു വന്ന ഒരു കൊച്ചു പെൺകുട്ടി ഉണ്ണീശോയെ തട്ടിയെടുക്കാൻ ശ്രമിക്കുന്നത്. മാതാവും യൗസേപ്പും ഇടയരും കിണഞ്ഞു പരിശ്രമിച്ചിട്ടും 'ഉണ്ണീശോയെ' വിട്ടുകൊടുക്കാൻ ആ പെൺകുട്ടി തയ്യാറായില്ല. അത്ര മാത്രം അവൾക്കു പ്രിയപ്പെട്ട പാവക്കുട്ടിയെയായിരുന്നു 'ഉണ്ണി'യായ് അവളുടെ അമ്മ തിരഞ്ഞെടുത്തത്.

രണ്ടാമത്തെ പുൽക്കൂട്ടിൽ ഉണ്ണിയെ കാണ്മാനില്ല. അതിനു കാരണക്കാരൻ നഴ്സറി ക്ലാസ്സ് പ്രായമുള്ള ഒരു ആൺകുട്ടിയാണെന്ന് പിന്നീട് ദൈവാലയശുശ്രൂഷി കണ്ടെത്തുന്നു. തന്റെ അമ്മയും അച്ഛനും ഒരുമിച്ചു താമസിക്കാൻ തയ്യാറാവാതെ വേർപിരിഞ്ഞിടത്ത് 'ഉണ്ണിയീശോ മാത്രം അച്ഛനുമമ്മയ്ക്കുമൊപ്പം സന്തോഷമായിരിക്കേണ്ടതില്ല' എന്നതാണവന്റെ ന്യായവും അന്യായവും!

മൂന്നാമത്തെ പുൽക്കൂട്ടിൽ ഉണ്ണി നഷ്ടപ്പെടുന്നത് വീട്ടുകാരുടെ ശ്രദ്ധയിൽപെടുത്തുന്നത് ആ വീട്ടിലെ കുഞ്ഞു പൈതലാണ്. വീട്ടിലെ കണ്ടൻ പൂച്ച കടിച്ചെടുത്തു കൊണ്ടുപോയ ഉണ്ണി രൂപം ജീവനില്ലാത്തതിനാൽ പുൽക്കൂടിന്റെ പുറത്തുള്ള പുൽമേട്ടിൽ ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തി അമ്മ തിരിച്ചു നൽകിയപ്പോൾ മാത്രമാണ് കുട്ടിയുടെ കരച്ചിൽ നിന്നത്. ക്രിസ്തുമസിന് ഉണ്ണിക്കഥകളുടെ ഒരു പ്രദക്ഷിണ വലയമുണ്ടാവാം നമ്മുടെ ഓർമകൾക്ക് ചുറ്റും. ഉണ്ണികളോട് ഒരു സ്വർഗത്തിന്റെ കഥ പറയാൻ, ഉണ്ണിയായ് പിറന്ന കഥ പറയാൻ ക്രിസ്തുമസ് വീണ്ടും വന്നു ചേർന്നിരിക്കുകയാണ്.

കുഞ്ഞുമനസ്സുകളിൽ ദൈവം ചേക്കേറുന്ന ആദ്യ മുഹൂർത്തമായ് ക്രിസ്തുമസിനെ വിശേഷിപ്പിക്കാം എന്നു തോന്നുന്നു. 'സർവശക്തനായ ദൈവം' എന്ന കനമുള്ള വിശേഷണത്തിൽ നിന്നും 'ഉണ്ണിയീശോ' എന്ന മൃദുവായ വിശേഷണത്തിലേക്ക് ദൈവം സ്വയം പരിചയപ്പെടുത്തിയ അത്ഭുതമാണ് ക്രിസ്തുമസ്.

ദൈവത്തിന്റെ മനുഷ്യത്വം ഓരോ വർഷവും പുൽക്കൂട്ടിലെ നിസ്സഹായതയിലൂടെയും നിഷ്കളങ്കതയിലൂടെയും ഓർമിക്കപ്പെടുമ്പോൾ നമുക്ക് സന്തോഷിക്കാം. കാരണം ഓർമിക്കപ്പെടാൻ മാത്രം മഹനീയമായ ഒരു ജന്മമാണ് അത്.

'നിസ്സാര മനുഷ്യ'നായി പിറന്ന ദൈവത്തെ പുൽക്കൂടിന്റെ നിഴലിൽ നിന്ന് നമ്മൾ വീണ്ടും വീണ്ടും ധ്യാനിക്കണം. ഉറങ്ങുന്ന ഉണ്ണിയേയും പുഞ്ചിരിക്കുന്ന ഉണ്ണിയേയും കൺകോണിൽ ലോകം പ്രതിബിംബിപ്പിക്കുന്ന ഉണ്ണിയേയുമൊക്കെ അവിടെ കാണാം. പുൽക്കൂട്ടിലെ ഓരോ രൂപത്തെയും ഒന്ന് ധ്യാനവിഷയമാക്കണം. ആ രൂപങ്ങളിൽ നിന്ന് പിന്നാമ്പുറക്കാഴ്ചകളിലേക്ക് ഒന്ന് കണ്ണോടിച്ചു നോക്കണം. അപ്പോൾ പുൽക്കുടിനു ചുറ്റും നമുക്ക് കണ്ടെത്താനാകും ഉറങ്ങുന്ന ഉണ്ണിയെ അലോസരപ്പെടുത്തുന്ന അസ്വസ്ഥതകൾ! തന്റെ അധികാരമേഖലയ്ക്കു ഭീഷണിയായേക്കാമെന്ന ഭയത്തിൽ, ആർക്കുമെതിരെ ചെറുവിരലനക്കാൻ ശേഷിയില്ലാത്ത ശിശുക്കളുടെ നേർക്കുപോലും വാളോങ്ങി നിഷ്കളങ്ക രക്തത്തിന്റെ കറ പറ്റിയ കസേരയിൽ അള്ളിപ്പിടിച്ചിരിപ്പുറപ്പിച്ച ഒരു ഭരണാധികാരി അവിടെ നിൽപ്പുണ്ട്. അങ്ങ് ദൂരെയെന്നോ കാലങ്ങൾക്കപ്പുറമെന്നോ തോന്നുന്നില്ല ഹേറോദേസിന്റെ സിംഹാസനം.

www.malankaralibrary.com

ജനാധിപത്യത്തിന്റെ കോണിപ്പടിയേറി വന്നിട്ട് ഏകാധിപത്യത്തിന്റെ ഭരണസംവിധാനത്തിലേക്ക് കസേര നീക്കിയിട്ട് നീണാൾ വാഴുന്നവർ, അധ്വാനവർഗത്തിന്റെ ഉന്നമനം, രാജ്യവികസനം ഇത്യാദി അജണ്ടകളുടെ ആകർഷകവാഗ്ദാനങ്ങൾക്കിടയിലൂടെ അണികളുടെ രാഷ്ട്രീയ അടിമത്വം ഉറപ്പുവരുത്തുന്ന ചില പഴഞ്ചൻ 'ഇസ'ങ്ങൾ. തരത്തിനു തരത്തിനു മതേതരത്വം വിളിച്ചുപറഞ്ഞിട്ട് മതത്തിന്റെ അധികാര ദണ്ഡിനാൽ രാജ്യവിഭാവനം ആസൂത്രണം ചെയ്യുന്ന ചില തീവ്രമത രാഷ്ട്രീയ പാർട്ടികൾ. ഭരണകൂട മുതലാളിത്തത്തിന്റെ രാജ്യ വികസനവും ജനക്ഷേമവും മാത്രം വിളംബരം ചെയ്യാൻ അനുവദിക്കപ്പെട്ടിട്ടുള്ള മാധ്യമങ്ങൾ ആണ് പാവപ്പെട്ടവരുടെ പാർട്ടികൾ ഭരണയന്ത്രം തിരിക്കുന്ന ചില രാജ്യങ്ങളിൽ പോലും ഉള്ളത്.

എല്ലായിടത്തും ഹേറോദോസുമാർ സിംഹാസനങ്ങൾ ഉറപ്പിക്കാനുള്ള തത്രപ്പാടിലാണ്; തിരുകുടുംബങ്ങൾ പലായനം ചെയാനുള്ള വെപ്രാളത്തിലും.

ഉക്രൈൻ യുദ്ധമുഖത്തുനിന്ന് ജർമനിയിൽ അഭയാർഥികളായെത്തിയ ഏതാനും കുടുംബങ്ങളുടെ കണ്ണീർ വിവരണങ്ങൾ ഓർമയിലുണ്ട്. റഷ്യൻ സൈനികർ കീഴടക്കിയയിടങ്ങളിലെ ഉക്രൈൻ പൗരരെ തോക്കിൻ മുനയിൽ നിർത്തി റഷ്യൻ മഹത്ത്വം വിളിച്ചു പറയിച്ചു വീഡിയോ പകർത്തിയ കാര്യമൊക്കെ പേരും ഊരും ഒന്നും വെളിപ്പെടുത്താനാവാതെ പങ്കുവച്ചതും അതിൽ പെടും. യുദ്ധമുഖത്തു നിന്നും ഓടി രക്ഷപെട്ടവരെ സ്വീകരിക്കാൻ രക്ഷകവേഷം ധരിച്ചെത്തിയ ചില മനുഷ്യക്കടത്തു മാഫിയകളുടെ ക്രൂരതകളെക്കുറിച്ചുള്ള റിപ്പോർട്ടും മറക്കാനാവുന്നില്ല.

അധികാരഗർവ് ഭരണാധിപർക്കും അനാഥത്വം സാധാരണ പൗരർക്കും! ക്രിസ്തുമസ് സംഭവങ്ങളിലെ ആളുകൾ മാത്രമേ മാറിയിട്ടുള്ളു; അവസ്ഥകൾ മാറിയിട്ടില്ല. അല്പം ആധുനികമായെന്നു മാത്രം.

മതസംഹിതകളുടെ പേരിലുൾപ്പെടെ വീടുകളിലും സമൂഹങ്ങളിലും സ്ത്രീത്വത്തെ അപമാനിച്ചൊതുക്കാൻ കോപ്പുകൂട്ടുന്നവർ യൗസേപ്പിനെ കൺതുറന്നൊന്നു കാണണം. വിവാഹാലോചന കഴിഞ്ഞിരിക്കെ വിവാഹം ചെയ്യാനിരിക്കുന്നവൾ താനറിയാതെ ഗർഭവതിയായെന്നറിഞ്ഞൊരാളുടെ മാനസികാവസ്ഥയിൽ അവളെ അപമാനിതയാക്കാനിഷ്ടപ്പെടാത്ത, അവളുടെ ജീവിതം മരണശിക്ഷയ്ക്കു വിട്ടുകൊടുക്കാത്ത ഒരു നീതിമാൻ.

ഒരുപാട് ധ്യാനമണിക്കൂറുകൾ സമ്മാനിക്കുന്നുണ്ട് ഓരോ പുൽക്കൂടും!

മുതിർന്നവർക്കു മാത്രമല്ല. കളിപ്പാട്ടങ്ങൾക്കും കളിക്കൂട്ടുകാർക്കും പകരം കമ്പ്യൂട്ടർ ഫൈറ്റിങ് ഗെയിംസിസുകളിലൂടെയും കളിത്തോക്കുകളിലൂടെയും നവമാധ്യമദുഷിപ്പുകളിലൂടെയും വിഷവിചാരങ്ങളുമായി വാടി വിരിഞ്ഞു വരുന്ന സകല കുഞ്ഞുങ്ങൾക്കും കൂടിയുള്ള സ്വർഗത്തിന്റെ സന്ദേശമാണ് ഈ ക്രിസ്തുമസ്. മനുഷ്യക്കുഞ്ഞായ ദൈവത്തെ മനുഷ്യക്കുഞ്ഞുങ്ങളും സ്വന്തമാക്കണം. തുടക്കത്തിൽ പറഞ്ഞ കഥയിലെന്നവണ്ണം പാവക്കുട്ടിയെപ്പോലെ ചേർത്ത് പിടിക്കുന്ന ഒരു മൃദുല ദൈവം കുഞ്ഞുന്നാളിൽ മുതൽ ഉള്ളിൽ കുടിയിരിക്കണമെങ്കിൽ തിരുപ്പിറവിയുടെ ഓർമ പുതുക്കൽ ഇനിയും നിലനിൽക്കണം. അതിനായ് പുൽക്കൂടുകൾ ഇനിയും ധ്യാനിക്കപ്പെടണം!

കച്ചവട ലോകം കാശു വാരാൻ കണ്ടെത്തുന്ന ക്രിസ്തു ജനനമോർമിപ്പിക്കാത്ത ക്രിസ്തുമസ് ആചാരങ്ങൾ കൊണ്ടും ഉണ്ണിമിശിഹായില്ലാത്ത 'സീസണൽ ഗ്രീറ്റിങ്സ്' കൊണ്ടും നമ്മുടെ ക്രിസ്തുമസ് നിർജീവമാകാതിരിക്കട്ടെ. മനസ്സിന് മുറിവേൽക്കാത്ത ബാല്യം നമ്മുടെ ക്രിസ്തുമസ് ആചാരങ്ങൾക്കുമപ്പുറം കുഞ്ഞുങ്ങൾക്ക് ഉറപ്പു വരുത്താനാകട്ടെ. ജീവനില്ലാത്ത ഉണ്ണി രൂപങ്ങളിൽനിന്നും ജീവനുള്ള യേശുരൂപങ്ങളിലേക്ക് – മനുഷ്യജീവിതങ്ങളിലേക്ക് മനസ്സ് എത്തിച്ചുചേർക്കേണ്ട ചൈതന്യമാണ് ക്രിസ്തുമസ് എന്ന തിരിച്ചറിവോടെ ഓരോ ക്രിസ്തുമസും ആഘോഷിക്കപ്പെടട്ടെ.

എല്ലാ പ്രിയ വായനക്കാർക്കും എഴുത്തുകാർക്കും അഭ്യുദയകാംക്ഷികൾക്കും കാരുണികൻ കുടുംബത്തിന്റെ ക്രിസ്തുമസ് ആശംസകൾ സ്നേഹപൂർവം നേരുന്നു.

**മിഖാസ് കൂട്ടുങ്കൽ**
ചീഫ് എഡിറ്റർ
www.michaskoottumkal.in

www.malankaralibrary.com

# ഉള്ളടക്കം

പുസ്തകം 19 ലക്കം 12
2022 ഡിസംബർ




ഡിസംബർ മാസത്തിന്റെ പുണ്യമായ ക്രിസ്തുമസ് ആണ് ഈ ലക്കം കാരുണികനിലെ പ്രതിപാദ്യവിഷയം.

രക്ഷാധികാരി
ഡോ. ജോസഫ് കൈപ്പയിൽ MCBS
പ്രൊവിൻഷ്യൽ സുപ്പീരിയർ
എം.സി.ബി.എസ്. പരംപ്രസാദ് പ്രവിശ്യ

സഹരക്ഷാധികാരി
ഫാ. ആന്റോ പുതുവ MCBS

പത്രാധിപർ
ഫാ. മിഖാസ് കൂട്ടുങ്കൽ MCBS

എക്സിക്യൂട്ടീവ് എഡിറ്റർ
ജോസ് ക്ലെമന്റ്

പത്രാധിപസമിതി
ഡോ. സ്റ്റാൻലി മാതിരപ്പിള്ളി
ഡോ. മാത്യു ഇല്ലത്തുപറമ്പിൽ
ഡോ. ജി. അയ്യനേത്ത്
ഡോ. മേരി മെറ്റിൽഡ
ഡോ. മാത്യു ഓലിക്കൽ
ഡോ. കുര്യാസ് കുമ്പളക്കുഴി
ഡോ. ഗാസ്പർ സന്ന്യാസി

ഫിനാൻസ് മാനേജർ
ഫാ. ജോൺ പോൾ
തെക്കുംചേരിക്കുന്നേൽ MCBS

ഓർഗനൈസിംഗ് അസിസ്റ്റൻസ്
ഫാ. ജോജോ കന്നപ്പിള്ളി MCBS

അക്ഷരവിന്യാസം
നിഷ ബിനു

കവർ & രൂപകല്പന
അബ്ദു നെല്ലിമറ്റത്തിൽ

വിലാസം:
എഡിറ്റർ, കാരുണികൻ
പെരുമാനൂർ പി. ഒ.,
എറണാകുളം – 682 015
ഫോൺ : 0484 – 2663933, 2664733,
9995802006
e-mail : magazinekarunikan@gmail.com
website: www.karunikan.com

ഒരു എം.സി.ബി.എസ്.
പരംപ്രസാദ് പ്രസിദ്ധീകരണം



## കവർസ്റ്റോറി

09 തിരുപ്പിറവിയുടെ തിരുവചനസൂചനകൾ
15 നിങ്ങൾക്കായി ഒരു രക്ഷകൻ
20 മനുഷ്യാവതാരം ദൈവമനുഷ്യസമാഗമത്തിന്റെ പൂർണതയും പാരമ്യവും
25 ക്രിസ്തുമസിന്റെ മാറുന്ന ഓർമകൾ
29 ഹൃദയങ്ങളിൽ ഈശോ പിറക്കുന്ന ക്രിസ്തുമസ്കാല നന്മകൾ!



## ക്രൈസ്തവം

36 എക്സ്ട്രാമൈൽ പോകുന്ന ഇടയൻ
41 പുൽക്കൂട്ടിലെ താരാട്ടുകാരൻ

## സാമൂഹികം



46 വാളമീൻ കല്പിക്കുന്നു
48 ജയ ജയ ജയ ജയ ഹേ

03 എഡിറ്റോറിയൽ
33 ചരിത്രവും ചരിത്രപഠനങ്ങളും – V

www.karunikan.com

www.malankaralibrary.com



# നിർദേശങ്ങൾ; പ്രതികരണങ്ങൾ

വായനക്കാരുടെ ക്രിയാത്മകമായ പ്രതികരണങ്ങളെ ബഹുമാനത്തോടെ അവതരിപ്പിക്കുകയാണ് ഈ കോളത്തിലൂടെ. കാരുണികനിലെ ഏതൊരു വിഷയത്തെക്കുറിച്ചും തുറന്ന ആശയപ്രകടനങ്ങൾ നടത്തുന്നത് സ്വാഗതാർഹമാണ്. അത് വായനക്കാരുടെ നിർദേശങ്ങളാകാം; പ്രതികരണങ്ങളാകാം. പൂർണപ്രതിപക്ഷ ബഹുമാനത്തോടെ സഭ്യമായ രീതിയിൽ അവ ഉൾക്കൊള്ളിക്കാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. *– പത്രാധിപർ*

## ഒരുനാൾ വരുന്ന മരണോർമ്മ

ആഗോള ക്രൈസ്തവസമൂഹം മരണചിന്തകൾ കൊണ്ട് ധന്യമാക്കുന്ന മാസമായിരുന്നു നവംബർ. മനുഷ്യൻ ജനിച്ചാൽ ഒരിക്കൽ മരിക്കുമെന്ന സത്യത്തെ അനുസ്മരിച്ചുകൊണ്ട് ജീവിതത്തിന്റെ ഈ അന്ത്യയാത്രയെ സദ്ചിന്തകൾകൊണ്ട് ധന്യമാക്കിയ ഒരു ലക്കമായിരുന്നു നവംബറിൽ പ്രസിദ്ധീകൃതമായ 'മരണം വരും ഒരുനാൾ' ലക്കം. മരണത്തെ വിവിധ വീക്ഷണ കോണുകളിലൂടെ ഗഹനമായ ചിന്തകളാൽ സമൃദ്ധമാക്കിയ ഈടുറ്റ ലേഖനങ്ങളായിരുന്നു പ്രസ്തുത ലക്കത്തിൽ. മരണത്തിന്റെ പഴയനിയമ കാഴ്ചപ്പാടും പുതിയനിയമ കാഴ്ചപ്പാടും ആധികാരികമായി വെളിപ്പെടുത്തപ്പെട്ടപ്പോൾ അറിവുകൾ മാത്രമല്ല, തിരിച്ചറിവുകൾ കൂടി ലഭ്യമാകുകയായിരുന്നു.

മരണവുമായി ബന്ധപ്പെട്ട സംശയങ്ങളുടെ മാറാലയായി കിടന്നിരുന്ന ഒട്ടനവധി ചോദ്യങ്ങൾക്കുള്ള ഉത്തരമാണ് സെബാസ്റ്റ്യൻ ചാലക്കലച്ചന്റെയും സ്കറിയ കുന്നേലച്ചന്റെയും ലേഖനങ്ങളിലൂടെ ഉൾക്കൊള്ളാനായത്. കേരളത്തിന്റെ നാലതിരുകൾക്കുള്ളിൽ നടക്കുന്ന മരണത്തിന്റെയും മൃതസംസ്കാരങ്ങളുടെയും ആചാരങ്ങൾക്കുമപ്പുറം വിവിധ ഭൂഖണ്ഡാടിസ്ഥാനത്തിൽ മരണാനന്തര കർമങ്ങളെയും അനുഷ്ഠാനങ്ങളെയും അനാവരണം ചെയ്തപ്പോൾ മരണത്തെയും മരണാനന്തര ജീവിതത്തെയുംകുറിച്ച് ഗഹനമായി ചിന്തിക്കാനും ഉണർവുള്ളവരാകാനും സാധിച്ചു.

ഒരുമയിൽ കഴിയുന്ന കുടുംബാംഗങ്ങൾ തമ്മിൽ ഗൃഹനാഥന്റെയോ നാഥയുടെയോ വേർപാടോടുകൂടി സാമ്പത്തിക ക്രയവിക്രയങ്ങളുടെയും സ്വത്തുതർക്കത്തിന്റെയും പേരിൽ നടക്കുന്ന അന്തഃഛിദ്രങ്ങൾക്ക് ഇടവരാതിരിക്കാൻ കാലേക്കൂട്ടി ചെയ്തുവയ്ക്കേണ്ടുന്ന ചില ഉത്തരവാദിത്വങ്ങളെയും കടമകളെയുംകുറിച്ച് അഡ്വ. ഷെറി ജെ. തോമസ് നൽകിയ വിവരണാത്മകമായ നിർദേശങ്ങൾ കുടുംബസമാധാനത്തിനും സഹോദര ഐക്യത്തിനും കാരണമായിത്തീരാൻ ഉപകരിക്കുന്നതാണ്. ജീവിച്ചിരിക്കേ അധ്വാനിച്ചു സമ്പാദിക്കുന്ന സ്വത്തുക്കൾ തർക്കവിതർക്കങ്ങളുടെപേരിൽ വലിയ അസ്വസ്ഥതകൾക്കിടയാക്കിക്കൊണ്ടിരിക്കുന്നത് ഇന്ന് പതിവു കാഴ്ചകളും സംഭവങ്ങളുമാണ്. നിസ്സാരമായി തള്ളിക്കളയുന്ന ചില കടമകൾ കൃത്യമായി ചെയ്തുവച്ചുകഴിഞ്ഞാൽ അത് നൽകുന്ന സമാധാനം അനന്തമാണ്. മരണത്തെയും മരണാനന്തര ജീവിതത്തെയും കുറിച്ച് ജീവിക്കുന്നവരെ ഓർമപ്പെടുത്തുന്ന നല്ലൊരു പാക്കേജിലാണ് നവംബർ ലക്കം അണിയിച്ചൊരുക്കിയിരിക്കുന്നതെന്ന് നിസ്സംശയം പറയാം. അഭിനന്ദനങ്ങൾ.

**ജോസഫ് പാറേക്കാടൻ**
*ചാലക്കുടി*

## വലയും വള്ളവും

കാരുണികൻ ഒക്ടോബർ ലക്കം 'തിരയും തീരവും'– ഇതിലൂടെ കടലിന്റെ മക്കളുടെ രോദനത്തിന്റെ അക്ഷരചാർത്തുകൊണ്ട് സാമൂഹിക പ്രതിബദ്ധതയുടെ മാധ്യമസ്വരമാണ് ശ്രവിക്കാനായത്. മോൺ. യൂജിൻ എച്ച്. പെരേര തന്റെ ലേഖനത്തിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ തീരദേശവാസികളെ തങ്ങളുടെ ജന്മഭൂമിയിൽ നിന്ന് ആട്ടി പായിക്കാനുള്ള നിഗൂഢ നീക്കങ്ങൾക്ക് കളമൊരുക്കുകയാണ് വിഴിഞ്ഞം അന്തരാഷ്ട്ര തുറമുഖ വികസന പദ്ധതിയിലൂടെ. വള്ളവും വലയുമായി തിരയോട് മല്ലടിച്ചു ഉപജീവനം തേടുന്ന പാവപ്പെട്ട ജനങ്ങളോട് എന്തിന് ഈ ക്രൂരത? കേരളം ഒരു ഭ്രാന്താലയമെന്ന് സ്വാമി വിവേകാനന്ദൻ വിശേഷിപ്പിച്ചത് എത്രയോ വാസ്തവമെന്ന് ഇപ്പോൾ

www.malankaralibrary.com

തോന്നിപോകുന്നു. വികസനത്തിന്റെ മറപിടിച്ച് സ്വപ്നപദ്ധതികളിൽ പാവം ജനങ്ങളെ ആകൃഷ്ടരാക്കി ഇപ്പോൾ മോഹാലസ്യപ്പെട്ട് കിടക്കുന്ന ഒരു ജനത നമ്മുക്കിടയിലുണ്ട്. മനുഷ്യൻ പ്രകൃതിയോട് ചെയ്യുന്ന ക്രൂരതക്ക് ഉടൻ മറുപടി കിട്ടാൻ തുടങ്ങിയിട്ട് വർഷങ്ങളായി. എന്നിട്ടും അധികാരികൾ കണ്ണു തുറക്കാതെ പെരുമാറുന്നതെന്തുകൊണ്ട്? തീരശോഷണം തുടർക്കഥയായിട്ടും അത് തങ്ങളെ ബാധിക്കുന്നതല്ലായെന്നും അധികാരത്തിന്റെ കസേര ഒരുക്കിത്തന്ന വോട്ടർമാരായ പാവപ്പെട്ട ജനങ്ങളെയും അവരുടെ ജീവിത സാഹചര്യങ്ങളെയും മാത്രം ബാധിക്കുന്ന ഒരു വിഷയമായി കണ്ട് നിസ്സംഗത പുലർത്തുന്ന ഭരണകൂടത്തെയാണ് കാണാൻ സാധിക്കുന്നത്. ഈ അധികാരിവർഗം നിസ്സംഗത വിട്ട് ഊർജസ്വലരായി നീതിയും ന്യായവും ഒരേപോലെ നടപ്പിലാക്കുന്ന ഒരവസ്ഥ എന്ന് സംജാതമാകും?

സാമ്പത്തികവും പാരിസ്ഥിതികവും സാമൂഹികവും ജൈവ വൈവിധ്യമാർന്നതുമായ എല്ലാ ആവാസ വ്യവസ്ഥയെയും ഒരേപോലെ ബാധിക്കുന്ന തീരശോഷണം ഗൗരവമേറിയ പ്രശ്നമായി കരുതി ഭരണകൂടം തക്കതായ നടപടികൾ കൈക്കൊണ്ടില്ലെങ്കിൽ തീരദേശവാസികളുടെ മാത്രമല്ല കേരള ജനതയുടെ മുഴുവൻ രോദനവും കാണേണ്ടിവരുന്ന കാലം അധിക വിദൂരത്തല്ല. ചെറിയ സമ്പന്ന ന്യൂനപക്ഷത്തിന്റെ വികസന മേലാപ്പ് ഒരുക്കുന്നതിന് ദരിദ്ര ഭൂരിപക്ഷത്തെ ബലിയാടാക്കുന്ന കാഴ്ചകളാണ് ഇന്ന് ലോകത്തെവിടെയും കാണുന്നത്. ജലരേഖയാകുന്ന വികസന വാഗ്ദാനങ്ങളെ നേർരേഖയിലേക്ക് കൊണ്ടുവന്ന് അത് സാധിച്ചു കൊടുക്കുന്ന ജനങ്ങൾക്കുവേണ്ടിയുള്ള ഗവൺമെന്റാണ് തങ്ങളെന്ന് തെളിയിച്ചു കൊടുക്കാനുള്ള വെല്ലുവിളി അധികാരികൾ ഏറ്റെടുക്കട്ടെ. ഈ തീരദേശ നിവാസികളുടെ കണ്ണീരൊപ്പാൻ വിവേചനാപരമായ തീരുമാനം ഗവൺമെന്റിന്റെ ഭാഗത്ത് നിന്നുണ്ടാകട്ടെ. നേരോടെ നിർഭയത്വത്തോടെ ആനുകാലിക പ്രശ്നങ്ങൾ ആർജവത്തോടെ വായനക്കാരിലേക്ക് എത്തിക്കുന്ന കാരുണികന് നന്ദി.

**സി. മോളി വി.ഡി.**

*ഹെഡ്മിസ്ട്രസ്, ഔവർ ലേഡീസ് കോൺവന്റ് ഗേൾസ് ഹൈസ്കൂൾ, പള്ളുരുത്തി*

## തീരത്തിന്റെ സുവിശേഷം

നൂറു ദിനങ്ങൾ പിന്നിട്ട് ഒരു ഐതിഹാസിക സമരം നയിക്കുന്ന കടലിന്റെ മക്കളുടെ രോദനത്തിന്റെ അലയടികൾ ഉയർത്തിയ കാരുണികന്റെ ഒക്ടോബർ ലക്കം ശ്രദ്ധേയമായി. ഒരു നിസ്സഹായ ജനതയുടെ ജീവന്മരണ പോരാട്ടത്തെ ഒരു ദൈവശാസ്ത്ര മാസിക അക്ഷരങ്ങൾകൊണ്ട് മുത്തമിട്ടപ്പോൾ അതിന്റെ പ്രതിധ്വനി അനന്തവിശാലമായി അലയടിക്കുമെന്നതിൽ ഒരു സംശയവുമില്ല. വർത്തമാനകാലത്തിലെ വികസന മുന്നേറ്റങ്ങളിൽ ചവിട്ടി മെതിക്കപ്പെടുന്ന ഒരു മർദ്ദക ജനതയുടെ കണ്ണീരിൽ പങ്കുചേർന്ന കാരുണികന്റെ നിലപാടുകളെ ശ്ലാഘിക്കുകയാണ്.

വചനം പങ്കുവയ്ക്കുന്നതു മാത്രമല്ല സുവിശേഷവും സദ്വാർത്താവിളംബരവുമെന്ന ഉദ്ഘോഷണമാണ് കാരുണികന്റെ 'തിരയും തീരവും' വിളംബരം ചെയ്തത്. നിലവിളിക്കുന്നവന്റെ കണ്ണീരൊപ്പുന്നതും അവരുടെ പക്ഷംചേർന്ന് നീതിക്കുവേണ്ടി തോളോടു തോൾചേർന്ന് പാർശ്വവല്കൃതരുടെ കൂടപ്പിറപ്പാകുന്നതിലും കവിഞ്ഞ് മറ്റെന്തു വിശേഷണമാണ് നല്ല വിശേഷമായി പറയാനുള്ളത്. ഈ തിരിച്ചറിവ് ഒരു മാധ്യമമെന്ന നിലയിൽ കാരുണികന്റെ അണിയറപ്രവർത്തകർ ഭംഗിയായി നിർവഹിച്ചിരിക്കുന്നു.

പരിസ്ഥിതി പ്രവർത്തകനായ സി. ആർ. നീലകണ്ഠന്റെ 'വികസനത്തിന്റെ ഇരുപുറത്തും നിൽക്കുന്നവര്' എന്ന ലേഖനം ശ്രദ്ധേയമായിരുന്നു. ന്യൂനപക്ഷ വിഭാഗത്തിന്റെ ഉന്നതിക്കായി ഭൂരിപക്ഷ ജനതയെയും അവരുടെ മൗലിക അവകാശങ്ങളെപ്പോലും ഉന്മൂലനം ചെയ്യുന്ന വികസന പ്രവർത്തനങ്ങളെ കാര്യകാരണസഹിതം അദ്ദേഹം പ്രതിപാദിച്ചിരിക്കുന്നു. തീരത്തിന്റെ പ്രശ്നങ്ങളും പ്രശ്നപരിഹാരത്തിനുള്ള ചൂണ്ടുപലകകളും സമഗ്രമായി പ്രതിപാദ്യവിഷയമാക്കാൻ എല്ലാ ലേഖകർക്കും കഴിഞ്ഞിട്ടുണ്ടെന്നുള്ളതും സ്തുത്യർഹമായ കാര്യമാണ്.

**പി. കെ. വിൻസന്റ് പാറക്കൽ**

*ചാത്തനാട്*

**കാരുണികൻ ഇ–മെയിൽ മാറ്റം ശ്രദ്ധിക്കുക**

കാരുണികന്റെ ഇ–മെയിലിൽ
വരുത്തിയ മാറ്റം പ്രിയവായനക്കാരും
വരിക്കാരും ശ്രദ്ധിക്കുമല്ലോ.
magazinekarunikan@gmail.com

www.malankaralibrary.com





# ദൈവം നമ്മോടുകൂടെ!

- തിരുപ്പിറവിയുടെ തിരുവചനസൂചനകൾ
  – റവ. ഡോ. ആന്റണി തറേക്കടവിൽ
- നിങ്ങൾക്കായി ഒരു രക്ഷകൻ
  – റവ. ഡോ. മൈക്കിൾ കാരിമറ്റം
- മനുഷ്യാവതാരം: ദൈവമനുഷ്യസമാഗമത്തിന്റെ പൂർണതയും പാരമ്യവും
  – റവ. ഡോ. ജോളി ഫിലിപ്പ് കരിമ്പിൽ
- ക്രിസ്തുമസിന്റെ മാറുന്ന ഓർമകൾ
  – ജോഷി ജോർജ്
- ഹൃദയങ്ങളിൽ ഈശോ പിറക്കുന്ന ക്രിസ്തുമസ്കാല നന്മകൾ!
  – ഫാ. മൈക്കിൾ കൂട്ടുങ്കൽ MCBS

ഡിസംബർ മാസമായതോടെ
നാടും നഗരവും നക്ഷത്രങ്ങളാലും
ദീപാലങ്കാരങ്ങളാലും
പ്രകാശപൂർണമായിരിക്കുന്നു.
കാരൾ സംഗീതത്തിന്റെ
അലകൾ ചുറ്റിലും ഉയരുന്നു.
കട കമ്പോളങ്ങൾ
വിലക്കിഴിവുകളാൽ
ഉപഭോക്താക്കളെയാകർഷിക്കുന്നു.
എല്ലാത്തിന്റെയും കാരണം
ഒന്നുതന്നെ – ക്രിസ്തുമസ്.

ക്രിസ്തുമസ്
ബൈബിളിലും ചരിത്രത്തിലും
നമ്മുടെ ഓർമകളിലും നിന്ന്
ചികഞ്ഞെടുത്ത്
പുറത്തുകൊണ്ടുവരാൻ
സഹായിക്കുകയാണ്
കാരുണികൻ ഈ ലക്കം
അക്ഷരപുൽക്കൂടിലൂടെ.

ക്രിസ്തുമസ് –
അർഥം, ആചാരം,
അന്തഃസ്സത്ത ഇവയിലൂടെ
ഒരു മിഴിയോട്ടം!

www.malankaralibrary.com

# തിരുപ്പിറവിയുടെ തിരുവചനസൂചനകൾ

**രക്ഷകനായ ഈശോയുടെ ജനനം – വിശുദ്ധ ഗ്രന്ഥത്താളുകളിൽ എങ്ങനെയൊക്കെ കണ്ടെത്താനാവുന്നുവെന്ന് പഴയനിയമത്തിലെ രക്ഷകന്റെ ജനനത്തെക്കുറിച്ചുള്ള തിരുവചന സൂചനകൾ, സുവിശേഷങ്ങളിലെയും ലേഖനങ്ങളിലെയും തിരുപ്പിറവിയുടെ പരാമർശങ്ങൾ, സഭയുടെ വളർച്ചാഘട്ടത്തിൽ സംഭവിച്ച കാര്യങ്ങൾ എന്നിവ കോർത്തിണക്കി സമഗ്രവും ലളിതവുമായി അവതരിപ്പിക്കുന്ന ലേഖനം.**



**റവ. ഡോ. ആന്റണി തറേക്കടവിൽ**
*പ്രൊഫസർ, ഗുഡ്ഷെപ്പേർഡ് മേജർ സെമിനാരി, കുന്നോത്ത്*

## ഉത്തരാധുനികതയുടെ ചോദ്യങ്ങൾ

നാം ജീവിക്കുന്നത് ഉത്തരാധുനിക യുഗത്തിൽ അല്ലെങ്കിൽ സത്യാനന്തരയുഗത്തിലാണ് എന്നാണല്ലോ പറയുന്നത്. ഇന്നുവരെയും ആളുകൾ ചോദ്യം ചെയ്യാതെ സത്യമായി അംഗീകരിച്ചിരുന്നതിനെയെല്ലാം ചോദ്യംചെയ്യുക എന്നത് ഉത്തരാധുനികതയുടെ ഒരു പ്രത്യേകതയാണ്. ഈ പശ്ചാത്തലത്തിൽ പലരും ദൈവവചനമായ വിശുദ്ധബൈബിളിനെക്കുറിച്ചും ക്രിസ്തു സംഭവത്തെക്കുറിച്ചുമെല്ലാം സംശയങ്ങളും ചോദ്യങ്ങളും ഉന്നയിക്കാറുണ്ട്. ക്രിസ്തുമസ്കാലത്ത് ഈ ചോദ്യങ്ങളുടെ തിരകൾ ആഞ്ഞടിക്കുകയും ചെയ്യും.

പഴയനിയമത്തിൽ രക്ഷകനെക്കുറിച്ച് പറഞ്ഞിട്ടുണ്ടോ? ഈശോയെക്കുറിച്ച് വിവരിച്ചപ്പോൾ സുവിശേഷകന്മാർ അവിടുത്തെ ജീവിതം പഴയനിയമത്തിനനുസരിച്ച് വിവരിച്ചതുകൊണ്ടല്ലേ ഇന്നുള്ള വിധത്തിൽ അവ കാണപ്പെടുന്നത്? ഒരേകാര്യം വിവരിക്കുമ്പോൾ തന്നെ (ഉദാ. ക്രിസ്തുവിന്റെ ജനനത്തെക്കുറിച്ചുള്ള വിവരണങ്ങൾ) സുവിശേഷങ്ങൾ വ്യതിരിക്തമായിരിക്കുന്നത് എന്തുകൊണ്ടാണ്? എന്നൊക്കെയുള്ള ചോദ്യങ്ങൾ ചില മനുഷ്യർ ചോദിക്കുന്നു.

സുവിശേഷങ്ങൾ വിവരിക്കുന്നവ മനസ്സിലാകണമെങ്കിൽ എന്നാണ് പഴയനിയമത്തിലെ പ്രവചനങ്ങൾ എഴുതപ്പെട്ടത്? എന്നാണ് ഈശോ ജീവിച്ചിരുന്നത്? എന്നാണ് വിശുദ്ധ ബൈബിളിലെ ഗ്രന്ഥങ്ങൾ എഴുതപ്പെട്ടത്? എന്നാണ് അവ ഔദ്യോഗികമായി സഭയുടേതായി അംഗീകരിക്കപ്പെട്ടത്? എന്നാണ് അവ എല്ലാം ചേർന്ന് ഒരു ഗ്രന്ഥരൂപത്തിലായത്? എന്നതിനെക്കുറിച്ചെല്ലാം വ്യക്തമായ ധാരണ ഉണ്ടായിരിക്കണം. പലരുടെയും ചിന്ത യേശുക്രിസ്തുവിന്റെ കാലശേഷം ഉടനെ ബൈബിളിലെ പുതിയ നിയമഗ്രന്ഥങ്ങൾ ഇന്നത്തെ രൂപത്തിൽ ഒരു ഗ്രന്ഥമായി സഭക്ക് ലഭിച്ചുവെന്നാണ്. ആ ധാരണയിലാണ് ചില ക്രിസ്ത്യാനികളടക്കം പലരും പൊള്ളയായ ചില വാദമുഖങ്ങൾ ഉന്നയിക്കുന്നതും.

## ക്രിസ്തുവിനെക്കുറിച്ചുള്ള വി. ബൈബിളിലെ പ്രവചനങ്ങൾ

കർത്താവിന്റെ ജനനത്തിനുമുമ്പേ അതായത് പഴയനിയമത്തിൽ പലയിടത്തും രക്ഷകന്റെ ആഗമനത്തെക്കുറിച്ച് പ്രവചനങ്ങളുണ്ടായിരുന്നു.

www.malankaralibrary.com



സാത്താന്റെ തലതകർക്കാനായി ജനിക്കാനിരിക്കുന്ന ഹവ്വയുടെ (സ്ത്രീയുടെ) പുത്രനെക്കുറിച്ചും (ഉത്പ 3:15), ലോകത്തിലെ എല്ലാ ജനതകളെയും അനുഗൃഹീതരാക്കാനിരിക്കുന്ന അബ്രാഹത്തിന്റെ പുത്രനെക്കുറിച്ചും (ഉത്പ 22:14; കാണുക ഗലാ 3:16), യൂദായുടെ (ദാവീദിന്റെ) വംശത്തിൽനിന്ന് ഭാവിയിൽ ജനിക്കാനിരിക്കുന്ന രാജാവിനെക്കുറിച്ചും (സംഖ്യ 24:17; 2സാമു 7:12-16; ഏശ 7:14; 9:6-7; 11:1-4; കാണുക ലൂക്കാ 1:32-35) ആ രാജാവ് ജനിക്കാനിരിക്കുന്ന സ്ഥലത്തെക്കുറിച്ചും (മിക്ക 5:2) ദൈവം സ്ഥാപിക്കാനിരിക്കുന്ന പുതിയ ഉടമ്പടിയെക്കുറിച്ചും (ജറെ 31:31-33; എസെ 36:26-27) ദൈവപുത്രന്റെ പ്രവർത്തന രീതികളെക്കുറിച്ചും (ഏശ42:1-4; 49:1-6; 50:4-11; സക്ക 9:8-10; ജ്ഞാനം 2:12-16) അവിടുത്തെ പീഡാസഹനങ്ങളെക്കുറിച്ചും (ഏശ 53:1-12) അവിടുത്തെ മരണശേഷമുള്ള പുനരുത്ഥാനത്തെക്കുറിച്ചും (സങ്കീ 16:10: 1കോറി 15:4) ദൈവത്തിൽനിന്ന് അധികാരം സ്വീകരിച്ച് വാനമേഘങ്ങളിൽ ആഗതനാകാനിരിക്കുന്ന മനുഷ്യപുത്രനെക്കുറിച്ചും (ദാനി 7:13-14) എല്ലാം പ്രവചനങ്ങളുണ്ടായിരുന്നു. ഈ പ്രവചനങ്ങൾ വിശുദ്ധ ബൈബിളിന്റെ ഭാഗമായിരുന്നെങ്കിലും അവ പഴയ നിയമജനതക്ക് പൂർണമായി ഗ്രാഹ്യമായിരുന്നില്ല: ഉദാ. 'അവൻ നമ്മെ അധമരായി കരുതുന്നു. നമ്മുടെ മാർഗങ്ങൾ അശുദ്ധമെന്നപോലെ അവൻ അവയിൽ നിന്നൊഴിഞ്ഞുമാറുന്നു. നീതിമാന്റെ മരണം അനുഗൃഹീതമെന്ന് അവൻ വാഴ്ത്തുന്നു; ദൈവം തന്റെ പിതാവാണെന്ന് അഹങ്കരിക്കുകയും ചെയ്യുന്നു' (ജ്ഞാനം 2:16 കാണുക, സങ്കീ 110:1; 2സാമു 7:16; ഏശ 66:20-21).

## ചരിത്രപുരുഷനായ ക്രിസ്തു

യേശുക്രിസ്തുവിന്റെ ജനനം ഒരു ചരിത്രസംഭവമാണ്. ഈ സംഭവത്തെ അടിസ്ഥാനപ്പെടുത്തിയാണല്ലോ നാമിന്നും വർഷങ്ങൾ നിശ്ചയിക്കുന്നത്. മറ്റൊരു വ്യക്തിയ്ക്കുമില്ലാത്ത വിധത്തിൽ ക്രിസ്തുവിന്റെ ജീവിതത്തെയും മരണത്തെയുംകുറിച്ച് സമകാലികർ എഴുതിയ ചരിത്രരേഖകൾ സംലഭ്യമാണ് (താലെസ്, ഫ്ലെഗൻ, റ്റാസിറ്റസ്, സെറാപ്പിയോൺ, പ്ലീനി സെക്കൂസ്, സുവത്തോനിയൂസ്, സെറിനിയൂസ്, ലൂസിയൻ, സെൽസൂസ്, ഗാലൻ, ജോസഫുസ്മുതലായവരുടെ കൃതികൾ; ഇതോടൊപ്പം പുതിയ നിയമത്തിലേതടക്കം മറ്റ് ക്രിസ്തീയ ഗ്രന്ഥങ്ങളുമുണ്ട്).

www.malankaralibrary.com

ഈ ഭൂമിയിൽ രഹസ്യജീവിതത്തിന്റെ 30 വർഷങ്ങൾ അവിടുന്ന് ഒരു സാധാരണ മനുഷ്യനായി, മനുഷ്യനോട് എല്ലാവിധത്തിലും അനുരൂപപ്പെട്ടു കൊണ്ട്, ജീവിച്ചു; മുപ്പതാംവയസ്സിൽ പരസ്യജീവിതം ആരംഭിച്ചു. ഇക്കാലത്ത് അവിടുന്നു ദൈവപിതാവിനെക്കുറിച്ച് വളരെ വാചാലമായി പ്രസംഗിക്കുകയും തന്റെ ദൈവികശക്തി ഉപയോഗിച്ച് മറ്റാരും ചെയ്യാത്തവിധത്തിലുള്ള അനേകം അത്ഭുതങ്ങൾ ചെയ്യുകയും ചെയ്തു. ഇത് അവിടുത്തേക്ക് വലിയ ജനസമ്മിതി നൽകി.

ലോകത്തിൽ അന്നുവരെ ആരും പ്രസംഗിച്ചിട്ടില്ലാത്ത ഉന്നതമായ ആത്മീയത അവിടുന്ന് പ്രസംഗിച്ചു. മുമ്പ് കടന്നുപോയ പ്രവാചകന്മാരുടെ അതേ പാത പിന്തുടരുന്നവയായിരുന്നു അവിടുത്തെ പ്രസംഗങ്ങൾ എങ്കിലും വിപ്ലവകരമായ പല പുതിയ ചിന്തകൾക്കും അവിടുന്ന് പ്രാരംഭംകുറിച്ചു (ജ്ഞാനം 2:12-16). പഴയനിയമകാലത്ത് പ്രവാചകന്മാരെല്ലാം ചിന്തിച്ചിരുന്നത് ഇസ്രയേലിന്റെ ഗോത്രജീവിതത്തിന്റെ പശ്ചാത്തലത്തിലാണ്. എന്നാൽ ദൈവപിതാവ് എല്ലാവരുടെയും സ്രഷ്ടാവും പിതാവും ആണെന്നും എല്ലാവരെയും അവിടുന്ന് സ്നേഹിക്കുന്നുവെന്നും അതുകൊണ്ടുതന്നെ മനുഷ്യർ പരസ്പരം വെറുക്കേണ്ടവരോ കൊല്ലേണ്ടവരോ അല്ല മറിച്ച് പരസ്പരം സ്നേഹിച്ചും സഹായിച്ചും പ്രാർഥിച്ചും ജീവിക്കേണ്ടവരാണെന്നും അവിടുന്ന് പഠിപ്പിച്ചു.

ദൈവരാജ്യം ഐഹികമല്ലെന്നും എല്ലാവരുടെയും പിതാവായ ദൈവം മനുഷ്യരക്ഷക്കുവേണ്ടി തന്റെ ഏകജാതനെ ബലികഴിക്കാൻമാത്രം മനുഷ്യരെ സ്നേഹിക്കുന്നുവെന്നും അവിടുന്ന് പഠിപ്പിച്ചു (യോഹ 3:16). മറ്റുള്ളവർ നിങ്ങളോട് ചെയ്യണമെന്നാഗ്രഹിക്കുന്നതെല്ലാം അവർക്കു ചെയ്തു കൊടുക്കണം; അതാണ് ദൈവികനിയമവും പ്രവാചകന്മാരും പഠിപ്പിക്കുന്നത് (മത്താ 7:12). അങ്ങനെ പഴയനിയമത്തിലെ പല ചിന്താഗതികളെയും അവിടുന്ന് തിരുത്തി. ഇത്രയുമായപ്പോൾ അദ്ദേഹം നിയമത്തെ തച്ചുടക്കാൻ വന്നവനാണോ എന്നൊരു ചിന്ത ചില കേൾവിക്കാരിൽ ഉടലെടുത്തു. നിയമത്തെയും പ്രവാചകന്മാരെയും ഇല്ലാതാക്കാനല്ല പൂർത്തിയാക്കാനാണ് താൻ വന്നത് എന്ന് അപ്പോൾ അവിടുന്ന് പറഞ്ഞു. കാരണം, മോശ നല്കിയതിനെക്കാൾ നവീകരിക്കപ്പെട്ട ഒരു നിയമം നൽകാനിരിക്കുന്ന വിമോചകനായ പ്രവാചകനെക്കുറിച്ച് പഴയനിയമത്തിൽ പ്രവചനമുണ്ടായിരുന്നു (കാണുക-നിയ 18:18).

തന്റെ വ്യക്തി പ്രാഭവത്തിലൂടെയും അത്ഭുതപ്രവൃത്തികളിലൂടെയും കരുണാമസൃണമായ സന്ദേശങ്ങളിലൂടെയും അവിടുന്ന് അനേകം ശിഷ്യരെ തന്നിലേക്കാകർഷിച്ചു. അവർക്ക് അവിടുത്തെ അനുഗമിക്കാൻ സന്തോഷമായിരുന്നു. അവരിൽ നിന്ന് ചിലരെ തന്റെ സഹപ്രവർത്തകരായി അവിടുന്ന് തിരഞ്ഞെടുത്തു. തങ്ങൾക്ക് രക്ഷകനായി വരാനിരിക്കുന്ന ഒരു അഭിഷിക്തനെക്കുറിച്ച് (രാജാവിനെക്കുറിച്ച്) യഹൂദമതവിശ്വാസികളുടെ ഇടയിൽ പ്രതീക്ഷകളുണ്ടായിരുന്നു (ഏശ 11:1). അതുകൊണ്ടുതന്നെ ക്രിസ്തുവിനെ പിഞ്ചെന്ന പലരും അവിടുത്തെ ഈ അഭിഷിക്തനായി കരുതിയിരുന്നു. കാലം മുന്നോട്ടുപോയി; പഴയനിയമത്തിലെ വചനങ്ങളനുസരിച്ച് താൻ പീഡസഹിക്കുകയും മരിക്കുകയും ഉയിർക്കുകയും ചെയ്യേണ്ടിയിരിക്കുന്നു എന്നവിടുന്ന് പറഞ്ഞു (മർക്കോ 8:31-38). ഇത് ഉൾക്കൊള്ളാൻ പലർക്കും കഴിഞ്ഞില്ല. തങ്ങളുടെ പ്രതീക്ഷകൾക്കൊത്ത് സംഭവിക്കേണ്ടതിനു പകരം ഈശോമിശിഹാ ഒരു കുറ്റവാളിയെപ്പോലെ ക്രൂശിക്കപ്പെട്ടപ്പോൾ അവരുടെ പ്രതീക്ഷകൾ അവസാനിക്കുകയും അവർ പിരിഞ്ഞുപോവുകയും ചെയ്തു. മാത്രമല്ല, യഹൂദരും റോമക്കാരും കുറ്റവാളിയായിക്കരുതിയ ഈശോയുടെ അനുയായികളെ ശത്രുക്കൾ പിടികൂടുമോ എന്ന ഭയം അവരെ ഞെട്ടിച്ചു. പുറത്തിറങ്ങാതെ രഹസ്യത്തിൽ കഴിഞ്ഞുകൂടാൻ ഇത് ശിഷ്യർക്ക് പ്രേരണനൽകി.

ഉത്ഥാനത്തിനുശേഷം അവിടുന്ന് ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെട്ടു. ഒരാൾക്കല്ല: മഗ്ദലേനമറിയത്തിനും പൗലോസിനുമെന്നപോലെ വ്യക്തിപരമായും, ശിഷ്യർക്കും പന്തക്കുസ്തായിലുമെന്നപോലെ പലപ്പോഴും ജനസമൂഹങ്ങൾക്കും അവിടുന്ന് പ്രത്യക്ഷപ്പെട്ടു. അവർ പ്രതീക്ഷിച്ചിരുന്ന, ദൈവവചനം പ്രവചിച്ചിരുന്ന, രക്ഷകനാണ് താനെന്ന് അവിടുന്ന് സാക്ഷ്യപ്പെടുത്തുകയും അത്ഭുതങ്ങളിലൂടെയും അടയാളങ്ങളിലൂടെയും തന്റെ ദൈവത്വം വീണ്ടും സ്ഥിരീകരിക്കുകയും ചെയ്തു. അന്നുവരെ അവർക്ക് അഗ്രാഹ്യമായിരുന്ന വചനഭാഗങ്ങൾ അപ്പോൾ അവർക്ക് മനസ്സിലായി (ലൂക്കാ 24:27-32). നിയമത്തെയും പ്രവാചകന്മാരെയും പൂർത്തിയാക്കാനാണ് അവിടുന്ന് വന്നത് എന്നവർ ഗ്രഹിച്ചു (മത്താ 5:17). കൂടാതെ ഈശോയിലൂടെ മാത്രമേ പഴയനിയമത്തെ പൂർണമായി മനസ്സിലാക്കാൻ കഴിയുകയുള്ളു എന്നും അവർക്കു ബോധ്യമായി. കാര്യമായ വിദ്യാഭ്യാസമൊന്നുമില്ലാതിരുന്ന ശിഷ്യന്മാർ കാര്യത്തിന്റെ

www.malankaralibrary.com

നിജസ്ഥിതി അപ്പോൾ ഗ്രഹിച്ചെങ്കിലും യഹൂദരോടും റോമാക്കാരോടുമുള്ള ഭയം നിമിത്തം രഹസ്യമായി പ്രാർഥനയിൽ കഴിഞ്ഞുകൂടി.

## പന്തക്കുസ്തായും ആദിമസഭയും

ഈസാഹചര്യത്തിലാണ്പന്തക്കുസ്താസംഭവിക്കുന്നത്. അവർ ധൈര്യമുള്ളവരായിത്തീർന്നു എന്നു മാത്രമല്ല ദൈവികസത്യങ്ങളെക്കുറിച്ചും ത്രിത്വ രഹസ്യത്തെക്കുറിച്ചും രക്ഷാകരപദ്ധതിയെക്കുറിച്ചും ക്രിസ്തുവിന്റെ ദൈവത്വത്തെക്കുറിച്ചും ബോധ്യമുള്ളവരായി മാറി. അതുകൊണ്ടുതന്നെയാണ് ഈശോ ക്രൂശിക്കപ്പെട്ട ജറുസലെമിൽത്തന്നെയും തങ്ങൾ അന്നുവരെ ഭയന്നിരുന്ന യഹൂദമതാധികാരികളുടെയും റോമൻ അധികാരികളുടെയും മുന്നിൽ ആ ദിവസങ്ങളിൽത്തന്നെ രക്ഷകനായ ക്രിസ്തുവിനെ പരസ്യമായി പ്രസംഗിക്കാൻ അവർക്ക് കഴിഞ്ഞത്. പലപ്പോഴും അവർ പീഡിപ്പിക്കപ്പെട്ടു, എങ്കിലും ക്രിസ്തു ദൈവവും രക്ഷകനുമാണെന്ന് അനുഭവിച്ചറിഞ്ഞ അവരുടെ ബോധ്യത്തെ തകർക്കാൻ ആർക്കും കഴിഞ്ഞില്ല.

ആയിരങ്ങൾ ജറുസലെമിൽത്തന്നെ മാനസാന്തരപ്പെട്ടു. ഭൗതിക ദൃഷ്ടിയിൽ നന്മയായത് ഒന്നുംതന്നെ വാഗ്ദാനംനൽകാൻ ഉണ്ടായിരുന്നില്ലെങ്കിലും ദൈവികപദ്ധതിയുടെ ഭാഗവും പൂർണസത്യവുമായതിനാൽ അനേകായിരങ്ങൾ ക്രിസ്തുവിനെ രക്ഷകനായി സ്വീകരിച്ചു. ശിഷ്യന്മാർ മാത്രമല്ല അവരിൽ നിന്ന് വിശ്വാസം സ്വീകരിച്ചവരെല്ലാം ക്രിസ്തുവിന്റെ ദൈവത്വം പ്രഘോഷിച്ചു. ഭൗതികമായ യാതൊരു നന്മയും അവർ വാഗ്ദാനം ചെയ്തില്ല; മറിച്ച് ക്രിസ്തുവിനെ സ്വീകരിച്ചവർക്ക് മരണമാണ് മതമർദ്ദനത്തിന്റെ ആദ്യനൂറ്റാണ്ടുകളിൽ പ്രതീക്ഷിക്കാനുണ്ടായിരുന്നത്. പക്ഷേ, ദൈവത്തിന്റെ രക്ഷാകര പദ്ധതിയായതിനാൽ അത് ഒന്നാംനൂറ്റാണ്ടിൽത്തന്നെ വളർന്ന് ലോകമെമ്പാടും വ്യാപിച്ചു. ഇത് പടയോട്ടങ്ങളിലൂടെ സംഭവിച്ച മാറ്റമായിരുന്നില്ല.

ഉദാഹരണമായി, താർസൂസിൽ ജനിച്ച് ഡമാസ്കസിൽവച്ച് മാനസാന്തരപ്പെട്ട് സിറിയയിലെ അന്തിയോക്കിയാ പ്രവർത്തനകേന്ദ്രമാക്കിയ ശേഷം റോമാസാമ്രാജ്യത്തിലുടനീളം തന്റെ പ്രേഷിത യാത്രകളിലൂടെ മാനസാന്തരങ്ങൾ നടത്തുകയും മറ്റു സഭകൾക്കെന്നപോലെ റോമയിലെ സഭക്കുവരെ ലേഖനമെഴുതുകയും ചെയ്ത പൗലോസ് റോമയിലെ കാരാഗൃഹത്തിൽ വച്ച് രക്തസാക്ഷിയായാണ് മരിച്ചത് (64 AD). ഒന്നാംനൂറ്റാണ്ടിലെഴുതപ്പെട്ട പൗലോ

**ക്രിസ്തുവിനെ സ്വീകരിച്ചവർക്ക് മരണമാണ് മതമർദ്ദനത്തിന്റെ ആദ്യനൂറ്റാണ്ടുകളിൽ പ്രതീക്ഷിക്കാനുണ്ടായിരുന്നത്. പക്ഷേ, ദൈവത്തിന്റെ രക്ഷാകര പദ്ധതിയായതിനാൽ അത് ഒന്നാംനൂറ്റാണ്ടിൽത്തന്നെ വളർന്ന് ലോകമെമ്പാടും വ്യാപിച്ചു.**

സിന്റെ ഈ ലേഖനങ്ങൾ സഭ ഒന്നാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽത്തന്നെ ലോകമെമ്പാടും (യൂറോപ്പിലും ഏഷ്യയിലും ആഫ്രിക്കയിലും) പടർന്നു പന്തലിച്ചതിന്റെ തെളിവാണ്. അപ്പസ്തോലന്മാർ സഭാസമൂഹങ്ങളെ വിശ്വാസത്തിൽ ഉറപ്പിച്ചുകൊണ്ടും അവരുടെ ചോദ്യങ്ങൾക്ക് മറുപടി നൽകിക്കൊണ്ടും ലേഖനങ്ങൾ എഴുതി (പൗലോസിന്റേത് 51-63 AD). ഇന്നത്തേതുപോലെ സ്വാതന്ത്ര്യം ഇല്ലാതിരുന്നിട്ടും സഭ വളർന്നുകൊണ്ടിരുന്നു.

## സുവിശേഷങ്ങളുടെ ഉത്ഭവം

അപ്പസ്തോലിക കാലംകഴിഞ്ഞപ്പോൾ ക്രിസ്തുവിനെ നേരിട്ട് ശ്രവിച്ചിട്ടില്ലാത്ത ആളുകളാണ് പ്രഘോഷണങ്ങൾ നടത്തിയിരുന്നത്. ക്രിസ്തുവിനെക്കുറിച്ചുള്ള സഭയിലെ സജീവമായ ഓർമകൾ വിസ്മരിക്കപ്പെട്ടുപോകാവുന്ന ഒരു സാഹചര്യം ജന്മമെടുത്തു. കൂടാതെ പലരുടെയും പ്രഘോഷണങ്ങളിൽ ചെറിയ മാറ്റങ്ങൾ സംഭവിച്ചു തുടങ്ങി. അപ്പോൾ ക്രിസ്തുവിന്റെ പ്രഘോഷണങ്ങളുടെയും സന്ദേശത്തിന്റെയും പ്രവർത്തനങ്ങളുടെയും ഒരു സംഗ്രഹം അനിവാര്യമായി പലർക്കും തോന്നി (സുവിശേഷം). കൂടാതെ വിശ്വസത്തിലേക്ക് ആളുകളെ ക്ഷണിക്കാനും ഒരു സാഹിത്യകൃതിയിലൂടെ സുവിശേഷമറിയിക്കാനുമുള്ള ആഗ്രഹം പലരിലും ജന്മമെടുത്തു.

ഓരോ സുവിശേഷകനും ഓരോ സഭാസമൂഹത്തിന്റെ ഭാഗമായിരുന്നു: അതായത് ക്രിസ്തുവിന്റെ

www.malankaralibrary.com

ശിഷ്യന്മാരോ അവരുടെ ശിഷ്യന്മാരോ പ്രഘോഷിച്ചത് കേട്ട് അത് സ്വീകരിച്ച് വളർന്നുവന്ന സഭയുടെ ഭാഗം. ഒരു ഗുരുവിന്റെ 12 ശിഷ്യന്മാർ ആ ഗുരുവിനെക്കുറിച്ച് ദീർഘനേരം സംസാരിച്ചാൽ അവർ എത്ര നല്ല ശിഷ്യരാണെങ്കിലും അവർ പറയുന്ന കാര്യങ്ങൾക്ക് വ്യതിരിക്തത ഉണ്ടാവുക സ്വാഭാവികമാണ്. കാരണം ഓരോരുത്തരും കാര്യങ്ങൾ കാണുന്നത് വ്യത്യസ്തമായാണ്. അങ്ങനെയുള്ള പ്രഘോഷണങ്ങളിൽ നിന്നാണ് സഭാസമൂഹങ്ങൾ ജന്മമെടുത്തത്. ഈ സഭാസമൂഹങ്ങളിൽനിന്ന് വചനം സ്വീകരിച്ചുകൊണ്ടാണ് സുവിശേഷകന്മാർ തങ്ങളുടെ സുവിശേഷങ്ങൾ രചിച്ചത്. അതുകൊണ്ടുതന്നെ ഈശോയുടെ ജനനമരണ ഉത്ഥാനങ്ങളെക്കുറിച്ചും മനുഷ്യരക്ഷയെക്കുറിച്ചും അടിസ്ഥാനപരമായ കാഴ്ചപ്പാടുകളിൽ യാതൊരുവിധ വ്യത്യാസവും ഉണ്ടായിരുന്നില്ലെങ്കിലും അപ്പസ്തോലന്മാരുടെ പ്രഘോഷണ രീതിയിലും അവർ പ്രാധാന്യം കൊടുക്കുന്ന കാര്യങ്ങളിലും വ്യതിരിക്തത ഉണ്ടായിരുന്നു. അങ്ങനെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്രിസ്തുവിന്റെ ജീവിതത്തെയും സന്ദേശങ്ങളെയും ആസ്പദമാക്കി സുവിശേഷങ്ങൾ ജന്മമെടുത്തു (മത്തായി പലസ്തീനയിൽ അന്തിയോക്കിയ, മർക്കോസ് – റോമായിൽ, ലൂക്കാ – ഈജിപ്തിൽ , യോഹന്നാൻ – തുർക്കിയിൽ എഫേസോസ്).

ഓരോ സുവിശേഷകനും ക്രിസ്തുവിനെക്കുറിച്ച് സ്വന്തമായ വീക്ഷണമുള്ളവരും ആ വീക്ഷണം തന്റെ കൃതിയിലൂടെ ശാസ്ത്രീയമായി അവതരിപ്പിക്കുന്നവനുമാണ്. ഈ ദർശനത്തിനും അവതരണരീതിക്കും അടിസ്ഥാനമായി നിൽക്കുന്ന അല്ലെങ്കിൽ ഉപയോഗപ്രദമായ പഴയനിയമഭാഗങ്ങൾ മാത്രമേ അയാൾ ക്രിസ്തുവിലൂടെ പൂർത്തിയായ രക്ഷാകര ചരിത്രം വിവരിക്കാൻ ഉപയോഗപ്പെടുത്തിയുള്ളു. ഉദാ: വരാനിരിക്കുന്ന മോശയെപ്പോലെയുള്ള പ്രവാചകനെക്കുറിച്ച് നിയമാവർത്തനത്തിലെ പ്രവചനത്തെ അടിസ്ഥാനപ്പെടുത്തി യഹൂദർക്കുവേണ്ടി സുവിശേഷം എഴുതിയ മത്തായി ഈശോയെ മോശയെപ്പോലെയാണ് ചിത്രീകരിച്ചത് (മത്താ 5–7 കാണുക). അതുകൊണ്ടാണ് അവിടുത്തെ ജനനത്തെക്കുറിച്ച് വിവരിച്ച ഉടനെ മോശയെപ്പോലെ പലായനം ചെയ്യേണ്ടിവന്ന ഈശോയെക്കുറിച്ച് വിവരിച്ചത്. എന്നാൽ ലൂക്കായുടെ ദർശനം അവതരിപ്പിക്കാൻ ഈ പലായന വിവരണം പ്രയോജനകരമായിരുന്നില്ല. അതുകൊണ്ടുതന്നെ പലായനത്തിനു മുമ്പ് നിയമങ്ങൾ അനുസരിച്ച് ദൈവാലയത്തിൽ നടക്കുന്ന കർത്താവിന്റെ സമർപ്പണ കർമ്മമാണ് ലൂക്കാ വിവരിക്കുന്നത്. സമർപ്പണശേഷമാണ് അവിടുത്തെ പലായനം നടന്നത്.

അടിസ്ഥാനപരമായ കാര്യങ്ങളെക്കുറിച്ച് ഐക്യവും വ്യക്തതയും പാലിക്കുമ്പോഴും അനുബന്ധ കാര്യങ്ങളിൽ ഈ സുവിശേഷങ്ങൾ തമ്മിൽ വ്യത്യാസമുണ്ടാകാൻ ചില അടിസ്ഥാനകാരണങ്ങൾ ഉണ്ട് എന്നുപറയാം: 1) സുവിശേഷങ്ങൾ ക്രിസ്തുവിനെക്കുറിച്ചു പ്രത്യേക ദൈവശാസ്ത്രദർശനങ്ങളുള്ള പ്രഘോഷണങ്ങളാണ്. അല്ലാതെ ചരിത്ര ഗ്രന്ഥങ്ങളല്ല; അതുകൊണ്ടുതന്നെ ഓരോ സുവിശേഷവും സ്വന്തമായരീതിയിലാണ് ക്രിസ്തുരഹസ്യം അവതരിപ്പിക്കുന്നത് (യോഹന്നാന്റെ സുവിശേഷം വളരെ വ്യത്യസ്തമായി കാര്യങ്ങൾ വിവരിക്കുന്നത് നോക്കുക); 2) തങ്ങൾ സംസാരിക്കുന്ന സമൂഹത്തിന്റെ അജപാലന ആവശ്യങ്ങളും വചനത്തെക്കുറിച്ചുള്ള അറിവുകളും കണക്കിലെടുത്താണ് ഓരോരുത്തരും സുവിശേഷങ്ങൾ എഴുതിയിരിക്കുന്നത് (മത്തായിയുടെ സുവിശേഷം യഹൂദ ശ്രോതാക്കളെയാണ് പ്രധാനമായും മുന്നിൽ കാണുന്നത് എന്ന് ഗ്രഹിക്കാൻ അല്പം ശ്രദ്ധയോടെ അത് വായിച്ചാൽമതി, എന്നാൽ വിജാതീയരിൽ നിന്ന്മാനസാന്തരപ്പെട്ടുവന്നവർക്കുവേണ്ടി എഴുതപ്പെട്ട മർക്കോസിന്റേത് അനുബന്ധ കാര്യങ്ങളിൽ മത്തായിയുടെതിൽനിന്നും വ്യത്യസ്തമാണ്; കാണുക 7:2–4). തങ്ങളുടെ അനുവാചകരെ മുന്നിൽ കണ്ടുകൊണ്ടാണ് സുവിശേഷകന്മാർ രചനക്ക് ആവശ്യമായ കാര്യങ്ങൾ തിരഞ്ഞെടുത്തത്. യഹൂദർപ്രതീക്ഷിച്ചിരുന്ന അവരുടെ രക്ഷകനെക്കുറിച്ച് വചനത്തിലധിഷ്ഠിതമായാണ് മത്തായി കർത്താവിന്റെ ജനനത്തെക്കുറിച്ച് സംസാരിക്കുന്നതെങ്കിൽ ലോക ചരിത്രവും സാർവത്രിക രക്ഷയുമായി ബന്ധപ്പെടുത്തിയാണ് ലൂക്കാ അക്കാര്യം വിവരിക്കുന്നത്. ക്രിസ്തുവിന്റെ ജീവിതവുമായി ബന്ധപ്പെട്ട് ശിഷ്യന്മാർ പഴയനിയമം ഗൗരവത്തോടെ വ്യഖ്യാനിച്ചത് ഇക്കാരണത്താലാണ്. അത് അവർ കണ്ടറിഞ്ഞ സത്യമായിരുന്നു. മാത്രമല്ല ദൈവപുത്രനായി ക്രിസ്തുവിനെ അനുഭവിച്ചറിഞ്ഞ അവർക്ക് അത് മറ്റുള്ളവരുടെ മുമ്പിൽ യുക്തിസഹമായി അവതരിപ്പിക്കേണ്ടതുണ്ടായിരുന്നു.

യഹൂദരുടെ നിയമവും പ്രവാചകന്മാരും കാത്തിരുന്ന രക്ഷകനായും വരാനിരിക്കുന്ന മോശയെപ്പോലുള്ള പ്രവാചകനായും വിശുദ്ധ മത്തായി അവിടുത്തെ അവതരിപ്പിച്ചു; വിജാതീയരുടെ ഇട

www.malankaralibrary.com

യിൽ പ്രബലമായിരുന്ന വെളിപാടു സാഹിത്യരൂപത്തെ അവലംബമാക്കി എഴുതിയ മർക്കോസ് പഴയനിയമത്തിലെ വെളിപാട് കൃതിയായ ദാനിയേലിലെ മനുഷ്യപുത്രനെയാണ് തന്റെ ശ്രദ്ധാ കേന്ദ്രമാക്കിയത്; വിജാതീയരും യഹൂദരുമടങ്ങുന്ന സമൂഹത്തിന് സുവിശേഷം എഴുതിയപ്പോൾ ലൂക്കാ ക്രിസ്തുവിന്റെ മാനുഷികഭാവങ്ങളും ദൈവവുമായി പ്രാർഥനയിലുള്ള അവിടുത്തെ ഐക്യവുമൊക്കെ എടുത്തുകാണിച്ചുകൊണ്ടാണ് എഴുതിയത്; ജ്ഞാനസാഹിത്യത്തിന്റെ ചുവടുപിടിച്ച് സുവിശേഷം രചിച്ച യോഹന്നാൻ ദൈവത്തോടൊത്ത് അനാദിയിലേ വസിച്ചിരുന്ന വചനത്തിന്റെ മനുഷ്യാവതാരമായി ക്രിസ്തുവിനെ അവതരിപ്പിച്ചു. ഈ വിവരങ്ങൾ ഓരോന്നും ക്രിസ്തുവിന്റെ വ്യക്തിത്വത്തിന്റെ ഒരുഭാവം മാത്രമാണ് അടിസ്ഥാനപരമായി ചിത്രീകരിക്കുന്നത്.

ക്രിസ്തുശിഷ്യരുടെ രണ്ടാംതലമുറയിലും തുടർന്നും ജനങ്ങളെ പ്രബോധിപ്പിക്കുന്നതിനായി പലരും സുവിശേഷങ്ങൾ എഴുതുകയും അവരുടെ സമൂഹങ്ങളിൽ അവ വായിക്കപ്പെടുകയും ചെയ്തിരുന്നിരിക്കാം. അങ്ങനെ പറയാൻ കാരണം ആദിമ നൂറ്റാണ്ടുകളിൽ സദ്വാർത്ത വായിക്കപ്പെടുക എന്നത് പല കാരണങ്ങളാലും അസാധ്യമായിരുന്നു. അച്ചടി തുടങ്ങുന്നതിനുമുമ്പ് ചുരുങ്ങിയ കൈയെഴുത്തു പ്രതികൾ മാത്രമല്ലേ ലോകത്തുതന്നെ ഉണ്ടായിരുന്നുള്ളു? മാത്രമല്ല ആളുകൾ എഴുതാനും വായിക്കാനും തുടങ്ങിയത് ആധുനികകാലത്താണല്ലോ?

എന്നാൽ ചുരുക്കമായുണ്ടായിരുന്ന കൈയെഴുത്തുപ്രതികൾ പകർത്തിഎഴുതപ്പെടുകയോ കൈമാറ്റം ചെയ്യപ്പെടുകയോവഴി അതെഴുതപ്പെട്ട സമൂഹത്തിനു പുറത്തുള്ള മറ്റു സമൂഹങ്ങളിലും അവ വായിക്കപ്പെട്ടുതുടങ്ങി. അങ്ങനെ വായിക്കപ്പെട്ടപ്പോൾ വിവരണശൈലിയിൽ സുവിശേഷങ്ങൾ തമ്മിൽ വ്യത്യാസമുണ്ടെന്ന കാര്യം സഭ കണ്ടു. ഈ വ്യത്യാസങ്ങളെ സ്വീകരിക്കുകയും ചെയ്തു. എന്നാൽ അടിസ്ഥാനപരമായ സത്യം അതായത് ക്രിസ്തുവിന്റെ ജനനം, രക്ഷാകരപ്രവർത്തനങ്ങൾ, പീഡാസഹനം, മരണം, ഉത്ഥാനം, സ്വർഗാരോഹണം എന്നിവ (1കോറി 15:3-8) തെറ്റുകൂടാതെ പ്രഘോഷിച്ച സുവിശേഷങ്ങൾ മാത്രമേ മറ്റു സഭകൾ സ്വീകരിച്ചുള്ളു. ഇപ്രകാരം ലോകമാസകലമുള്ള പ്രധാന സഭാസമൂഹങ്ങൾ പൊതുവിശ്വാസം പ്രഘോഷിക്കുന്ന സുവിശേഷമെന്ന് അംഗീകരിച്ചവ മാത്രമാണ് സഭയുടെ സ്വീകാര്യത നേടിയത്. രണ്ടാം നൂറ്റാണ്ടിന്റെ അന്ത്യമായപ്പോഴേക്കും ഈ പൊതു അംഗീകാരം വിശുദ്ധബൈബിളിലെ എല്ലാ ഗ്രന്ഥങ്ങളും നേടിക്കഴിഞ്ഞിരുന്നു.

എങ്കിലും സഭക്ക് സ്വാതന്ത്ര്യമില്ലാതിരുന്നതുകൊണ്ട് പൊതുവായ പ്രഖ്യാപനങ്ങൾ സംഭവിച്ചത് റോമാ സാമ്രാജ്യത്തിൽ സഭ സ്വതന്ത്രമായതിനു ശേഷം മാത്രമാണെന്ന് മാത്രമല്ല സഭയുടെ വിശ്വാസമെന്താണെന്ന് വിശ്വാസപ്രമാണത്തിലൂടെ വ്യക്തമാക്കിയ ശേഷമാണ് (നിഖ്യ 325 -കോൺസ്റ്റാന്റിനോപ്പിൾ 381) ഈ വിശ്വാസം പ്രഘോഷിക്കുന്ന ഗ്രന്ഥങ്ങൾ ഏതെല്ലാമെന്ന് 382-ലാണ് ഡമാസൂസ് പാപ്പാ പ്രഖ്യാപിക്കുന്നത്. ഈ അടിസ്ഥാന വിശ്വാസത്തിനാണ് പാരമ്പര്യം എന്നുപറയുന്നത്. സഭയുടെ അടിസ്ഥാന വിശ്വാസത്തോട്, ചേർന്നുപോകാത്ത ഗ്രന്ഥങ്ങളെല്ലാം തിരസ്കരിക്കപ്പെട്ടു. മറ്റുചില സുവിശേഷങ്ങളും ഈശോയുടെ ജനനത്തെയും പ്രവർത്തനങ്ങളെയും കുറിച്ച് വിവരിച്ചിരുന്നു. ഒന്നുകിൽ തെറ്റായകാര്യങ്ങൾ പഠിപ്പിച്ചതുകൊണ്ടോ അപ്പസ്തോലന്മാരുമായി അടുത്ത ബന്ധമില്ലാത്തവർ എഴുതിയതുകൊണ്ടോ ആണ് അവ തിരസ്കരിക്കപ്പെട്ടത്. ബൈബിളിന് ഇന്നത്തെ രീതിയിൽ അധ്യായങ്ങളും വാക്യങ്ങളുമായി തിരിച്ചത് 13-16 നൂറ്റാണ്ടുകളിലാണ്; ആദ്യമായി ഇന്നത്തെ രൂപത്തിൽ ബൈബിൾ അച്ചടിക്കപ്പെട്ടത് 1445-ൽ മാത്രമാണ്.

## ഉപസംഹാരം

എല്ലാ സുവിശേഷങ്ങളും പ്രഖ്യാപിക്കുന്നത് 'തന്റെ ഏകജാതനെ മനുഷ്യരക്ഷക്കായി ബലി നൽകാൻ തക്കവിധം ദൈവം ലോകത്തെ സ്നേഹിച്ചു' (യോഹ 3:16) എന്നതാണ്. ദൈവപുത്രനെ സ്വീകരിക്കാത്തവന് നിത്യജീവൻ ഉണ്ടാവുക സാധ്യമല്ല (യോഹ 14:6; അപ്പ 4:12). കാരണം മനുഷ്യപാപങ്ങളുടെ പരിഹാരവും പ്രവാചകന്മാരിലൂടെ നൂറ്റാണ്ടുകളായി നല്കി വന്നിരുന്ന വെളിപാടുകളുടെ പൂർത്തീകരണവുമാണ് ക്രിസ്തു (ഹെബ്രാ1:2) എന്നുമാത്രമല്ല ഈ വെളിപാടിന്റെ പശ്ചാത്തലത്തിൽ അന്ത്യവിധി നടത്തുന്നവനും ക്രിസ്തുതന്നെ (യോഹ5:22-25; മത്താ 25:31-46). ദൈവത്തെക്കുറിച്ചും മനുഷ്യനെക്കുറിച്ചും സാമൂഹ്യജീവിതത്തെക്കുറിച്ചും നന്മയെക്കുറിച്ചും ഇത്ര സമഗ്രമായി സംസാരിച്ച ഒരു മതനേതാവുമില്ല. ക്രിസ്തുമസ് എന്നാൽ സുവിശേഷങ്ങളിലെ ക്രിസ്തു രക്ഷകനായി ജീവിതങ്ങളിൽ ജന്മമെടുക്കുക എന്ന് തന്നെയാണ്. ■

www.malankaralibrary.com

# നിങ്ങൾക്കായി ഒരു രക്ഷകൻ

സുവിശേഷങ്ങളിൽ എഴുതപ്പെട്ടിരിക്കുന്നതുകൂടാതെ രക്ഷകന്റെ ജനനത്തെക്കുറിച്ചുള്ള ചരിത്രപരമായ തെളിവുകളെ ആസ്പദമാക്കി ബൈബിൾ പണ്ഡിതനായ ലേഖകൻ സമഗ്രമായി പ്രതിപാദിക്കുന്ന ലേഖനത്തിന്റെ ആദ്യഭാഗം.



**റവ. ഡോ. മൈക്കിൾ കാരിമറ്റം**
*മല്പാൻ*

"ഭയപ്പെടേണ്ട! ഇതാ സകലജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു. ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ കർത്താവായ ക്രിസ്തു, ഇന്നു ജനിച്ചിരിക്കുന്നു" *(ലൂക്കാ 2:10-11)*.

ലോകരക്ഷകനായ യേശുക്രിസ്തുവിന്റെ ജനനത്തിരുനാളായി ഡിസംബർ 25 ആഗോളതലത്തിൽ ആഘോഷിക്കുന്നു. ജാതിമതഭേദമെന്യേ ജനങ്ങൾ ഈ ആഘോഷങ്ങളിൽ പങ്കുചേരുന്നു. എന്നാൽ എന്താണ് ഈ ഡിസംബർ 25-ന്റെ പ്രത്യേകത? യേശു ജനിച്ചത് ഈ ദിവസമാണെന്നതിൽ എന്തെങ്കിലും ചരിത്രപരമായ തെളിവുണ്ടോ? കന്യകാജനനം, ജ്ഞാനികളുടെ സന്ദർശനം, ശിശുവധം, ഈജിപ്തിലേക്കു പലായനം തുടങ്ങിയവയൊക്കെ വെറും ചരിത്രവസ്തുതകളോ അതോ കെട്ടുകഥകളോ?

യേശുവിന്റെ ജനനത്തെയും ശൈശവത്തെയും കുറിച്ചു ബൈബിളിൽ കാണുന്ന രണ്ട് വിവരണങ്ങൾ തമ്മിൽ പൊരുത്തക്കേടുകൾ നിരവധി. ഇതിനെല്ലാം പുറമേ ക്രിസ്ത്യാനികൾ വിശ്വസിക്കുന്ന നസ്രത്തുകാരനായ യേശുക്രിസ്തു എന്നൊരു വ്യക്തി ജീവിച്ചിരുന്നു എന്നതിന് സമകാലികമായ എന്തെങ്കിലും ചരിത്രരേഖകൾ തെളിവായി ഉണ്ടോ? ഇതെല്ലാം ചിലരുടെ കണ്ടുപിടുത്തങ്ങളും മതപ്രചരണത്തിനായി പറയുന്ന നുണകളുമല്ലേ എന്നു ചോദിക്കുന്നവർ ഇന്ന് ഏറെയുണ്ട്. ക്രിസ്തുവിശ്വാസികൾ ഈ ചോദ്യങ്ങൾക്ക് എന്തു മറുപടികൊടുക്കും?

നിരന്തരം ഉയരുന്ന ഈ ചോദ്യങ്ങൾക്ക് കഴിയുന്നത്ര വ്യക്തവും ഹ്രസ്വവുമായി ഉത്തരം നൽകാനാണ് ഈ ലേഖനപരമ്പരയിലൂടെ ശ്രമിക്കുന്നത്. പല വിഷയങ്ങളെ സംബന്ധിക്കുന്ന ചോദ്യങ്ങളാണ് ഉയരുന്നത്. അവ ഒന്നൊന്നായി പരിഗണിക്കാം.

## 1. യേശു- ചരിത്രപുരുഷനോ?

യേശുക്രിസ്തു എന്ന ഒരു വ്യക്തി ജീവിച്ചിരുന്നു എന്നതിന് ചരിത്രരേഖകളില്ല എന്നതാണ് ആദ്യം ഉയരുന്ന ആരോപണവും ചോദ്യവും. ഉത്തരം അന്വേഷിക്കുമ്പോൾ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങളുണ്ട്. മതനിന്ദയും ദൈവദൂഷണവും ആരോപിച്ച യഹൂദമതത്തിന്റെ സമുന്നത കോടതിയായ സാൻഹദ്രിൻ വധശിക്ഷ വിധിച്ച ഒരു കൊടുംകുറ്റവാളിയാണ് ക്രിസ്ത്യാനികൾ വിശ്വസിക്കുന്ന യേശു യഹൂദർക്ക്. സ്വയം രാജാവായി പ്രഖ്യാപിച്ചതിന്റെ പേരിൽ കലാപകാരിയായി വിധിച്ച് കുരിശിൽ തറച്ചു കൊന്നവരാണ് റോമാക്കാർ. ഇരുകൂട്ടരും ഇപ്രകാരം ഒരു കുറ്റവാളിയെക്കുറിച്ച് ഔദ്യോഗിക രേഖകൾ കരുതിവച്ചില്ലെങ്കിൽ അത്ഭുതപ്പെടാനില്ല. നൂറു കണക്കിന് മതനിന്ദ

www.malankaralibrary.com

കരും ആയിരക്കണക്കിന് കലാപകാരികളും ജീവിച്ച്, കൊല്ലപ്പെട്ട ഒരു കാലഘട്ടത്തിലാണ് ക്രിസ്ത്യാനികൾ വിശ്വസിക്കുന്ന യേശു ജീവിച്ചിരുന്നത്.

## ജീവിത–മരണസാക്ഷ്യങ്ങൾ

മതത്തിന്റെയും രാഷ്ട്രത്തിന്റെയും ഔദ്യോഗിക രേഖകൾ ഇല്ല എന്നുപറയുമ്പോഴും അവഗണിക്കരുതാത്ത ചില കാര്യങ്ങളുണ്ട്. മരിച്ച് ഇരുപതുവർഷങ്ങൾക്കകം യേശുവിലുള്ള വിശ്വാസവും യേശുവിന്റെ അനുയായികളും അന്ന് അറിയപ്പെട്ടിരുന്ന ലോകത്ത് ഒട്ടുമിക്ക ഭാഗങ്ങളിലും എത്തിക്കഴിഞ്ഞിരുന്നു, ഇങ്ങു കിഴക്ക് ഈ കൊച്ചു കേരളത്തിൽവരെ. വെറും ഒരു സാങ്കൽപിക കഥാപാത്രത്തിന് ഇത്രയേറെ പ്രചാരം കിട്ടുക തികച്ചും അത്ഭുതാവഹം എന്നല്ലേ പറയാൻ കഴിയൂ? വിശ്വസിക്കുക മാത്രമല്ല, ആ വിശ്വാസത്തിനുവേണ്ടി പതിനായിരങ്ങൾ ജീവൻ നഷ്ടപ്പെടുത്താൻ തയ്യാറായതും, അതികഠിനമായ മതപീഡനത്തിനു നടുവിലും വിശ്വാസം ക്ഷയിക്കുകയല്ല വളരെ വേഗം ശക്തിപ്പെടുകയും വ്യാപിക്കുകയും ചെയ്തു എന്നതും കണക്കിലെടുക്കണം.

## ഇതോ ഭാവനാചിത്രം?

യേശു വെറും ഒരു ഭാവനാസൃഷ്ടിയാണെങ്കിൽ എന്തേ ഇപ്രകാരം ഒരു ചിത്രം? ദരിദ്രരിൽ ദരിദ്രനായി കാലിത്തൊഴുത്തിൽ ജനനം, അഭയാർഥിയായി വിദേശത്തേക്ക് പലായനം, അറിയപ്പെടാത്ത ആശാരിയായി ജീവിതം. നിസ്സഹായനായി, കുരിശിൽ കിടന്നു നിലവിളിച്ചുകൊണ്ടു മരണം. ആരാണ് ഇപ്രകാരം ഒരു കഥാപാത്രത്തെ മനഞ്ഞെടുക്കുക? ഇതെല്ലാം കെട്ടുകഥയാണെങ്കിൽ എന്തേ ഇത്രമാത്രം ജനങ്ങൾ ഈ വ്യക്തിയിൽ വിശ്വസിക്കുന്നു?

## ബൈബിൾ ഗ്രന്ഥങ്ങൾ

ചരിത്രരേഖകൾ ഇല്ല എന്നുപറയുമ്പോൾ ക്രിസ്തുവിശ്വാസികൾ ഔദ്യോഗിക ഗ്രന്ഥമായി സ്വീകരിക്കുന്ന ബൈബിളിലെ സുവിശേഷങ്ങൾ എന്നറിയപ്പെടുന്ന നാലു പുസ്തകങ്ങൾ യേശുവിന്റെ ജീവിതത്തെ സമഗ്രമായി അവതരിപ്പിക്കുന്നുണ്ട്. നാലുവിവരണങ്ങളും തമ്മിൽ ചില വ്യത്യാസങ്ങൾ കാണാമെങ്കിലും എല്ലാം ഒരേ വ്യക്തിയെക്കുറിച്ചുതന്നെയാണ് പറയുന്നത് എന്നതിൽ സംശയത്തിനിടയില്ല. പുതിയ നിയമത്തിലെ 21 ലേഖനങ്ങളും അപ്പസ്തോലപ്രവർ



www.malankaralibrary.com

ത്തനങ്ങളും വെളിപാടുപുസ്തകവും എല്ലാം ഒരു വ്യക്തിയെ കേന്ദ്രമാക്കി രചിക്കപ്പെട്ടവയാണ്; ഇവയെല്ലാം യേശുക്രിസ്തു എന്ന വ്യക്തിയുടെ ചരിത്രപരതയ്ക്കു സാക്ഷ്യം നൽകുന്നു.

## A.D-B.C കാലഗണന

അനേക നൂറ്റാണ്ടുകളായി ലോകം മുഴുവൻ പൊതുവേ ഉപയോഗിച്ചുവരുന്ന A.D - B.C എന്ന കാലഗണനയും യേശു ഒരു ചരിത്രപുരുഷനായിരുന്നു എന്നതിന്റെ തെളിവായി നിൽക്കുന്നു. B.C എന്നാൽ Before Christ (യേശുവിന് മുമ്പ്) എന്നും A.D എന്നാൽ Anno Domini (കർത്താവിന്റെ വർഷം) എന്നും അർഥം. ക്രിസ്തുവിന്റെ ജനനം '0' വർഷമായി കരുതുന്നു. ഈ കാലഗണന ഉപയോഗിക്കുന്നവർ അറിഞ്ഞോ അറിയാതെയോ യേശു ഒരു ചരിത്രപുരുഷനായിരുന്നു എന്ന് അംഗീകരിക്കുകയും പ്രഖ്യാപിക്കുകയുമല്ലേ ചെയ്യുന്നത്? ക്രിസ്തു എന്ന പദത്തോട് അടുത്തകാലത്ത് പലർക്കും ഒരു അലർജി, അഥവാ തൊട്ടുകൂടായ്മ ഉണ്ടായതിനാലാവാം ക്രിസ്തുവിനുമുമ്പ്, പിമ്പ് എന്നതിനുപകരം പൊതുയുഗത്തിനുമുമ്പ്, പിമ്പ് (Before the common Era-After the common Era- BCE-ACE) എന്ന പ്രയോഗം നടപ്പിലാക്കാൻ ശ്രമിക്കുന്നത്. ഇത് അംഗീകരിക്കുമ്പോഴും എന്താണ് ഈ പൊതുയുഗത്തിന്റെ കേന്ദ്രം, എവിടെയാണത് തുടങ്ങുന്നത് എന്ന ചോദ്യത്തിന് ഉത്തരം കണ്ടെത്തേണ്ടതുണ്ട്.

ഏ.ഡി – ബി.സി എന്ന ഈ കാലഗണനയ്ക്കു തുടക്കം കുറിച്ചത് ഡയനീഷ്യസ് എക്സിഗുഉസ് (Dionysius Exiguus ഏ.ഡി 470–544) എന്ന ഒരു ഷീത്യൻ സന്ന്യാസിയാണ്. ജോൺ ഒന്നാമൻ മാർപാപ്പ (523–26)യുടെ നിർദേശപ്രകാരം ഏ.ഡി 525 ലാണ് ഈ തുടക്കം.

യേശുവിന്റെ ജനനത്തിയതിയും വർഷവും കണ്ടെത്താൻ ലൂക്കാ എഴുതിയ സുവിശേഷത്തിലെ രണ്ടു സൂചനകൾ സഹായകമായി. യേശുവിന്റെ പരസ്യജീവിതം ആരംഭിക്കുന്നത് സ്നാപകയോഹന്നാന്റെ രംഗപ്രവേശത്തോടെയാണ്. അന്ന് യേശുവിന് ഏകദേശം 30 വയസ് പ്രായമായിരുന്നു (ലൂക്കാ 3:23). യോഹന്നാൻ പ്രവർത്തനം തുടങ്ങിയത് എന്നായിരുന്നു എന്ന് 3:1–2–ൽ പറയുന്നു. ലോകചരിത്രവും ഇസ്രായേൽ ചരിത്രവുമായി ബന്ധപ്പെടുത്തുന്നതാണ് ഈ വിവരണം.

തിബേരിയൂസ് സീസറിന്റെ 15–ാം ഭരണവർഷം യേശുവിനു 30 വയസ് പ്രായമായിരുന്നു എന്ന് ഈ രണ്ട് ബൈബിൾ ഭാഗങ്ങളിൽ നിന്നു കണ്ടെത്തിയപ്പോൾ കാലവിഭജനം എളുപ്പമായി. അന്നുവരെ റോമാക്കാർ കാലം കണക്കുകൂട്ടിയിരുന്നത് റോമിന്റെ സ്ഥാപനം മുതൽ (AB URBE CONDITA- AUC എന്നു ലത്തീനിൽ) എന്നായിരുന്നു. ഇതനുസരിച്ച് റോമാ സ്ഥാപനത്തിന്റെ 753–ാം വർഷം യേശുവിന്റെ ജനനവർഷമായി തീരുമാനിച്ചു. അതിനെ 0 വർഷമായി പരിഗണിച്ച് മുന്നോട്ടും പിന്നോട്ടും കണക്കുകൂട്ടൽ തുടങ്ങി.

ഈ കാലഗണനയിൽ ഒരു ചെറിയ പിശകുപറ്റിയിട്ടുണ്ട്. ഇതിൻ പ്രകാരം കണക്കുകൂട്ടിയാൽ ഹേറോദേസ് രാജാവ് ബി.സി 4–ൽ മരിച്ചു എന്നു കരുതണം. എന്നാൽ മത്തായി എഴുതിയ സുവിശേഷത്തിൽ ഹേറോദേസ് രാജാവ് ശിശുവായ യേശുവിനെ വധിക്കാൻ ശ്രമിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. രണ്ടും അതിൽ താഴെയും വയസ്സുള്ള കുഞ്ഞുങ്ങളെ വധിച്ചു (മത്താ 2:16). എങ്കിൽ ഹേറോദേസ് മരിക്കുമ്പോൾ യേശുവിനു രണ്ടുവയസുവരെ പ്രായമുണ്ടാകാം. അപ്പോൾ യേശുവിന്റെ ജനനം 0 വർഷമെന്ന കണക്ക് മുഴുവൻ ശരിയല്ല എന്നുവരുന്നു. എന്തേ ഇങ്ങനെ ഒരു കാലവ്യത്യാസം വരാൻ?

ലൂക്കാ 3:23 വ്യാഖ്യാനിച്ചതിൽ വന്ന ചെറിയൊരു നോട്ടപ്പിശകാണത്. പരസ്യജീവിതം ആരംഭിക്കുമ്പോൾ യേശുവിന് ഏകദേശം മുപ്പതുവയസ്സായിരുന്നു എന്നാണ് ലൂക്കാ രേഖപ്പെടുത്തിയിരിക്കുന്നത്. 'ഏകദേശം' എന്ന വിശേഷണം ശ്രദ്ധിക്കാതെപോയി. സ്വന്തം ഉത്തരവാദിത്വത്തിൽ ഒരു പ്രവർത്തനം തുടങ്ങാൻ ആവശ്യമായ പ്രായമായിരുന്നു മുപ്പതുവയസ്. "ഭരണമേൽക്കുമ്പോൾ ദാവീദിന് 30 വയസ്സായിരുന്നു" (2 സാമു 5:4). 'ഏകദേശം' എന്ന് ലൂക്കാ എഴുതിയത് കണിശമായി എടുത്തതാണ് ഈ കാലഗണനയ്ക്കു പറ്റിയ അബദ്ധം.

വിശദാംശങ്ങൾ എന്തുതന്നെ ആയാലും ഒരു കാര്യം വ്യക്തം. ഏ.ഡി – ബി.സി എന്ന കാലഗണന സ്വീകരിക്കുന്നവർ യേശുവിനെ ഒരു ചരിത്രപുരുഷനായി അംഗീകരിക്കുന്നു.

## ചരിത്രരേഖകൾ

യേശുക്രിസ്തു എന്ന ഒരു വ്യക്തിയെക്കുറിച്ച് സമകാലിക ചരിത്രരേഖകൾ ഒന്നും ഇല്ല എന്നുപറയുന്നതു മുഴുവൻ ശരിയല്ല. ഏതാനും ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

### a. ടാസിറ്റസ് (Tacitus A.D 56-118)

സുപ്രസിദ്ധ റോമൻ ചരിത്രകാരനാണ് ടാസിറ്റസ്.

www.malankaralibrary.com

റോമിന്റെ നാൾവഴികൾ (Annals of Rome) എന്ന ഗ്രന്ഥത്തിന്റെ 14-ാം അധ്യായത്തിൽ 'റോമിലെ അഗ്നിബാധ' യെക്കുറിച്ച് വിവരിക്കുന്നതിനിടയിൽ ശ്രദ്ധേയമായൊരു പരാമർശമുണ്ട്.

"റോമിലെ അഗ്നിബാധയുടെ കാരണക്കാരൻ നീറോ ആണെന്ന ജനസംസാരത്തിനു തടയിടാൻ മാനുഷികമായ ശ്രമങ്ങളോ, രാജകീയ സമ്മാനങ്ങളോ, ദേവതകൾക്കർപ്പിച്ച യാഗങ്ങളോ ഒന്നും പര്യാപ്തമായില്ല. അതിനാൽ അപകടകരമായ ഈ അടക്കംപറച്ചിലിന് അറുതിവരുത്താൻ നീറോ തന്നെ ബലിയാടുകളെ കണ്ടുപിടിച്ചു; അതികഠിനമായ പീഡനങ്ങൾക്ക് അവരെ ഇരയാക്കി- അധാർമികതയ്ക്കും അന്ധവിശ്വാസങ്ങൾക്കും പേരുകേട്ട, ക്രിസ്ത്യാനികൾ എന്നറിയപ്പെടുന്ന ***അവരുടെ സ്ഥാപകനെ ടൈബീരിയെസിന്റെ ഭരണകാലത്ത്, യൂദയായിലെ ഗവർണറായ പോന്തിയോസ് പീലാത്തോസ് കുരിശിലേറ്റിയതാണ്.*** എന്നാലും, താത്ക്കാലികമായ ഈ പരാജയത്തിനു ശേഷം, മാരകമായ ഈ അന്ധവിശ്വാസം പൂർവ്വാധികം ശക്തമായി വീണ്ടും പൊട്ടിപ്പുറപ്പെട്ടു; എല്ലാ അകൃത്യങ്ങളുടെയും ഉറവിടമായ യൂദയായിൽ മാത്രമല്ല, ഈ റോമിൽപോലും അവരുടെ സാന്നിധ്യമുണ്ട്. തരംതാഴ്ന്നതും ലജ്ജാകരവുമായ എല്ലാ കുതന്ത്രങ്ങളും തഴച്ചുവളരുന്ന ഇടമാണല്ലോ ഈ തലസ്ഥാനം!"

ക്രിസ്ത്യാനികളുടെ സ്ഥാപകനേതാവിന്റെ സ്ഥലം, ജീവിതം, അന്ത്യം എന്നിവയെക്കുറിച്ചു നൽകുന്ന ഈ വിവരണങ്ങൾ ചരിത്രരേഖയായി കരുതേണ്ടതല്ലേ?

## b. സുവെറ്റോണിയസ് (Suetonius A.D 70-135)

മറ്റൊരു സുപ്രസിദ്ധ റോമൻ ചരിത്രകാരനാണ് സുവെറ്റോണിയസ്. '12 സീസർമാർ' എന്ന പുസ്തകത്തിന്റെ 5-ാം അധ്യായത്തിൽ ക്ലോഡിയസ് സീസറിന്റെ ജീവിതം വിവരിക്കുന്നതിനിടയിൽ, എ.ഡി 50-ൽ റോമിലുണ്ടായ ഒരു സംഭവത്തെപ്പറ്റി ഇപ്രകാരം പരാമർശിക്കുന്നു: ***"റോമിലുണ്ടായിരുന്ന യഹൂദർ ക്രെസ്തൂസ് എന്നയാളിന്റെ പ്രേരണയാൽ നിരന്തരമായ ശല്യമുണ്ടാക്കിയപ്പോൾ അവരെയെല്ലാം നഗരത്തിൽ നിന്നു പുറത്താക്കി."***

അപ്പ 18:1-2-ൽ പ്രതിപാദിക്കപ്പെടുന്ന അക്വിലാ-പ്രിസില്ലാ ദമ്പതികൾ ഈ സാഹചര്യത്തിലാണ് റോം വിട്ടുപോകേണ്ടിവന്നത്. എ.ഡി 50-ൽ റോമിൽ ക്രിസ്ത്യാനികളുടെ ഗണ്യമായൊരു സംഖ്യ ഉണ്ടായിരുന്നെന്നും അവർ യഹൂദരിൽനിന്ന് വ്യത്യസ്തമായിരുന്നെന്നും ക്രെസ്തൂസ് എന്ന നേതാവിന്റെ പേരിലാണ് ഇരുഗണങ്ങളും തമ്മിൽ കലഹമുണ്ടായതെന്നും വ്യക്തമാക്കുന്നതാണ് ഈ പരാമർശം. ക്രെസ്തൂസ് (Chrestus) എന്നത് അക്ഷരപ്പിശകാകാം. അല്ലെങ്കിൽ ചരിത്രകാരൻ തെറ്റി മനസ്സിലാക്കിയതാവാം. ഏതായാലും ക്രിസ്തു എന്ന ഒരു വ്യക്തിയാണ് ഇവിടെ കലഹത്തിനു കാരണക്കാരൻ എന്ന സുവെറ്റോണിയസിന്റെ അഭിപ്രായം യേശുക്രിസ്തുവിന്റെ ചരിത്രപരതയ്ക്കു തെളിവായി നിൽക്കുന്നു.

## c. പ്ലിനി (Pliny the Younger A.D 61-120)

ഏഷ്യാമൈനറിലെ ബിഥീനിയാ എന്ന റോമൻ പ്രവിശ്യയുടെ റോമൻ ഭരണാധികാരി (Pro-Consul A.D 112-113) ആയിരുന്നു ചരിത്രകാരനായ പ്ലിനി. അദ്ദേഹം ട്രാജൻ (Trajan) ചക്രവർത്തിക്കയച്ച ഒരു കത്തിൽ (letter 10,96) തന്റെയടുക്കൽ വിചാരണയ്ക്കായി കൊണ്ടുവരപ്പെടുന്ന ക്രിസ്ത്യാനികളെക്കുറിച്ച് വിവരിക്കുന്നതിനിടയിൽ ഇപ്രകാരം കാണുന്നു: ***"ആഴ്ചയിലെ ഒരു നിശ്ചിതദിവസം, സൂര്യോദയത്തിനുമുമ്പ്, അവർ ഒരുമിച്ചുകൂടി ക്രിസ്തുവിന്, ഒരു ദൈവത്തിനെന്നതുപോലെ പ്രാർഥനാ ഗാനങ്ങൾ ആലപിക്കുന്നു."***

രണ്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഏഷ്യാമൈനറിൽ ക്രിസ്ത്യാനികളുടെ സജീവസാന്നിധ്യമുണ്ടായിരുന്നെന്നും അവർ യേശുക്രിസ്തുവിനെ ദൈവമായി ആരാധിച്ചിരുന്നുവെന്നും ഇവിടെ വ്യക്തമാകുന്നു. ഒരു കെട്ടുകഥയുടെപേരിൽ ജീവൻ നഷ്ടപ്പെടുത്താൻ സാമാന്യബുദ്ധിയുള്ളവർ തയ്യാറാകുമോ? യേശുവിലുള്ള വിശ്വാസം തള്ളിപ്പറയുന്നതിനേക്കാൾ ജീവൻ ത്യജിക്കാൻ തയ്യാറായത് പതിനായിരങ്ങളാണ്.

## d. സമോസാട്ടയിലെ ലൂസിയൻ (Lucian of Samosata A.D 115-200)

യൂഫ്രട്ടീസ് നദീതീരത്തുള്ള ഒരു ചെറിയ പട്ടണമായ സമോസാട്ടയിൽ ജനിച്ച്, റോമാസാമ്രാജ്യത്തിലുടനീളം ചുറ്റിനടന്നു പ്രസംഗിച്ച ഒരു ഹാസ്യ കലാകാരനായിരുന്നു ലൂസിയൻ. ക്രിസ്ത്യാനികളെ പരിഹസിക്കുന്നതിനായി രചിച്ച പെരഗ്രീനസിന്റെ പ്രയാണം (The Passing of Pregrinus) എന്ന ഹാസ്യകൃതിയിൽ യേശുക്രിസ്തുവിനെക്കുറിച്ചൊരു പരാമർശമുണ്ട്.

"പെരഗ്രീനസിനെക്കുറിച്ച് ക്രിസ്ത്യാനികൾക്കു

www.malankaralibrary.com

വലിയ ബഹുമാനവും ആദരവുമായിരുന്നു. ഒരു ദൈവത്തെപ്പോലെയാണ് ക്രിസ്ത്യാനികൾ അയാളെ കരുതിയിരുന്നത്. ***അവർ ഇപ്പോഴും ആരാധിക്കുന്ന, പലസ്തീനായിൽ വച്ചു കുരിശിൽ തറച്ചുകൊല്ലപ്പെട്ട ആ മനുഷ്യൻ മാത്രമാണ് അവരുടെ ചിന്തയിൽ പെരഗ്രീസിനെക്കാൾ വലിയവൻ. ഒരുപുതിയ മതവും ആരാധനയും അവതരിപ്പിച്ചതിന്റെ പേരിലാണ് അയാൾ പലസ്തീനായിൽ വച്ചു കൊല്ലപ്പെട്ടത്.*** ക്രിസ്ത്യാനികൾ മതസ്ഥാപകനായ ആ ജ്ഞാനിയെ ഇപ്പോഴും ആരാധിക്കുകയും അവന്റെ നിയമങ്ങൾ അനുസരിച്ചു ജീവിക്കുകയും ചെയ്യുന്നു." വിശദീകരണം ആവശ്യമില്ല. യേശുക്രിസ്തു എന്ന വ്യക്തി പലസ്തീനായിൽവച്ചു, വധിക്കപ്പെട്ടു എന്ന് ഈ ഹാസ്യകലാകാരനും സാക്ഷ്യപ്പെടുത്തുന്നു.

## e. ഫ്ളാവിയൂസ് ജൊസേഫൂസ് (Flavius Josephus A.D 37-100)

വിശ്വവിഖ്യാതനായ ചരിത്രകാരനാണ് ഫ്ളാവിയൂസ് ജൊസേഫൂസ്. റോമക്കാർക്കെതിരെ യഹൂദർ നടത്തിയ യുദ്ധത്തിൽ (ഏ.ഡി 66–73) ഒരു യഹൂദസൈന്യാധിപനായിരുന്ന അയാൾ പരാജയം ഉറപ്പായപ്പോൾ കൂറുമാറി, റോമിലെത്തി; ചക്രവർത്തിയായി അവരോധിക്കപ്പെട്ട വെസ്പാസിയാന്റെ ബഹുമാനാർത്ഥം അയാളുടെ കുടുംബപ്പേരായ 'ഫ്ളാവിയൂസ്' എന്ന പേരു സ്വീകരിച്ചു. റോമൻ പൗരത്വം നൽകി ചക്രവർത്തി അയാളെ ആദരിച്ചു.

പ്രപഞ്ചസൃഷ്ടിമുതൽ റോമാക്കാർക്കെതിരെ യുദ്ധം തുടങ്ങുന്നതുവരെയുള്ള യഹൂദരുടെ ചരിത്രമാഹാത്മ്യം വിവരിക്കുന്ന 'യഹൂദ പൗരാണികത്വം' (Jewish Antiquities - A.D 94) എന്ന ചരിത്രഗ്രന്ഥത്തിൽ രണ്ടുതവണ യേശുക്രിസ്തുവിനെക്കുറിച്ചു പരാമർശമുണ്ട്. യഹൂദരുടെ പ്രധാനപുരോഹിതനായ അനാനൂസിന്റെ കല്പനപ്രകാരം യാക്കോബിനെ വധിച്ചതിന്റെ ചരിത്രം വിവരിക്കുമ്പോഴാണ് യേശു പരാമർശവിഷയമാകുന്നത്. ***"ഫെസ്തൂസ് മരിച്ചു; അൽബാനൂസ് ജറുസലെമിലേക്കുള്ള യാത്രയിലായിരുന്നു. അതിനാൽ അനാനൂസ് ന്യായാധിപന്മാരുടെ സാൻഹദ്രിൻ സംഘം വിളിച്ചുകൂട്ടി. ക്രിസ്തു എന്ന് വിളിക്കപ്പെടുന്ന യേശുവിന്റെ സഹോദരനായ യാക്കോബിനെയും മറ്റുചിലരെയും ന്യായാധിപസംഘത്തിനു മുമ്പിൽകൊണ്ടുവന്നു. അവർക്കെതിരേ നിയമലംഘനക്കുറ്റം ആരോപിച്ച് അവരെ കല്ലെറിയാൻ വിട്ടുകൊടുത്തു"*** (JA 20:9,1 പുസ്തകം 20, അധ്യായം 9, വാക്യം1) ഈ പരാമർശം യേശുക്രിസ്തു വായനക്കാർക്കു സുപരിചിതനായ ഒരു വ്യക്തിയായിരുന്നു എന്നതിനു തെളിവാണ്.

ഇതിനേക്കാൾ ദീർഘമായ മറ്റൊരു വിവരണം ഇതേ ഗ്രന്ഥത്തിൽ ഉണ്ട്. ***"ഏതാണ്ട് ഇക്കാലത്ത് യേശു എന്നറിയപ്പെടുന്ന വലിയ ജ്ഞാനിയായ ഒരു മനുഷ്യൻ (അവനെ മനുഷ്യൻ എന്ന് വിളിക്കുന്നതു തന്നെ ന്യായമാണെങ്കിൽ) ജീവിച്ചിരുന്നു. അയാൾ അനേകം അത്ഭുതങ്ങൾ പ്രവർത്തിച്ചു. സത്യം സന്തോഷത്തോടെ സ്വീകരിക്കാൻ സന്നദ്ധതയുള്ള സകലർക്കും അവൻ ഒരു ഗുരുവായിരുന്നു. അനേകം യഹൂദരെയും വിജാതീയരെയും അവൻ തന്നിലേക്കാകർഷിച്ചു (അവനായിരുന്നു ക്രിസ്തു). ഞങ്ങളുടെ ഇടയിലെ ചില പ്രമുഖവ്യക്തികളുടെ നിർദേശമനുസരിച്ച് പീലാത്തോസ് അവനെ കുരിശുമരണത്തിനു വിധിച്ചു. എന്നാലും അവനെ ആദ്യം അനുഗമിച്ചവർ അവനെ തിരസ്ക്കരിച്ചില്ല. (കാരണം മരിച്ച് മൂന്നാംദിവസം അവൻ അവർക്കു ജീവനുള്ളവനായി പ്രത്യക്ഷപ്പെട്ടു. പ്രവാചകന്മാർ മുൻകൂട്ടി അറിയിച്ചതനുസരിച്ചാണിതു സംഭവിച്ചത്. അവനെ സംബന്ധിച്ച് ആയിരക്കണക്കിന് കാര്യങ്ങൾ പ്രവാചകന്മാർ പ്രവചിച്ചിരുന്നു). ക്രിസ്ത്യാനികൾ എന്നറിയപ്പെടുന്ന വർഗം, അങ്ങനെയാണവന്റെ ശിഷ്യന്മാർ അറിയപ്പെടുന്നത്, ഇന്നും അറ്റുപോയിട്ടില്ല."***

( ) അടയാളത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് പില്കാലത്തു കൂട്ടിച്ചേർക്കപ്പെട്ടതായി കരുതുന്നവരുണ്ട്. അതെല്ലാം ഒഴിവാക്കിയാലും ക്രിസ്ത്യാനികൾ വിശ്വസിച്ച് അനുഗമിക്കുന്ന യേശുക്രിസ്തു ഒരു ചരിത്രപുരുഷനായിരുന്നു എന്നതിന് നിഷേധിക്കാനാവാത്ത തെളിവായി നിൽക്കുന്നു ചരിത്രകാരനായ ജൊസേഫൂസിന്റെ ഈ വിവരണം.

## f. ക്രൂശിതനായ കഴുത

നീറോയുടെ മതപീഡനകാലത്ത് റോമൻ ഫോറത്തിന്റെ മതിലിൽ ഒരു ഹാസ്യചിത്രം പ്രത്യക്ഷപ്പെട്ടു– കുരിശിൽ തറയ്ക്കപ്പെട്ട മനുഷ്യന്റെ ഉടലും കഴുതയുടെ തലയുമുള്ള ഒരു ചിത്രം. അതിനിടയിൽ ഒരു കുറിപ്പ്: 'അനെക്സാമെനോസ് തന്റെ ദൈവത്തെ ആരാധിക്കുന്നു' (Anexamenos adorat deum suum). ക്രിസ്ത്യാനികൾ ക്രൂശിതനായ ഒരുവനെ ആരാധിക്കുന്നു എന്നതിന് ഈ ഹാസ്യചിത്രം സാക്ഷ്യം വഹിക്കുന്നു. കഴുതത്തല അതു വരച്ചവന്റെ ഉള്ളിലിരുപ്പും വ്യക്തമാക്കുന്നു. ***– തുടരും***

***(അടുത്ത ലക്കം : യേശുവിന്റെ ജനനവും ബാല്യവും)***

www.malankaralibrary.com

# മനുഷ്യാവതാരം: ദൈവമനുഷ്യസമാഗമത്തിന്റെ പൂർണതയും പാരമ്യവും



**റവ. ഡോ. ജോളി ഫിലിപ്പ് കരിമ്പിൽ**
*പ്രൊഫസർ, സെന്റ് മേരീസ് മലങ്കര മേജർ സെമിനാരി, നാലാഞ്ചിറ*

**ദൈവം എന്തിന് മനുഷ്യാവതാരമെടുത്ത് മന്നിൽ പിറന്നു? മനുഷ്യന്റെ പാപങ്ങൾക്ക് പരിഹാരമായ ഒരു രക്ഷയുടെ അവതാരമായിരുന്നോ അത്? അതോ മനുഷ്യാവതാരം പാപത്തെ ആശ്രയിച്ചല്ലാതെ ക്രിസ്തുവിനു പ്രാമുഖ്യം നൽകിക്കൊണ്ടുള്ളതായിരുന്നോ? ഇവയൊക്കെ വിശകലനം ചെയ്യുകയാണ് ഈ ലേഖനം.**

ദൈവം മനുഷ്യനായി പിറന്നു എന്ന മഹാസംഭവത്തെ നാം ആഘോഷിക്കുന്നതാണ് ക്രിസ്തുമസ്. ദൈവം എന്തിന് മനുഷ്യനായി പിറന്നു എന്ന ചോദ്യത്തിന് പൊതുവേ നാം കേൾക്കുന്ന ഉത്തരം- പാപം മൂലം തന്നിൽനിന്ന് അകൽച്ചയിലായിരുന്ന മനുഷ്യനെ രക്ഷിക്കുന്നതിനുവേണ്ടിയാണെന്നാണ്. വിശുദ്ധ ഗ്രന്ഥത്തിലും നമ്മുടെ ആരാധനക്രമത്തിലെ പ്രാർഥനകളിലും നാം ഇത് വളരെ വ്യക്തമായി കാണുന്നു. എന്നാൽ മനുഷ്യന്റെ പാപമാണോ മനുഷ്യാവതാരത്തിന്റെ ഏകകാരണം എന്ന ചോദ്യത്തിന് ഉത്തരമായി ചരിത്രത്തിൽ രണ്ട് വിചാരധാരകൾ കാണാൻ കഴിയും. രക്ഷകൻ പാപത്തിൽനിന്നും മരണത്തിൽനിന്നും സാത്താനിൽനിന്നും മനുഷ്യനെ രക്ഷിച്ചു, അതുകൊണ്ട് മനുഷ്യന്റെ പാപത്തിന്റെ ഫലമായാണ് ദൈവപുത്രൻ മനുഷ്യനായിത്തീർന്നത് എന്ന് വിശ്വസിക്കുന്നവർ ഏറെയുണ്ട്. എന്നാൽ മനുഷ്യൻ പാപം ചെയ്തില്ലായിരുന്നുവെങ്കിലും ദൈവം മനുഷ്യൻ ആകുമായിരുന്നു എന്ന് വാദിക്കുന്നവരുമുണ്ട്. കാരണമായി അവർ പറയുന്നത്- ദൈവം മനുഷ്യനെ സൃഷ്ടിച്ചത് ക്രിസ്തുവിനെ മുന്നിൽകണ്ടുകൊണ്ടാണ്. ദൈവവും മനുഷ്യനും ഒരു വ്യക്തിയിൽ യോജിക്കുന്നു, അങ്ങനെ മനുഷ്യനെ ദൈവികജീവനിൽ പങ്കുകാരാക്കുന്നു. അതുകൊണ്ട് മനുഷ്യാവതാരം പാപത്തെ ആശ്രയിച്ചല്ല. ഇങ്ങനെ വാദിക്കുന്നവർ ക്രിസ്തുവിന് പ്രാമുഖ്യം നൽകുന്നുണ്ട്.

## വചനം മാംസമായതെന്തിന്?

നിഖ്യാ വിശ്വാസപ്രമാണത്തിൽ നാം ഇപ്രകാരം ഉദ്ഘോഷിക്കുന്നു: 'മനുഷ്യരായ ഞങ്ങൾക്കും ഞങ്ങളുടെ രക്ഷയ്ക്കുംവേണ്ടി സ്വർഗത്തിൽനിന്നിറങ്ങി പരിശുദ്ധ റൂഹായിൽനിന്നും ദൈവമാതാവായ പരിശുദ്ധ കന്യാമറിയത്തിൽനിന്നും ശരീരിയായിത്തീർന്നു മനുഷ്യനായി.' യേശുക്രിസ്തു ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടാണെന്ന് യോഹ 1:29-ൽ പ്രതിപാദിക്കുന്നുണ്ട്. മനുഷ്യവംശത്തിന്റെ പാപപരിഹാരത്തിനായി ദൈവം സ്വപുത്രനെ അയച്ചു. വചനം മാംസമായത് എന്തിന് എന്ന ചോദ്യത്തിന് ഉത്തരമായി കത്തോലിക്കാ സഭയുടെ സാർവത്രിക മതബോധനഗ്രന്ഥം വളരെ വ്യക്തമായി പഠിപ്പിക്കുന്നു. 'പാപങ്ങൾ നിവാരണം ചെയ്യാനായി അവിടുന്ന് ആഗതനായി' (n 457).



www.malankaralibrary.com

അതേസമയം തന്നെ വചനം മാംസമായത് എന്തിന്, എന്ന ചോദ്യത്തിന് ഉത്തരമായി മതബോധനഗ്രന്ഥം 460-ാം ഖണ്ഡികയിൽ ഇപ്രകാരം പഠിപ്പിക്കുന്നു: 'ദൈവപ്രകൃതിയിൽ നമ്മെ ഭാഗഭാക്കുകളാക്കാൻ വേണ്ടിയാണ് വചനം മാംസം ധരിച്ചത്. ദൈവവചനം മനുഷ്യനായി; ദൈവപുത്രൻ മനുഷ്യപുത്രനായി. ദൈവവചനവുമായി ഐക്യപ്പെടുന്നതിലൂടെയും അങ്ങനെ ദത്തുപുത്രസ്ഥാനം സ്വീകരിക്കുന്നതിലൂടെയും മനുഷ്യൻ ദൈവപുത്രനായിത്തീരാനായി അവിടുന്ന് മനുഷ്യനായി. തന്റെ ദൈവത്വത്തിൽ നമ്മളെ ഭാഗഭാക്കുകളാക്കാൻ ആഗ്രഹിച്ചുകൊണ്ട്, ദൈവത്തിന്റെ ഏകപുത്രൻ നമ്മുടെ പ്രകൃതി സ്വീകരിച്ചു: മനുഷ്യരെ ദൈവങ്ങളാക്കിത്തീർക്കാൻവേണ്ടി അവിടുന്ന് മനുഷ്യനായി.' വിശുദ്ധ പത്രോസിന്റെ രണ്ടാം ലേഖനവും (2 പത്രോ 1:4) വിശുദ്ധ ഐറെനിയോസ്, വിശുദ്ധ അത്തനാസിയോസ് എന്നീ സഭാപിതാക്കന്മാരെയും ഉദ്ധരിച്ചാണ് മതബോധനഗ്രന്ഥം ഇപ്രകാരം പഠിപ്പിക്കുന്നത്.

ദൈവം മനുഷ്യനായിത്തീരുകയും പാപത്തിൽ നിന്ന് നമ്മെ മോചിപ്പിക്കാൻ കുരിശുമരണം വരിക്കുകയും ചെയ്തു എന്ന് നാം ഏവരും വിശ്വസിച്ച് ഏറ്റുപറയുന്നു. എന്നാൽ വിസ്മരിക്കാനാവാത്ത ഒരു യാഥാർഥ്യം കൂടിയുണ്ട് മനുഷ്യാവതാരത്തിന് പിന്നിൽ. മനുഷ്യാവതാരം പാപമോചനത്തിനുവേണ്ടി മാത്രമായിരുന്നില്ല. അതിലും ഉപരിയായി ഒരു ലക്ഷ്യം ദൈവത്തിനുണ്ടായിരുന്നു. ദൈവം മനുഷ്യനോട് സംസർഗം (union) ആഗ്രഹിക്കുകയും ആ സംസർഗംവഴി മനുഷ്യനിൽ ദൈവം തന്നെ നിക്ഷേപിച്ച ദൈവമായിത്തീരുക എന്ന ആഗ്രഹത്തെ സാക്ഷാത്കരിക്കുകയും ചെയ്യുക എന്ന വലിയ ലക്ഷ്യം. ഈ ഒരു കാരണം ഏതെങ്കിലുമൊരു അനിവാര്യതയിൽ നിന്ന് ഉടലെടുത്തതല്ല, പിന്നെയോ പൂർണമായ സ്വാതന്ത്ര്യത്തിൽനിന്നാണ്.

## ദൈവസംസർഗം

പാശ്ചാത്യസഭ കൂടുതലായി പാപമോചനം/വീണ്ടെടുപ്പ് (redemption) എന്ന ആശയത്തിന് ഊന്നൽ കൊടുക്കുമ്പോൾ, പൗരസ്ത്യ ദൈവശാസ്ത്രത്തിൽ ദൈവീകവത്കരണം (ദൈവസംസർഗം-divinization) എന്ന ആശയത്തിനാണ് ഊന്നൽ. ദൈവികജീവനിൽ മനുഷ്യന്റെ ഭാഗഭാഗിത്വം എന്ന ചിന്താധാരയ്ക്ക് പ്രാമുഖ്യം നൽകിയതുകൊണ്ട്, ഗ്രീക്ക് സഭാപിതാക്കന്മാർ എപ്പോഴും സൃഷ്ടികർമത്തിലുള്ള ക്രിസ്തുവിന്റെ സർവപ്രമുഖത (primacy) ക്രിസ്തു- സൃഷ്ടിയുടെ ലക്ഷ്യം എന്നീ ആശയങ്ങൾ വ്യക്തമായി പഠിപ്പിക്കുന്നു. കൊളോസോസുകാർക്കുള്ള ലേഖനം ഒന്നാം അധ്യായത്തെ (1:1516) ആസ്പദമാക്കി വിശുദ്ധ മാക്സിമൂസ് ഇപ്രകാരം പഠിപ്പിച്ചു: 'ക്രിസ്തുവാണ് സർവത്തിന്റെയും അന്ത്യം/ലക്ഷ്യം. എല്ലാം അവനുവേണ്ടിയാണ് സൃഷ്ടിക്കപ്പെട്ടത്. യുഗങ്ങൾക്കുമുമ്പേ ദൈവവും മനുഷ്യനും തമ്മിലുള്ള അവിഭാജ്യമായ യോജിപ്പ് ദൈവം മുന്നിൽകണ്ടു, എങ്കിലും അത് ക്രിസ്തുവിലാണ് പൂർത്തീകരിക്കപ്പെട്ടത്.' അതായത് മനുഷ്യനെ സൃഷ്ടിക്കുമ്പോൾ ക്രിസ്തുവായിരുന്നു ദൈവത്തിന്റെ മനസ്സിൽ സൃഷ്ടിക്കപ്പെട്ടത്. ഈ ഒരു വീക്ഷണമനുസരിച്ച് ദൈവം മനുഷ്യനായിത്തീർന്നത് മനുഷ്യൻപാപം ചെയ്തതുകൊണ്ട് മാത്രമല്ല. പാപം ചെയ്തില്ലായിരുന്നുവെങ്കിലും മനുഷ്യാവതാരം സംഭവിക്കുമായിരുന്നു.

തന്റെ ഛായയിലും സാദൃശ്യത്തിലും ദൈവം സൃഷ്ടിച്ച മനുഷ്യൻ പൂർണമായി ദൈവത്തെ സ്നേഹിക്കുകയും വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്യണം എന്നതായിരുന്നു ദൈവഹിതം. സ്ര

www.malankaralibrary.com

ഷ്ടാവ് എന്ത് ലക്ഷ്യത്തോടെ മനുഷ്യനെ സൃഷ്ടിച്ചുവോ, ആ ലക്ഷ്യത്തിൽ മനുഷ്യൻ എത്തിച്ചേരുമ്പോഴാണ് ദൈവത്തിന് മഹത്ത്വം ലഭിക്കുക. ദൈവത്തിന്റെ സങ്കല്പമനുസരിച്ചുള്ള മനുഷ്യനായിത്തീരാൻ മനുഷ്യൻ പരാജയപ്പെട്ടതാണ് ആദത്തിന്റെ പതനം സൂചിപ്പിക്കുന്നത്. എന്നാൽ, രണ്ടാം ആദമായ ക്രിസ്തുവിൽ (1 കോറി 15:45) മനുഷ്യനെക്കുറിച്ചുള്ള ദൈവത്തിന്റെ പദ്ധതി പൂർണമായും നിറവേറി. ദൈവത്തിന് തന്റെ സൃഷ്ടിയായ മനുഷ്യനിലൂടെ മഹത്ത്വം ലഭിച്ചു. ദൈവം മനുഷ്യനാകുന്നതോടെ പുതിയൊരു മനുഷ്യൻ ജനിക്കുകയാണ്. പുതിയ ആദമായ യേശു മനുഷ്യവംശത്തിന് മാനദണ്ഡമാണ്. എല്ലാ മനുഷ്യരും ആയിത്തീരേണ്ടത് എന്താണ് എന്നതിനുള്ള മാനദണ്ഡം. ദൈവവും- മനുഷ്യനും ക്രിസ്തുവിൽ ഇനി ഒരിക്കലും വേർപിരിയാനാവാത്ത രീതിയിൽ യോജിച്ചു. ഈ ഐക്യം സംഭവിക്കാൻ മനുഷ്യാവതാരം അനിവാര്യമായിരുന്നു.

## മനുഷ്യാവതാരത്തിന്റെ പൂർണത

മനുഷ്യൻ പാപം ചെയ്തില്ലായിരുന്നുവെങ്കിലും മനുഷ്യാവതാരം സംഭവിക്കുമായിരുന്നു എന്ന ദൈവശാസ്ത്ര ദർശനത്തെ 13-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന വാഴ്ത്തപ്പെട്ട ജോൺ ഡൺസ്കോറ്റസ് വളരെ മനോഹരമായി അവതരിപ്പിച്ചു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ മനുഷ്യർ മാത്രമല്ല മാലാഖമാരും സർവ സൃഷ്ടിയും ക്രിസ്തുവാകുന്ന പൂർണതയ്ക്കുവേണ്ടിയാണ് സൃഷ്ടിക്കപ്പെട്ടത്. അതായത് സൃഷ്ടിയുടെ മാനദണ്ഡവും (criterion) അന്തിമമായ ലക്ഷ്യവും (telos/end) ക്രിസ്തുവാണ്. ആദം ദൈവം ആകാൻ ആഗ്രഹിച്ച് പഴം ഭക്ഷിച്ചു. ദൈവം മനുഷ്യനെ സൃഷ്ടിച്ചത് ദൈവമാകാൻവേണ്ടിത്തന്നെയാണ്. ഈ ആഗ്രഹത്തിൽ തെറ്റില്ല. പക്ഷേ, ആദം സ്വീകരിച്ച മാർഗം തെറ്റായിരുന്നു. അനുസരണക്കേടിലൂടെ തട്ടിയെടുക്കാവുന്ന ഒന്നല്ല ദൈവത്വം. ഫിലിപ്പ്യർക്കുവേണ്ടിയുള്ള ലേഖനത്തിൽ വിശുദ്ധ പൗലോസ് എഴുതുന്നു: 'ദൈവത്തിന്റെ രൂപത്തിലായിരുന്നെങ്കിലും അവൻ ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട ഒരു കാര്യമായി പരിഗണിച്ചില്ല; തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെരൂപം സ്വീകരിച്ച് മനുഷ്യരുടെ സാദൃശ്യത്തിൽ ആയിത്തീർന്ന്, ആകൃതിയിൽ മനുഷ്യനെപ്പോലെ കാണപ്പെട്ടു; മരണംവരെ- അതേ കുരിശുമരണം വരെ- അനുസരണയുള്ളവനായി തന്നെത്തന്നെ താഴ്ത്തി' (ഫിലി 2:6-11).

ക്രിസ്തുവിൽ ദൈവം മനുഷ്യനായി അവതരിച്ചു. മനുഷ്യനായി അവതരിച്ച ഈ ക്രിസ്തുവിലാണ് മനുഷ്യൻ ദൈവത്തെ തൊടുന്നത്, ദൈവമായിത്തീരുന്നത്. സൃഷ്ടിയെക്കുറിച്ചുള്ള ദൈവത്തിന്റെ പദ്ധതി വെളിപ്പെടുകയും പൂർണമാവുകയും ചെയ്യുന്നത് മനുഷ്യാവതാരത്തിലാണ്.

ഇവിടെ ന്യായമായും സംശയമുയരാം. ഒന്നുമില്ലായ്മയിൽനിന്ന് സൃഷ്ടിക്കപ്പെട്ട മനുഷ്യന്, കാലാതീതനായ ദൈവത്തെപ്പോലെയാകാൻ സാധിക്കുമോ? ദൈവമായിത്തീരുക എന്നതുകൊണ്ട് ഇവിടെ അർഥമാക്കുന്നത് ദൈവത്തിന്റെ മക്കളായി ദത്തെടുക്കപ്പെടുക എന്നതാണ് (റോമാ 8:15). പൂർണദൈവവും പൂർണമനുഷ്യനുമായ ക്രിസ്തുവിലൂടെ സകല മനുഷ്യർക്കും ദൈവമക്കളാകാൻ വരം ലഭിക്കുന്നു (ഗലാ 4:4-7). ക്രിസ്തു സ്വഭാവത്താലെ പിതാവായ ദൈവത്തിന്റെ പുത്രനാണ്. എന്നാൽ ദൈവത്തിന്റെ സൃഷ്ടിയായ മനുഷ്യർ ദത്തെടുക്കലിലൂടെ ദൈവത്തിന്റെ മക്കളായിത്തീരുന്നു. വിശുദ്ധ യോഹന്നാൻ ശ്ലീഹാ ഈ യാഥാർഥ്യത്തെ തന്റെ ലേഖനത്തിലൂടെ വ്യക്തമാക്കുന്നു: 'കണ്ടാലും! എത്ര വലിയ സ്നേഹമാണ് പിതാവ് നമ്മോടു കാണിച്ചത്. ദൈവമക്കളെന്നു നാം വിളിക്കപ്പെടുന്നു; നാം അങ്ങനെയാണുതാനും. ലോകം നമ്മെ അറിഞ്ഞിട്ടില്ല. പ്രിയപ്പെട്ടവരേ, നാം ഇപ്പോൾ ദൈവത്തിന്റെ മക്കളാണ്. നാം എന്തായിത്തീരുമെന്ന് ഇതുവരെയും വെളിപ്പെട്ടിട്ടില്ല. എങ്കിലും ഒരു കാര്യം നാമറിയുന്നു. അവിടുന്നു പ്രത്യക്ഷനാകുമ്പോൾ നാം അവിടുത്തെപ്പോലെ ആകും. അവിടുന്ന് ആയിരിക്കുന്നതുപോലെ നാം അവിടുത്തെ കാണുകയും ചെയ്യും' (1 യോഹ 3:1-2).

എഫേസോസുകാർക്കുള്ള ലേഖനത്തിൽ വിശുദ്ധ പൗലോസ് ഈ സത്യം തന്നെയല്ലേ പഠിപ്പിച്ചത്: 'തന്റെ മുമ്പാകെ സ്നേഹത്തിൽ പരിശുദ്ധരും നിഷ്കളങ്കരുമായിരിക്കാൻ ലോകസ്ഥാപനത്തിനുമുമ്പുതന്നെ അവിടുന്ന് നമ്മെ ക്രിസ്തുവിൽ തെരഞ്ഞെടുത്തു. യേശുക്രിസ്തുവഴി നാം അവിടുത്തെ പുത്രരായി ദത്തെടുക്കപ്പെടണമെന്ന്, അവിടുന്ന് തന്റെ ഹിതവും ലക്ഷ്യവുമനുസരിച്ച് മുൻകൂട്ടി തീരുമാനിച്ചു. ഇത് കാലത്തിന്റെ പൂർണതയിൽ സ്വർഗത്തിലും ഭൂമിയിലുമുള്ള എല്ലാറ്റിനെയും ക്രിസ്തുവിൽ ഒന്നിപ്പിക്കുന്നതിനുവേണ്ടിയത്രേ' (എഫേ 1:4-5,10). ദൈവപുത്രന്റെ ഛായയിൽ വളരുന്നതിന്, ക്രിസ്തുവിന്റെ സ്വഭാവം നമ്മിൽ വളർച്ച പ്രാപിക്കുന്നതിന് ദൈവം നമ്മെ മുൻകൂട്ടി തെരഞ്ഞെടുത്തിരിക്കുന്നു (റോമാ 8:29-30; ഗലാ 4:19).

www.malankaralibrary.com

## ദൈവത്തിന്റെ ആദിചിന്ത

ദൈവത്തിന്റെ മനസ്സിൽ വചനം മാംസമായിത്തീർന്ന ക്രിസ്തുതന്നെയാണ് മുമ്പൻ. ആദം പാപം ചെയ്തതിനുശേഷമല്ല ദൈവം രക്ഷാകരപദ്ധതിക്ക് രൂപം നൽകുന്നത്. നിത്യനായ ദൈവം മനുഷ്യനെ സൃഷ്ടിക്കുന്നതിനുമുമ്പുതന്നെ മനുഷ്യന്റെ ഒരു മാതൃക (blue print) തയ്യാറാക്കിയിരുന്നു– അതാണ് ക്രിസ്തു (God Man) മനുഷ്യാവതാരം ഒരു അനന്തര ചിന്ത (after thought) അല്ലാ, മറിച്ച് ദൈവത്തിന്റെ ആദിചിന്തയാണ് (first thought).

ദൈവമാകാനുള്ള മനുഷ്യന്റെ ആഗ്രഹവും മനുഷ്യനാകാനുള്ള ദൈവത്തിന്റെ ആഗ്രഹവും കണ്ടുമുട്ടുന്നത് ക്രിസ്തുവിലാണ്. ദൈവത്തിന്റെ സ്വയംദാനത്തിന്റെ പാരമ്യമാണ് (culmination) ദൈവപുത്രന്റെ മനുഷ്യാവതാരം. സൃഷ്ടി ദൈവസ്നേഹത്തിന്റെ ബഹിർസ്ഫുരണമാണെങ്കിൽ, ദൈവസ്നേഹത്തിന്റെ സമ്പൂർണമായ നൽകലാണ് മനുഷ്യാവതാരം. ദൈവം തന്റെ ജീവനും സ്നേഹവും പൂർണമായി, തനിക്ക് പുറത്ത് തന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട സൃഷ്ടിയിൽ നിക്ഷേപിക്കാൻ തിരുമനസായതാണ് മനുഷ്യാവതാരം. വിശുദ്ധ യോഹന്നാന്റെ സുവിശേഷമനുസരിച്ച് ദൈവം മനുഷ്യനായി അവതരിച്ചതുതന്നെ മനുഷ്യന്റെ രക്ഷയാണ്. യേശുവിന്റെ കുരിശുമരണം അവന്റെ മഹത്ത്വീകരണത്തിന്റെ സമയമാണ് (hour of glory). തന്റെ ദൈവികജീവനും സ്നേഹവും മനുഷ്യനുമായി പങ്കുവയ്ക്കാനാണ് ദൈവം മനുഷ്യനായത്. തിരുപ്പിറവിതിരുന്നാൾ ശുശ്രൂഷയിൽ മനുഷ്യാവതാരം തന്നെ രക്ഷയുടെ നിമിഷമായി ചിത്രീകരിക്കപ്പെട്ടിരിക്കുന്നതായി കാണാം.

രക്ഷ എന്നതിനെ ചരിത്രത്തിലെ വെറുമൊരു നിമിഷമായി പരിമിതപ്പെടുത്താനാവില്ല. കുരിശുമരണം– ഉത്ഥാനംവഴി യേശു മനുഷ്യനെ രക്ഷിച്ചു എന്ന് നാം വിശ്വസിക്കുമ്പോഴും നാം മനസ്സിലാക്കണം രക്ഷ ഒരു യാത്രയാണ്. മനുഷ്യന്റെ സൃഷ്ടിമുതൽ യുഗാന്തംവരെ നീണ്ടുനിൽക്കുന്ന ഒരു യാത്ര. രക്ഷ അതിന്റെ പൂർണതയിൽ– ദൈവികജീവനിൽ മനുഷ്യന്റെ പങ്കുചേരലാണ്. മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത് ദൈവമാകാൻ വേണ്ടിയാണ് എന്നതുകൊണ്ട് ഇതാണ് അർഥമാക്കുന്നത്.

രക്ഷാകരചരിത്രത്തിലെ ഏറ്റവും നിർണായകമായ നിമിഷമാണ് ദൈവം മനുഷ്യനായി പിറന്ന നിമിഷം. ദൈവം നമ്മുടെ ലോകത്ത് കാലെടുത്തുവച്ച നിമിഷത്തിൽതന്നെ മനുഷ്യനും സ്വർഗത്തിൽ കാൽ വച്ചു. ജനനത്തിൽ തന്നെ തന്റെ മധ്യസ്ഥതയാൽ സ്വർഗീയരെയും ഭൗമികരെയും ദൈവപുത്രൻ രമ്യപ്പെടുത്തി. അതിലൂടെ മനുഷ്യർക്ക് ത്രിയേക ദൈവത്തിന്റെ ജീവനിൽ പങ്കുകാരാകാൻ സാധ്യത തെളിഞ്ഞു. നീൽ ആംസ്ട്രോംഗ് ചന്ദ്രനിൽ കാലുകുത്തിയപ്പോൾ, അത് ആ മനുഷ്യനെ സംബന്ധിച്ച് ഒരു ചെറിയ കാൽവയ്പ്പ്, മാനവരാശിക്ക് ഒരു വൻ കുതിച്ചുചാട്ടം എന്നാണ് വിശേഷിപ്പിക്കപ്പെട്ടത്. ദൈവം മനുഷ്യനായതിലൂടെ ഇത് പുത്രനായ ദൈവത്തിന് ചെറിയ ഒരു കാൽവയ്പ്പ്, മനുഷ്യവംശത്തിന് ഒരു വൻ കുതിച്ചുചാട്ടം എന്ന് നമുക്ക് പറയാൻ കഴിയും.

## ശരീരങ്ങളുടെ വീണ്ടെടുപ്പ്

ദൈവം മനുഷ്യനായതോടെ ദൈവവും മനുഷ്യനും ക്രിസ്തുവിൽ അവിഭാജ്യമാംവിധം യോജിച്ചിരുന്നുവെങ്കിൽ സ്വർഗാരോഹണത്തിലൂടെ മനുഷ്യസ്വഭാവം സ്വർഗത്തിൽ ഇടം കണ്ടെത്തിയിരിക്കുന്നു. 20–ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഈശോസഭക്കാരനായ വൈദികൻ *Pierre Teilhard De Chardin* പരിണാമത്തെക്കുറിച്ച് പറഞ്ഞതിപ്രകാരമാണ്: 'സൃഷ്ടി മുഴുവനും ഒമേഗ പോയിന്റ് ലക്ഷ്യമാക്കി യാത്രചെയ്യുന്നു.' ബനഡിക്ട് പതിനാറാമൻ പാപ്പയുടെ വീക്ഷണമനുസരിച്ച് ലോഗോസായ ക്രിസ്തുതന്നെയാണ് ഒമേഗ പോയിന്റ്. അവനിൽ മനുഷ്യൻ പരിണാമദിശയിലെ കുതിച്ചുചാട്ടം (evolutionary leap) നടത്തിയിരിക്കുന്നു. വചനം മാംസംധരിച്ചു, നമ്മുടെയിടയിൽ വസിച്ചു, മരിച്ചു, ഉത്ഥാനം ചെയ്തു 'പരിണാമത്തിന്റെ അവസാനഘട്ടമായ നിത്യജീവൻ ഉദ്ഘാടനം ചെയ്തു. ക്രിസ്തുവിനോട് ഐക്യപ്പെടുന്നവർ അവരുടെ പുനരുത്ഥാനംവഴി നിത്യജീവനിൽ ഭാഗഭാക്കുകളാകുന്നു.' അതുകൊണ്ടാണ് വിശുദ്ധ പൗലോസ് 'ശരീരങ്ങളുടെ വീണ്ടെടുപ്പാകുന്ന പുത്രത്വലബ്ധി'യെയാണ് വിശ്വാസികൾ പ്രതീക്ഷിക്കുന്നത് എന്നുപറയുന്നത് (റോമാ 8:23).

## ദൈവം മനുഷ്യനായത് എന്തിന്?

ദൈവപുത്രന്റെ മനുഷ്യാവതാരം ദൈവസ്നേഹത്തിന്റെ പൂർണമായ വെളിപ്പെടുത്തലാണ്. 'തന്റെ ഏകപുത്രൻ വഴി നാം ജീവിക്കേണ്ടതിനായി ദൈവം അവനെ ലോകത്തിലേക്കയച്ചു. അങ്ങനെ, ദൈവത്തിന്റെ സ്നേഹം നമ്മുടെയിടയിൽ വെളിപ്പെട്ടിരിക്കുന്നു' (യോഹ 4:9).

ദൈവം തന്റെ പുത്രനിലൂടെ തന്നെത്തന്നെ മനു

www.malankaralibrary.com

ഷ്യന് നൽകി എന്നതാണ് മനുഷ്യാവതാരം എന്ന മഹാവിസ്മയം. ദൈവം സൃഷ്ടിയിലൂടെ തന്റെ സ്നേഹവും ജീവനും പങ്കുവച്ചുവെങ്കിൽ, പുത്രനായ ദൈവം മനുഷ്യസ്വഭാവം സ്വീകരിക്കുന്നതിലൂടെ ദൈവത്തിന്റെ സ്നേഹവും ജീവനും പൂർണമായും മനുഷ്യന് സ്വീകരിക്കാൻ കഴിഞ്ഞു. അതുകൊണ്ടാണ് ദൈവ–മനുഷ്യ സമാഗമത്തിന്റെ പൂർണതയും ഉച്ചകോടിയുമാണ് ക്രിസ്തുവിൽ സാധിതമായത് എന്ന് തിരുസഭ പഠിപ്പിക്കുന്നത്. മനുഷ്യാവതാരം ദൈവസ്നേഹത്തിന്റെ ഏറ്റവും വലിയ അടയാളമാണ്. മനുഷ്യൻ പാപം ചെയ്തില്ലായിരുന്നുവെങ്കിലും ദൈവം മനുഷ്യനാകുമായിരുന്നു. എന്നാൽ ആദിമാതാപിതാക്കന്മാരുടെ പതനത്തിനുശേഷം മനുഷ്യാവതാരത്തിന് പാപമോചനം/വീണ്ടെടുപ്പ് (redemption) എന്ന മാംനം കൈവന്നു.

ദൈവത്തിന്റെ മനുഷ്യാവതാരം മനുഷ്യനോടുള്ള ദൈവത്തിന്റെ സ്നേഹത്തിന്റെ അടയാളം മാത്രമല്ല, സ്രഷ്ടാവായ ദൈവത്തോടുള്ള സൃഷ്ടിയായ മനുഷ്യന്റെ സ്നേഹത്തിന്റെ അടയാളം കൂടിയാണ്. മനുഷ്യനെത്തേടി താഴോട്ട് ഇറങ്ങിവരുന്ന ദൈവവും മുകളിലേക്ക് ഉയരുന്ന മനുഷ്യനും തമ്മിൽ സന്ധിക്കുന്നതാണ് ക്രിസ്തു. പിതാവായ ദൈവത്തെ മനുഷ്യൻ സ്നേഹിക്കേണ്ടതെങ്ങനെയെന്ന് ക്രിസ്തു മനുഷ്യകുലത്തെ തന്റെ ജീവിതത്തിലുടനീളം പ്രത്യേകിച്ച് കുരിശുമരണത്തിൽ വെളിപ്പെടുത്തിയ അനുസരണത്തിലൂടെ പഠിപ്പിച്ചു.

ദൈവപുത്രത്വം എന്നാൽ ദൈവപിതാവിന്റെ ഹിതത്തോടുള്ള വിധേയത്വം അല്ലെങ്കിൽ അനുസരണമാണ് എന്ന് തന്റെ മനുഷ്യാവതരത്തിലൂടെയും കുരിശുമരണത്തിലൂടെയും ക്രിസ്തു നമ്മെ പഠിപ്പിച്ചു. ഈ അനുസരണത്തിന്റെ പുറകിൽ പിതാവിനോടുള്ള സ്നേഹവും സമ്പൂർണമായ വിശ്വാസവുമാണ്. പുത്രൻ ആരാണ്? ആരാകണം? മനുഷ്യൻ ആരാണ്? ആരാകണം? എന്നീ ചോദ്യങ്ങൾക്കുള്ള ഒരേയൊരു ഉത്തരം ക്രിസ്തുവാണ് എന്ന് തിരുസഭ രണ്ടാം വത്തിക്കാൻ സൂനഹദോസിലെ ’സഭ ആധുനിക ലോകത്തിൽ’ എന്ന പ്രമാണരേഖയിൽ ഉദ്ബോധിപ്പിക്കുന്നു (*Gaudium et spes 22*). ദൈവത്തിന്റെ സൃഷ്ടിയായ മനുഷ്യൻ എന്താണ് ആയിത്തീരേണ്ടത് എന്നതിനുള്ള മാനദണ്ഡം ക്രിസ്തുവാണ്. അതുകൊണ്ടുതന്നെ ക്രിസ്തുവായിത്തീരുക എന്നതാണ് മനുഷ്യജീവന്റെ ആത്യന്തിക ലക്ഷ്യം. രക്ഷകന്റെ ജനനത്തിനായ് നാം ഒരുങ്ങുമ്പോൾ ഈ ചിന്ത നമ്മെ നയിക്കട്ടെ. ■

## ഏറ്റവും പ്രശസ്തമായ ക്രിസ്മസ് ഗാനം


സ്റ്റില്ലെ നാഹ്റ്റ് കപ്പേള

1818 ഡിസംബർ 24 ന് ഓസ്ട്രിയായിലെ സാൾസ്ബുർഗിലുള്ള ഓബേൺഡോർഫ് എന്ന ഗ്രാമത്തിലെ ദൈവാലയത്തിൽ യോസഫ് ഫ്രാൻസിസ്കൂസ് മോർ എന്ന വൈദികൻ രചിച്ച് ഫ്രാൻസ് സാവർ ഗ്രൂബർ സംഗീതം നൽകി ആലപിച്ച സ്റ്റില്ലേ നാഹ്റ്റ്, ഹൈലിഗേ നാഹ്റ്റ് (Stille Nacht, Heilige Nacht) ഇംഗ്ലീഷിൽ Silent Night, Holy Night എന്ന പേരിലുള്ള ഗാനം ആണ് ലോക ചരിത്രത്തിലെ ഏറ്റവും പ്രശസ്തമായ ക്രിസ്മസ് ഗാനം.

ആദ്യമായി ഈ പാട്ടു രചിക്കപ്പെട്ട ദൈവാലയം കേടുപാടുകൾ വന്നു പൊളിച്ചു മാറ്റേണ്ടി വന്നെങ്കിലും അതേ സ്ഥലത്തു **‘സ്റ്റില്ലെ നാഹ്റ്റ് കപ്പേള’** എന്ന പേരിൽ 1924നും 1936നും ഇടയിലുള്ള കാലഘട്ടത്തിൽ പണികഴിപ്പിക്കപ്പെട്ട കപ്പേള ഇന്നും സന്ദർശകരെ ആകർഷിക്കുന്നു

**www.stillenacht-kapelle.at**

www.malankaralibrary.com

# ക്രിസ്തുമസിന്റെ മാറുന്ന ഓർമകൾ

ക്രിസ്തുമസ് കാരളുകളുടെ കാലമായി. പാപപങ്കിലമായി കിടക്കുന്നിടത്തുകൂടിയായാൽപ്പോലും കാരൾ കടന്നു പോകുന്ന സമയം അവിടം വിശുദ്ധ സ്ഥലമായി മാറും. നമ്മുടെ ഓരോരുത്തരുടേയും മനസ്സുകളിലൂടെ ഇടയ്ക്കിടെ കാരൾ കടന്നുപോകണം. എങ്കിലേ സന്മനസും സമാധാനവും ഉണ്ടാകൂ. വർഷങ്ങൾക്ക് പിന്നിലെ ക്രിസ്തുമസ് കാലത്തെയും ആചാരാനുഷ്ഠാനങ്ങളെയുംകുറിച്ചുള്ള ഓർമകൾ.



**ജോഷി ജോർജ്**
*മൈന്റ് പവർ ട്രെയിനർ & മീഡിയ പേഴ്സൺ*

ഇതാ, സമാധാന ദൂതുമായി ക്രിസ്തുമസ് വരവായി. ക്രിസ്തുമസിന്റെ പ്രധാന ചടങ്ങുകളിലൊന്നാണ് ക്രിസ്തുമസ് കാരൾ. ഏതാണ്ട് നാലുനൂറ്റാണ്ടുകൊണ്ടാണ് പുരോഹിതശ്രേണി ഘടനയോടുകൂടിയുള്ള മതവ്യവസ്ഥയും ദൈവശാസ്ത്രധാരണകളും ചേർന്ന് ക്രിസ്തുമസ്, ഈസ്റ്റർ തുടങ്ങിയ ക്രിസ്തുമത ആഘോഷാചാരാനുഷ്ഠാനങ്ങൾ രൂപം കൊള്ളുന്നത്.

ക്രിസ്തുവിന്റെ ജനനത്തോടെയാണ് ലോക ചരിത്രം ബി.സി എന്നും എ.ഡി എന്നും വിഭജിക്കപ്പെട്ടത്. ബി.സി– ബിഫോർ ക്രൈസ്റ്റ്. എ.ഡി –അന്നോ ദൊമിനി. ക്രിസ്തുവിനു മുമ്പും ക്രിസ്തുവിന് ശേഷവും എന്ന് മലയാളീകരിക്കാം.

ചോര കട്ടപിടിക്കുന്ന ഏറെ തണുപ്പുള്ള ഒരു രാത്രി. പൂർണഗർഭിണിയായ ഭാര്യ മറിയത്തോടൊത്ത് ബേത്‌ലഹെമിലെ വീടുകളുടേയും സത്രങ്ങളുടേയും വാതിലുകളിൽ മുട്ടുകയാണ് യൗസേപ്പ്. ഒന്നും അവർക്കുമുന്നിൽ തുറന്നില്ല. ഒടുവിൽ ഒരു പശുത്തൊഴുത്തിൽ അവർ അഭയം കണ്ടെത്തി. പാതിരാവിൽ ആ തൊഴുത്തിലാണ് മറിയം തന്റെ പൊന്നോമനക്കുഞ്ഞിന്, യേശുവിന് ജന്മം നൽകിയത്. ചരിത്രഗതിയെപ്പോലും സ്വാധീനിച്ചൊരു പിറവി തീർത്തും നിസ്സാരമായൊരു പശുത്തൊഴുത്തിൽ...!

സത്യത്തിൽ ഇന്നു നാം കാണുന്ന പല ക്രിസ്തുമസ് ആഘോഷങ്ങളും യഥാർഥ ക്രിസ്തുമസും തമ്മിൽ വലിയ അന്തരമുണ്ട്. യേശുവിന്റെ ജനനം നടന്നത് മനുഷ്യാവകാശലംഘനങ്ങളുടെയും അനീതിയുടെയും അധാർമികതയുടെയും ക്രൂരമായ ഭൂമികയിലായിരുന്നു. കച്ചവടവല്ക്കരിക്കപ്പെട്ട ആധുനിക ആഘോഷങ്ങൾ നമുക്കു വരച്ചുകാട്ടുന്ന സമ്പന്നതയുടെയും ആർഭാടത്തിന്റെയും പശ്ചാത്തലത്തിൽ ആയിരുന്നില്ല യേശുവിന്റെ ജനനം എന്ന് ചുരുക്കം.

മനുഷ്യാവകാശത്തിലെ ഏറ്റവും പ്രധാനപ്പെട്ടവ ഭക്ഷണവും പാർപ്പിടവും വസ്ത്രവുമാണ്. ഇവ മൂന്നും നിഷേധിക്കപ്പെട്ടവനായാണ് യേശു ഭൂമിയിൽ പിറന്നുവീണത്. പിതാവായ യൗസേപ്പ് കേവലമൊരു മരപ്പണിക്കാരനായിരുന്നു. ഡിസംബറിലെ കൊടിയ മഞ്ഞുള്ള രാത്രിയിൽ ശിശുവിന് കമ്പിളി വസ്ത്രം വേണമെന്നിരിക്കെ വെറും കീറപ്പഴന്തുണിയിൽ പൊതിയപ്പെട്ടുകിടക്കുന്ന യേശു എന്ന ശിശു ഉടുതുണിക്ക് മറുതുണിയില്ലാത്ത ദരിദ്രരുടെ പ്രതിനിധിയാ


www.malankaralibrary.com

ണ്. സത്രങ്ങളും വഴിയമ്പലങ്ങളും അവർക്കു മുന്നിൽ കൊട്ടിയടയ്ക്കപ്പെട്ടപ്പോൾ പശുത്തൊഴുത്തുമാത്രമാണ് ആശ്രയമായത്. അതുകൊണ്ടു തന്നെ യേശു ഭവനരഹിതരുടെ പ്രതിനിധിയാണ്. ആ അർഥത്തിൽ ക്രിസ്തുമസ് അടിസ്ഥാന മനുഷ്യാവകാശ ലംഘനങ്ങളുടെ ഓർമപ്പെടുത്തലാണ്. അപ്പോൾ ക്രിസ്തുമസ് ആഘോഷിക്കേണ്ടത് മനുഷ്യാവകാശം നിഷേധിക്കപ്പെടുന്ന ദരിദ്രരോടും പതിതരോടും മർദ്ദിതരോടും ഐക്യദാർഢ്യപ്പെട്ടുകൊണ്ടാകണം.

തികച്ചും ലാളിത്യമുള്ള ആ പവിത്രമായ സ്മരണയുടെ തുടർച്ചയായാണ് ഇന്നും ലോകമെമ്പാടും ക്രിസ്തുമസിനോടനുബന്ധിച്ച് പുൽക്കൂടുണ്ടാക്കുന്നതെന്ന് നാം മറന്നുപോകരുത്.

ലോകത്താദ്യമായി ക്രിസ്തുമസ് ആഘോഷങ്ങളുടെ ഭാഗമായി പുൽക്കൂട് ഒരുക്കിയത് അസ്സീസിയിലെ വിശുദ്ധ ഫ്രാൻസീസ് ആണ്. 1224-ലെ ഒരു ക്രിസ്തുമസ് രാവിൽ തന്റെ ഗ്രാമത്തിലൊരു കാലിത്തൊഴുത്ത് അതിനായി അദ്ദേഹം തെരഞ്ഞെടുത്തു. അവിടെ കാലികളേയും മനുഷ്യരേയും പ്രവേശിപ്പിച്ചു ക്രിസ്തുമസ് സ്മരണ പുതുക്കുകയായിരുന്നു.

പണ്ടൊക്കെ വീടുകളിൽ പുൽക്കൂട് ഒരുക്കലും ക്രിസ്തുമസ് മരം നിർമിക്കലും കുട്ടികളുടെ കലാവിരുത് പ്രകടിപ്പിക്കാനുള്ള കനകാവസരമായിരുന്നു. ഇന്നെല്ലാം റെഡിമെയ്ഡായി കിട്ടും. വില കൊടുത്താൽ മാത്രം മതി. മറ്റൊരു ആകർഷണമായിരുന്നു ക്രിസ്തുമസ് കാർഡ്. പണ്ടൊക്കെ ക്രിസ്തുമസ് ഈവ് വർഷം മുഴുവനും ഏറ്റവും കൂടുതൽ കാത്തിരുന്ന നിമിഷമായിരുന്നു. ക്രിസ്തുമസ് ഫെസ്റ്റിവലിന്റെ ഏറ്റവും നല്ല ഭാഗം ക്രിസ്തുമസ് ആശംസാകാർഡുകൾ ഉപയോഗിച്ച് എല്ലാവരേയും അഭിവാദ്യം ചെയ്യുക എന്നതാണ്. പ്രിയപ്പെട്ടവർ എഴുതിയ ആശംസകളുമായെത്തുന്ന കാർഡുകൾ പ്രതീക്ഷിക്കാത്തവരുടെ എണ്ണം വളരെ കുറവായിരുന്നു. ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കുമെല്ലാമുള്ള കാർഡുകൾ തയ്യാറാക്കി ഒന്നിച്ച് തപാൽപ്പെട്ടിയിൽ നിക്ഷേപിച്ച് കഴിഞ്ഞാൽപ്പിന്നെ ദിവസങ്ങളെണ്ണിയുള്ള കാത്തിരിപ്പായിരുന്നു, മറുപടി ആശംസകൾക്കായി. പോസ്റ്റുമാന്റെ വരവിനായുള്ള ആ കാത്തിരിപ്പിന്റെ ഓർമകൾ അയവിറക്കാനെ ഇന്നു കഴിയൂ. ആർക്കും ഒന്നിനും സമയമില്ല. ഒരു ദിവസം തന്നെ ക്രിസ്തുമസിന് മാറ്റിവയ്ക്കാൻ ആളുകൾ പെടുന്ന പാട് അല്ല, പങ്കപ്പാട് എത്രയെന്ന് കണ്ടുതന്നെ അറിയണം.

www.malankaralibrary.com

## ആഘോഷത്തിന്റെ മരം

മണികിലുക്കമുള്ള അലങ്കാരവിളക്കുകളും കുഞ്ഞുകുഞ്ഞു നക്ഷത്രങ്ങളും കണ്ണുചിമ്മുന്ന തോരണങ്ങളും ബലൂണകളും നിറഞ്ഞ ക്രിസ്തുമസ് മരം നമുക്കു പരിചിതമാണല്ലോ..! വർഷം മുഴുവൻ പച്ചപുതച്ചുനിൽക്കുന്ന നിത്യഹരിത വൃക്ഷങ്ങളെ അലങ്കരിച്ചാരാധിക്കുന്ന പതിവ് പുരാതന ഈജിപ്തിലും മറ്റും ഉണ്ടായിരുന്നു. നിത്യഹരിത സസ്യങ്ങൾ ഒരിക്കലും നശിക്കാത്ത ജീവന്റെ പ്രതീകങ്ങളായിരുന്നു അവർക്ക്. അനശ്വരതയോടുള്ള ആ ഇഷ്ടം ക്രിസ്തുമസ് ആഘോഷങ്ങളുടേയും ഭാഗമായി. ഇന്നുകണ്ടുവരുന്നതു പോലുള്ള ക്രിസ്തുമസ് ട്രീകളുടെ ജനനം ജർമനിയിലാണ്. ആദത്തേയും ഹവ്വയേയും ദൈവം ഏദൻ തോട്ടത്തിൽ പാർപ്പിച്ചെന്നും അവിടെ ഒരു സ്വർഗീയ വൃക്ഷം ഉണ്ടായിരുന്നുവെന്നുമാണല്ലോ ക്രിസ്തീയ വിശ്വാസം. ആ സ്വർഗീയ വൃക്ഷത്തിന്റെ പ്രതീകമായി, ആപ്പിളുകൾ തൂക്കിയിട്ട ദേവദാരുവിന്റെ ചില്ലകൾ എല്ലാ വർഷവും ഡിസംബർ 24-ന് ജർമൻ വീടുകളിൽ സ്ഥാപിച്ചിരുന്നു. തടിയിൽ തീർത്ത ത്രികോണാകൃതിയിലുള്ള പീഠത്തിൽ നക്ഷത്രവും പ്രതിമകളുമൊക്കെ നിരത്തി ക്രിസ്തുമസ് പിരമിഡും അവർ ഒരുക്കിയിരുന്നു. 16-ാം നൂറ്റാണ്ടോടുകൂടി സ്വർഗീയ വൃക്ഷവും ക്രിസ്തുമസ് പിരമിഡും ഒന്നിച്ച് ആധുനിക രീതിയിലുള്ള ക്രിസ്തുമസ് ട്രീ നിർമിച്ചു തുടങ്ങി. അന്നുമുതലാണ് ക്രിസ്തുമസ് ട്രീക്ക് പിരമിഡ് ആകൃതി വന്നത്. ക്രിസ്തു അനശ്വരനാണെന്ന സന്ദേശവും ഈ എവർഗ്രീൻ ക്രിസ്തുമസ് ട്രീകൾക്കു പിന്നിലുണ്ട്.

## സാന്താക്ലോസ്

തൂമഞ്ഞിൻ വെണ്മയുള്ള താടിയും രോമക്കുപ്പായവും നീണ്ടുകൂർത്ത തൊപ്പിയും ധരിച്ചെത്തുന്ന സാന്താക്ലോസ്- നമ്മുടെ ക്രിസ്തുമസ് അപ്പൂപ്പൻ..! തോൾ സഞ്ചി നിറയെ സമ്മാനങ്ങളുമായി സാന്താക്ലോസ്‌വരുന്നതും കാത്തിരിക്കുന്ന എത്രയോ ഡിസംബർ രാവുകളുടെ കഥ പറയാനുണ്ടാകും നമുക്ക്. ഏഷ്യാമൈനാറിലെ മിറായിൽ ബിഷപ്പായിരുന്ന വിശുദ്ധ നിക്കോളാസ് ആണ് കുട്ടികളുടെ പ്രിയ സാന്താക്ലോസ് ആയതെന്നാണ് വിശ്വാസം. സാന്ത എന്ന വാക്കിനർഥം വിശുദ്ധൻ എന്നാണ്.

നമുക്കു പരിചിതമായ ക്രിസ്തുമസ് അപ്പൂപ്പന്റെ ഇപ്പോഴത്തെ രൂപം ആദ്യം വരച്ചത് കാർട്ടൂണിസ്റ്റ് തോമസ് നാസ്റ്റാണ്. ഹാർപ്പേഴ്സ് വീക്കിലിക്കു വേണ്ടി 1863-ൽ ആയിരുന്നു അത്.

## കാരൾ ഗീതങ്ങൾ

ആദ്യ ക്രിസ്ത്യാനികൾ പൂർവകാലത്തെ ആഘോഷരീതികൾ ഏറ്റെടുത്ത് ക്രിസ്തുമസിന് ക്രിസ്ത്യൻ ഗാനങ്ങൾ ആലപിക്കുന്ന രീതി കൊണ്ടുവന്നു. എ.ഡി. 129-ലാണ് ആദ്യ ക്രിസ്തുമസ് ഗാനം രചിക്കപ്പെട്ടതായി രേഖകളുള്ളത്. ലത്തീനിൽ എഴുതപ്പെട്ട ഇവ അപ്പോൾ 'സ്തോത്രങ്ങൾ' എന്നാണ് അറിയപ്പെട്ടിരുന്നത്. എട്ടാം നൂറ്റാണ്ടുമുതൽ പലരും ക്രിസ്തുമസ് കാരളുകൾ രചിക്കാൻ തുടങ്ങിയിരുന്നു. പിന്നീട് വീടുകളിലൂടെ കയറി ഇറങ്ങിയുള്ള കാരൾ ആരംഭിച്ചുവെന്ന് ചരിത്രം.

ചെറുപ്പകാലത്ത് ഏറെ ആകർഷിച്ചിരുന്നത് കഠിനമായ തണുപ്പുള്ള രാത്രിയിൽ വീടുവീടാന്തരം തമ്പേറുമുട്ടി, മണികിലുക്കി കൂട്ടംകൂടി നക്ഷത്രവിളക്കും പുൽക്കുടും പിടിച്ച് പാട്ടുപാടി ആർത്തുല്ലസിച്ചുനീങ്ങുന്ന കാരൾ സംഘങ്ങൾതന്നെയാണ്. ആഴ്ചകൾക്കുമുമ്പേ അതിനുള്ള റിഹേഴ്സൽ തുടങ്ങിയിരിക്കും. നന്നായി പാട്ടുപാടുന്നവർക്കാണ് മുൻഗണന. പിന്നെ മേളമൊരുക്കാൻ വേണ്ട താളമുള്ളവർ, ഇത്തരം കഴിവുകളൊന്നുമില്ലാത്തവർ നക്ഷത്രവിളക്കു പിടിക്കണം. പുൽക്കൂട് പിടിക്കണം. കൈകൊട്ടി താളം പിടിക്കണം. അതെല്ലാം ഏറെ സന്തോഷത്തോടെയാണ് എല്ലാവരും ചെയ്തിരുന്നത്.

എനിക്ക് സൺഡേ സ്കൂളിൽ അഞ്ചാം ക്ലാസിലെത്തിയശേഷമേ കാരൾ സംഘത്തോടൊപ്പം രാത്രിയിൽ വീടുകൾ കയറാൻ അനുമതി വീട്ടിൽ നിന്നും കിട്ടിയുള്ളു. അതും ഒട്ടേറെ കരച്ചിലും പിഴിച്ചിലുകൾക്കുംശേഷം. മുൻ വർഷങ്ങളിൽ കാരളിന് പോയ ചേട്ടന്മാരുടെ പല വിക്രിയകളും പൊടിപ്പും തൊങ്ങലും വച്ച് കാരളിൽ പങ്കെടുക്കാത്തവരായ ഞങ്ങളോട് പറയുമ്പോൾ അതെല്ലാം ആർത്തിയോടെ കേട്ട് നെടുവീർപ്പിട്ടിരിക്കേണ്ട ഗതികേട് ഏറെ അനുഭവിച്ചവനാണ് ഞാൻ. പ്രധാനമായും കാരളിന് പോകുമ്പോൾ രഹസ്യമായി സിഗരറ്റ് വലിക്കാൻ അവസരം കിട്ടും. ഈ കുസൃതിയായിരുന്നു വലിയ ത്രിൽ..! ആദ്യമായി കാരളിന് പോകുംമുമ്പ് ആ വർഷം അമ്മാവന്മാരിൽ നിന്നും മറ്റും കിട്ടിയ പോക്കറ്റ് മണി സ്വരൂപിച്ച് മൂത്ത ചേട്ടന്മാരെ ഏൽപ്പിക്കും. അന്നുവരെ പ്രചാരത്തിലിരുന്ന ഫാഷൻ ഷോ, കൂൾ, വിൽസ്...തുടങ്ങിയ സിഗരറ്റുകൾ ആവശ്യാനുസരണം വാങ്ങി അവർ ഭദ്രമായി തൊപ്പിക്കുള്ളിലോ, കമ്പിളിയുടുപ്പിനുള്ളിലോ സൂക്ഷിച്ചിരിക്കും.

www.malankaralibrary.com

ആ വർഷം കാരൾ പോകേണ്ട ദിവസം എത്തി. ഒരുകണക്കിന് സന്ധ്യയാക്കിയെടുത്തു. എല്ലാവരും ഉഷാറോടെ പള്ളിയിലെത്തി. സന്ധ്യാപ്രാർഥന കഴിഞ്ഞു. പള്ളിക്കു മുമ്പിൽ നിന്നൊരു പാട്ടുപാടി. തമ്പേറടിച്ചു. നനുത്ത തണുപ്പ് അരിച്ചിറങ്ങുന്നുണ്ടെങ്കിലും ആകെ ആഹ്ളാദപ്പെരുമഴ. അന്ന് ഒരു സംഘം എല്ലാവീടുകളിലും മൂന്നും നാലും ദിവസം കൊണ്ടാണ് കാരൾ പാടിത്തീർക്കുക. കാരളിനുപോകുന്നവർ പകൽ നന്നായി ഉറങ്ങും. അതാണ് പതിവ്. അങ്ങിനെ ആദ്യ വീട്ടിലേക്കുള്ള യാത്ര തുടങ്ങി. എനിക്ക് സിഗററ്റ് വലിക്കാനുള്ള വെമ്പൽ കൂടിക്കൂടി വന്നു. ഞാൻ സിഗരറ്റ് വാങ്ങാൻ പറഞ്ഞ് പണം കൊടുത്തേൽപ്പിച്ച ചേട്ടനോട് സ്വകാര്യമായി ചോദിച്ചു. ഞാൻ സിഗരറ്റ് വലിച്ചോട്ടെ. 'എടാ.. സാറന്മാർ തൊട്ടുപിറകെയുണ്ട്. ഇത്തിരി കൂടി രാത്രിയായിക്കോട്ടെ, ഇങ്ങനെ വെപ്രാളപ്പെട്ടാലോ..?'

ഞാൻ അല്പം പിൻവാങ്ങിയെങ്കിലും സിഗരറ്റ് വലിക്കാനുള്ള വെമ്പൽ അടക്കാനാകാതെ ചേട്ടന്റെ പിറകെ കൂടി. വീണ്ടും ഞാൻ കക്ഷിയെ ചൊറിയാൻ തുടങ്ങി. അപ്പോഴേക്കും ഞങ്ങൾ ഒരു വീടിന്റെ മുന്നിലെത്തി. 'നീ ഈ വീട്ടിൽ കയറിക്കോ, ഒരു പാട്ടു കഴിയുമ്പോ എന്റെ അടുക്കൽ വന്നാൽ മതി.' ഞാൻ മനമില്ലാ മനസ്സോടെ വീട്ടിലേക്ക് കയറി. പാട്ടുകാരുടെ ഒപ്പം നിന്നു. എന്റെ ശ്രദ്ധ മുഴുവൻ സിഗരറ്റ് വലിച്ച് പുക ഊതിവിടുന്നതിലായി. ചുണ്ടുകൊണ്ട് പുക വിടുന്നമാതിരി എന്തൊക്കെയൊ കാണിക്കുന്നത് ഹെഡ്മാസ്റ്റർ കണ്ടു. അദ്ദേഹം പിന്നാലെ വന്ന് എന്റെ ചെവിക്കുപിടിച്ച് രണ്ടു തിരി..! ഗോഷ്ഠി കാണിക്കാതെ നിന്നു പാടടാ..! മുരണ്ടുകൊണ്ട് ചെവിയിൽ മന്ത്രിച്ചു.

ആദ്യ പാട്ട് കഴിഞ്ഞെങ്കിലും സാറിന്റെ കണ്ണു വെട്ടിച്ച് പിന്നിലേക്ക് പോകാൻ കഴിഞ്ഞില്ല. രണ്ടാമത്തെ പാട്ട് കഴിഞ്ഞുള്ള വിസിൽ അടിച്ചയുടനെ സാർ വീട്ടുകാരിൽ നിന്നും പണം വാങ്ങാൻ ബാഗുമായി നീങ്ങി. അതോടെ ഞാൻ പിൻവലിഞ്ഞ് സിഗരറ്റ് സൂക്ഷിപ്പുകാരൻ ചേട്ടന്റെ അടുത്തെത്തി. അപ്പോഴേക്കും കക്ഷി കൂൾ സിഗരറ്റ് എന്റെ ചുണ്ടിൽ വച്ചു തന്നു. തീപ്പെട്ടി ഉരച്ച് തീ പിടിപ്പിച്ചു. ഞാൻ ആഞ്ഞു വലിച്ചു. ആദ്യമൊരു തണുപ്പുള്ള ഗ്യാസ്. പിന്നാലെ എന്തോ ഒരെരിച്ചിലും പുകച്ചിലും. കണ്ണിൽ ഇരുട്ടുകയറി. ഞാൻ ശക്തിയായി ചുമയ്ക്കാൻ തുടങ്ങി. ഇപ്പോൾ മലമൂത്രവിസർജനം നടത്തുമെന്ന നിലയിലായി. ആ തണുപ്പത്തും ഞാനാകെ വിയർത്തുകുളിച്ചു. കാരൾസംഘം എന്റെ ചുറ്റിനും കൂടി. എന്തുപറ്റി? എന്തുപറ്റി?. ഹെഡ്മാസ്റ്റർക്ക് കാര്യം മനസ്സിലായി. അദ്ദേഹം എനിക്കു സിഗരറ്റു തന്ന ചേട്ടന്റെ ചെവി രണ്ടും പൊന്നാക്കി. നീട്ടി വിസിലടിച്ചു. അധ്യാപകരെല്ലാവരും ചേർന്ന് കുട്ടികളെ മുഴുവൻ പരിശോധിച്ച് ബീഡിയും സിഗരറ്റുപാക്കറ്റും പിടികൂടി കത്തിച്ചുകളഞ്ഞു. എന്റെ ജീവിതത്തിലെ ആദ്യത്തേയും അവസാനത്തേയും പുകവലി അതായിരുന്നു...!

സംഗതി എന്താണ് സംഭവിച്ചതെന്നോ..? എന്റെ സിഗരറ്റ് വലിക്കാനുള്ള വെപ്രാളം കണ്ട് കലികയറിയ ചേട്ടൻ ആ പറമ്പിൽ ഉണങ്ങിനിന്ന കാന്താരിമുളകിന്റെ അരി കൂൾ സിഗരറ്റിന്റെ അറ്റത്ത് തിരുകിവച്ചിരുന്നു. അതറിയാതെ ഞാൻ ശക്തിയോടെ സിഗരറ്റ് പുക വായിലേക്ക് വലിച്ചുകയറ്റി. തുടർന്ന് കുറേക്കാലത്തേക്ക് മറ്റുവല്ലവരും സിഗരറ്റ് വലിക്കുന്നതു കണ്ടാൽ ഞാൻ വിയർക്കാൻ തുടങ്ങും. മലമൂത്രവിസർജനം ചെയ്യണമെന്നു തോന്നും.

എന്തായാലും ഒരു ഗുണം കൂടി കിട്ടി. തുടർന്നുള്ള വർഷങ്ങളിലും കുട്ടികളുടെ ആരുടെയെങ്കിലും കൈകളിൽ സിഗരറ്റോ, ബീഡിയോ ഉണ്ടോ എന്ന് കർശനമായി ചെക്കു ചെയ്യാൻ ഹെഡ്മാസ്റ്റർ മടിച്ചിരുന്നില്ല. ആ ദുശ്ശീലം എനിക്കുമാത്രമല്ല, ഞങ്ങളുടെ പള്ളിയിലെ കുട്ടികളിൽ നിന്നും തുടച്ചു നീക്കാൻ ആ സംഭവം കൊണ്ടുകഴിഞ്ഞു.

ഞാനൊക്കെ കാരളിനു പോയിത്തുടങ്ങി രണ്ടു മൂന്നു വർഷത്തിനു ശേഷമാണ് ക്രിസ്തുമസ് പപ്പാഞ്ഞിയുടെ വേഷം കാരൾ സംഘത്തിന്റെ മുഖ്യ ആകർഷണമായി മാറിയത്. പാടാനും താളമടിക്കാനും അറിയാത്ത വികൃതികൾക്ക് ചാടിത്തുള്ളി കസർത്തുനടത്തി എല്ലാവരേയും ചിരിപ്പിച്ച് മുന്നേറാനും ഏവരുടേയും ശ്രദ്ധ പിടിച്ചുപറ്റാനും കിട്ടുന്ന കനകാവസരം. ക്ഷണിച്ചാൽ ജാതി-മത വ്യത്യാസമില്ലാതെ ഏതുവീട്ടിലും കാരൾ പാടിയിരുന്നു. ഒരു പ്രദേശത്തെ എല്ലാവീടുകളെക്കുറിച്ചും വീട്ടുകാരെക്കുറിച്ചും കുട്ടികൾക്ക് അറിവുണ്ടായിരിക്കുമെന്നതാണ് ഏറ്റവും വലിയ കാര്യം. പരസ്പര വിശ്വാസവും സ്നേഹവും ഒരേ നാട്ടുകാരെന്ന അഭിമാന ബോധവും കൈവരുകയും ചെയ്യും.

ഇന്ന് കാരൾ സംഘം കാര്യമായ റിഹേഴ്സലുകളൊന്നുമില്ലാതെ, നക്ഷത്രവിളക്കില്ലാതെ, പുൽക്കൂടില്ലാതെ ഒരു വണ്ടി സംഘടിപ്പിച്ച് എന്തൊക്കെയോ ഒച്ചവച്ച് ബഹളംകൂട്ടി നീങ്ങുന്ന കാഴ്ച പലപ്പോഴും അരോചകമായി തോന്നാറുണ്ട്.

■

www.malankaralibrary.com

# ഹൃദയങ്ങളിൽ ഈശോ പിറക്കുന്ന ക്രിസ്തുമസ്കാല നന്മകൾ!

**ക്രിസ്തുമസ് ആഘോഷങ്ങൾക്കൊപ്പം ക്രിസ്തുമസിന്റെ ആത്മീയ ചൈതന്യം ജീവിതത്തിൽ പ്രകാശിപ്പിക്കുന്ന ഏതാനും ക്രിസ്തുമസ്കാല യൂറോപ്യൻ സാമൂഹ്യ സന്നദ്ധ പ്രവർത്തനങ്ങളെ പരിചയപ്പെടുത്തുന്ന ലേഖനം.**



**ഫാ. മൈക്കിൾ കൂട്ടുങ്കൽ MCBS**

ക്രിസ്തുമസ് സമാഗതമായി. ദൈവത്തിന്റെ ഏറ്റവും വലിയ സമ്മാനമായ ദൈവപുത്രനെ ഏറ്റു വാങ്ങിയ മനുഷ്യർക്ക് ഇനി ശാന്തിയുടെയും സന്തോഷത്തിന്റെയും നാളുകളാണ്. ക്രിസ്തുമസുമായി ബന്ധപ്പെട്ടുള്ള ഓരോ ആചാരവും അനുഷ്ഠാനവും ആഘോഷവും ചരിത്രത്തിൽ സംഭവിച്ച യേശു ജനനമെന്ന മഹാസംഭവത്തെ ഓർമിപ്പിക്കുന്നുവെങ്കിൽ ദൈവം മനുഷ്യർക്ക് നൽകിയ സമ്മാനംപോലെ മറ്റുള്ളവർക്ക് സമ്മാനം കൊടുത്തും ദരിദ്രർക്കും ആലംബഹീനർക്കും ശാന്തിയുടെയും സമാധാനത്തിന്റെയും സദ്വാർത്ത അറിയിച്ചും യേശുജനനത്തിന്റെ ആത്മീയ ചൈതന്യം ജീവിതത്തിൽ നിറവേറ്റുന്ന ചില നല്ല പ്രവർത്തനങ്ങളുടെ പാരമ്പര്യം പല രാജ്യങ്ങളിലുമുണ്ട്; നമ്മുടെ പല ഇടവകകളിലുമുണ്ട്. എങ്കിലും ലോകവ്യാപകമായി ജനശ്രദ്ധയാകർഷിച്ചിട്ടുള്ള ക്രിസ്തുമസ് ബന്ധിതമായ നിരവധി ജീവകാരുണ്യ പ്രവൃത്തികൾ ഉണ്ട്. അവ ആസൂത്രണം ചെയ്യുന്ന നിരവധി സന്നദ്ധ സംഘടനകളുണ്ട്. ഇവയെ യൂറോപ്പിന്റെ പ്രത്യേകിച്ച് ജർമനിയുടെ പശ്ചാത്തലത്തിൽ പരിചിതമാക്കുകയാണ്.

## സ്റ്റെർൺസിംഗർ ആക്സിയോൺ (Sternsingeraktion)

'കുട്ടികൾ സമാഹരിക്കുന്ന ഏറ്റവും വലിയ സഹായ പദ്ധതി' - കാരൾ പാട്ടുകൾ ആലപിച്ച് വീടുകൾ തോറും കയറിയിറങ്ങി ക്രിസ്തുമസ് സന്ദേശമറിയിക്കുന്ന നാട്ടിലെ കാരൾ സംഘങ്ങൾ പ്രധാനമായും ക്രിസ്തുമസിന് മുൻപുള്ള ദിവസങ്ങളിലെ കാഴ്ചയാണെങ്കിൽ വിദേശരാജ്യങ്ങളിൽ പ്രത്യേകിച്ചും യൂറോപ്യൻ രാജ്യങ്ങളിൽ ക്രിസ്തുമസിനു ശേഷമുള്ള ഒരു ക്രിസ്തുമസ്കാല പാരമ്പര്യമാണ് സ്റ്റാർ സിംഗർ, എപ്പിഫനി സിംഗേഴ്സ്, സ്റ്റാർ ബോയ്സ് സിംഗിംഗ് പ്രൊസഷൻ തുടങ്ങിയ പേരുകളിലൊക്കെ അറിയപ്പെടുന്ന പൂജരാജാക്കന്മാരുടെ വേഷം ധരിച്ച് കുട്ടികൾ വീടുകൾ തോറും നടത്തുന്ന സന്ദർശനം (The Carol Singer's Campaign).

വിശുദ്ധ മത്തായിയുടെ സുവിശേഷത്തിലെ യേശുവിന്റെ ജനനത്തെക്കുറിച്ചുള്ള വിവരണത്തിൽ (മത്താ 2:1-12) സൂചിപ്പിക്കപ്പെടുന്ന കിഴക്കുനിന്നെത്തിയ ജ്ഞാനികളെ കേന്ദ്രമാക്കി രൂപപ്പെട്ട ചില കലാസാഹിത്യ രൂപങ്ങളിൽനിന്നാണ് ഇതിന്റെ പിന്നീടുള്ള രൂപാന്തരം എന്ന് കരുതപ്പെടുന്നു.

ഡിസംബർ 27-നും ജനുവരി 6-ലെ ദനഹാ (എപ്പിഫനി) തിരുന്നാളിനും മധ്യേ ഉള്ള ദിവസങ്ങളിലാണ് പൂജരാജാക്കന്മാരുടെ രാജകീയ വേഷമണിഞ്ഞു തലയിൽ കിരീടവും നക്ഷത്രം പതിപ്പിച്ച വടിയുമായി കുട്ടികൾ വീടുകൾ തോറും കയറിയിറങ്ങുന്നത്. പ്രധാനമായും അൾത്താര ശുശ്രൂഷകരായ ആൺകുട്ടികളും പെൺകുട്ടികളുമാണ് ഈ പ്രവൃ

www.malankaralibrary.com




ത്തികൾക്ക് മുൻപന്തിയിൽ നിൽക്കുന്നത്. ഏതാണ്ട് മൂന്നു ലക്ഷത്തോളം കുട്ടികൾ ഓരോ വർഷവും ഇതിനായി തയ്യാറായി ഇറങ്ങാറുണ്ട്.

വീടു സന്ദർശനത്തിനായി വീടിന്റെ വാതിൽ മുട്ടി കാത്തുനിൽക്കുന്ന സ്റ്റാർ സിംഗേഴ്സ് വാതിൽ തുറക്കുന്ന ഭവനാംഗങ്ങളെ മുൻകൂട്ടി മനഃപാഠമാക്കിയ പാട്ടും ആശംസകളുമായി എതിരേൽക്കുന്നു. തുടർന്ന് ആവശ്യക്കാർക്ക് കൈവശമുള്ള വെഞ്ചരിച്ച കുന്തിരിക്കം കൈമാറുകയും ചോക്കുകൊണ്ട് വീടിന്റെ വാതിൽപടിമേൽ 'ക്രിസ്തു ഈ ഭവനത്തെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ' എന്നർത്ഥമുള്ള ലത്തീൻ ഭാഷയിലെ ആശംസയായ "Christus mansionem benedicat' (May Christ bless this house) ന്റെ ചുരുക്കെഴുത്തായ CMB വർഷത്തിന്റെ തുടക്കത്തിനും ഒടുക്കത്തിനുമിടയിൽ നക്ഷത്രം, കുരിശ് ചിഹ്നങ്ങളിട്ട് അടയാളപ്പെടുത്തുകയും ചെയ്യുന്നു. ഉദാഹരണത്തിന് 2023 വർഷത്തിൽ 20*C+M+B+23 എന്ന് അടയാളപ്പെടുത്തുന്നു.

പൂജരാജാക്കന്മാരെ സ്വീകരിക്കുന്ന വീട്ടുകാർ മധുരപലഹാരങ്ങളും ചെറുസമ്മാനത്തുകകളുമൊക്കെ സ്റ്റാർ സിംഗേഴ്സിന് നൽകുന്ന പതിവ് പണ്ട് മുതലേ ഉണ്ടായിരുന്നു. ഇത്തരം ചെറിയ തുകകൾ ചേർത്തുവച്ച് വലിയ സഹായ പദ്ധതികൾ നടപ്പിലാക്കാം എന്ന ആശയം പല സ്ഥലങ്ങളിലും വൻ വിജയമായിട്ടുണ്ട്.

അത്തരം ഒന്നാണ് ജർമനിയിലെ രൂപതകളിൽ ഏറ്റവും കൂടുതൽ തുക സഹായപദ്ധതികൾക്കായി സമാഹരിച്ചെടുക്കുന്ന സ്റ്റേർൺസിംഗർ ആക്ഷൻ എന്ന പേരിലുള്ള സ്റ്റേർൺസിംഗേഴ്സിന്റെ പ്രവർത്തനം. ഇതിനായി ജർമൻ മെത്രാൻ സമിതിയുടെ നിയന്ത്രണത്തിലുള്ള Kindermissionswerk എന്ന ഒരു സംഘടന പ്രവർത്തിക്കുന്നുണ്ട്. മാർപാപ്പായുടെ മിഷൻ പ്രവർത്തനങ്ങളെ സഹായിക്കുന്ന ജർമൻ കത്തോലിക്കാസഭയുടെ നേതൃത്വത്തിലുള്ള സംഘടനയാണ് Kindermissionswerk.

ജർമനിയിലെ ആഹനാണ് ഈ സംഘടനയുടെ ആസ്ഥാനം. തികച്ചും പ്രൊഫഷണലായി പ്രവർ ത്തിക്കുന്ന വലിയ ഒരു ടീം തന്നെ കുട്ടികളുടെ Sterns-singeraktion നെ പ്രചോദിപ്പിക്കാനും നടപ്പിലാക്കാനും വേണ്ടി നിലകൊള്ളുന്നുണ്ട്.

ഓരോ വർഷത്തേക്കുമുള്ള സഹായാർഹരെ കണ്ടെത്തുക, അവരുടെ പ്രശ്നങ്ങളും അവസ്ഥകളും വിവിധ മാധ്യമങ്ങളിലൂടെ സ്റ്റേർണസിംഗേഴ്സിലേക്കും സമൂഹത്തിലേക്കും എത്തിക്കുക, സന്നദ്ധ പ്രവർത്തകരെ പ്രചോദിപ്പിക്കുക, പാട്ടുകളിലൂടെയും വീഡിയോകളിലൂടെയും മറ്റുമായി കുട്ടികൾക്കും മുതിർന്നവർക്കുമിടയിൽ പദ്ധതിക്കുവേണ്ട പ്രചരണം നൽകുക, ലഭിക്കുന്ന സഹായം അർഹതപ്പെട്ടവരിലേക്ക് എത്തിക്കുക, എഴുത്തുകുത്തുകളും കണക്കുകളുമൊക്കെ കൃത്യതയോടെ സൂക്ഷിക്കുക തുടങ്ങി നിരവധി കാര്യങ്ങളിൽ അവർ ഉത്തരവാദിത്വപൂർവം വ്യാപരിക്കുന്നു. 1959 മുതൽ ഇതിനോടകം ബില്യൺ കണക്കിന് യൂറോ ഈ സംഘടനയിലൂടെ വിവിധ സഹായപദ്ധതികൾക്കായി ശേഖരിച്ചിട്ടുണ്ട്.

www.malankaralibrary.com

ജർമനിയിലെ വിവിധ രൂപതകളിൽനിന്ന് ഒരുമിച്ച് ചേർന്നുള്ള പൊതുവായ 'സ്റ്റെർസിംഗെർസ്നെ അയക്കലിന്റെ' ഉദ്ഘാടനം ഓരോ രൂപതയിലും മാറി മാറിയാണ് സംഘടിപ്പിക്കാറുള്ളത്. അതോടൊപ്പം ഓരോ രൂപതയിലും അവരുടേതായ രീതിയിലും 'സ്റ്റെർൺ സിംഗർ അയക്കൽ' ചടങ്ങിന്റെ ഉദ്ഘാടനം നിർവഹിക്കാറുണ്ട്.

ജർമനിയിൽ രാജ്യവ്യാപകമായി ഉള്ള സ്റ്റെർൺസിംഗർ പദ്ധതിയുടെ ഈ വർഷത്തെ ഉദ്ഘാടനം ഡിസംബർ 30-നു ലിംബുർഗ് രൂപതയിലെ ഫ്രാങ്ക്ഫുർട്ട് നഗരത്തിൽ വച്ചാണ് നടത്തപ്പെടുന്നത്. എല്ലാ രൂപതകളിൽ നിന്നും മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യുന്ന സ്റ്റെർൺസിംഗർ പദ്ധതിയുടെ ഭാഗമാകുന്ന കുട്ടികൾ അവിടെ ഒരുമിച്ചുകൂടും. ദിവ്യബലിയോടു ചേർന്ന് ഈ വർഷത്തെ സ്റ്റെർൺസിംഗർ പദ്ധതിയുടെ ഉദ്ഘാടനം നിർവഹിക്കപ്പെടും. സ്റ്റെർൺസിംഗർ പദ്ധതി തുടങ്ങിയിട്ട് ഇത് അറുപത്തിയഞ്ചാമത്തെ വർഷമാണ്. 'ഇന്തോനേഷ്യയിലെയും ലോകം മുഴുവനിലെയും കുട്ടികളുടെ ശക്തീകരണം, സംരക്ഷണം' (Kinder stärken, Kinder schützen -in Indonesian und weltweit) എന്നതാണ് സ്റ്റെർൺ സിംഗെർ പദ്ധതിയുടെ ഈ വർഷത്തെ ലക്ഷ്യം. ഈ വർഷത്തെ സ്റ്റെർൺസിംഗർ തുക പ്രധാനമായും ലക്ഷ്യമിടുന്നത് ഇന്തോനേഷ്യയിലെ ഒരു സഹായ പദ്ധതിയാണ്.

കുട്ടികളെയും മുതിർന്നവരെയും ഒരേപോലെ ആവേശഭരിതരാക്കുന്ന, അവശരായ അപരരെ സഹായിക്കാൻ മനസിന്റെ നന്മയെ ഉണർത്തുന്ന ഇത്തരം നല്ല പ്രവർത്തനങ്ങളെ ജനം നെഞ്ചിലേറ്റുന്നു എന്നതിന്റെ തെളിവാണ് സ്റ്റെർൺസിംഗർ ആക്സിയോന് കരഗതമാക്കിയിരിക്കുന്ന 'കുട്ടികൾ സമാഹരിക്കുന്ന ഏറ്റവും വലിയ സഹായ പദ്ധതി' എന്ന ബഹുമതിയും ജനങ്ങളുടെ ഇടയിൽ ഈ പ്രവർത്തനത്തിന് കിട്ടുന്ന സ്വീകാര്യതയും.

1984 മുതൽ ഓരോ രൂപതകളിൽനിന്നും തിരഞ്ഞെടുക്കപ്പെടുന്ന ഏതാനും സ്റ്റെർൺസിംഗേഴ്സിനു ജർമൻ ചാൻസലറിനെ സ്റ്റെർൺസിംഗർ വേഷവിധാനങ്ങളോടെ സന്ദർശിക്കാനുള്ള അവസരമൊരുക്കിയിരിക്കുന്നതും 2001 മുതൽ (ഇതിനോടകം ഏതാണ്ട് പതിനഞ്ചിലധികം തവണ) മാർപാപ്പയോടൊപ്പം പുതുവത്സരതിരുകർമങ്ങളിൽ തിരഞ്ഞെടുക്കപ്പെടുന്ന ഏതാനും സ്റ്റെർൺസിംഗേഴ്സിനു അടുത്തു പങ്കുചേരുന്നതിനുമുള്ള ഭാഗ്യം നൽകിയിരിക്കുന്നതും ഭാഗ്യശാലികൾക്ക് കുറച്ചൊന്നുമല്ല സന്തോഷം പകരുന്നത്!

ഉണ്ണിയായി പിറന്ന ഈശോയെ സ്മരിക്കുന്ന ക്രിസ്തുമസിനോട് അടുത്തുതന്നെ കുട്ടികളുടെ നേതൃത്വത്തിൽ കുട്ടികളുടെ ക്ഷേമപദ്ധതികൾക്കായി പ്രവർത്തിക്കുന്ന സംഘടനയുമായി ചേർന്ന് നടത്തുന്ന വലിയ ഒരു സന്നദ്ധ പ്രവർത്തനമെന്ന നിലയിൽ ഏറ്റവും മുൻപന്തിയിൽ തന്നെ ഈ പദ്ധതിയെ കാണാൻ ഞാൻ ഇഷ്ടപ്പെടുന്നു . കുട്ടികൾ ചെയ്യുന്ന കാര്യമെന്ന നിലയിൽ ജനങ്ങൾക്കിടയിൽ നല്ല സ്വീകാര്യത ഉള്ളതിനാൽ ധാരാളം മനുഷ്യരെ ഉപവി പ്രവർത്തനങ്ങളിൽ പങ്കാളികളാക്കാൻ ഈ പദ്ധതി അവസരമൊരുക്കുന്നുണ്ട്.

## ഷൂ ബോക്സിനുള്ളിലെ ക്രിസ്തുമസ് *(Weihnachten im Schuhkarton)*

നിർധനരായ കുട്ടികൾക്കുവേണ്ടി സമ്മാനപദ്ധതിയുടെ രൂപത്തിൽ ക്രിസ്തുമസ് കാലത്തു നടത്തപ്പെടുന്ന ഏറ്റവും വലിയ ചാരിറ്റി പ്രവർത്തനമെന്നാണ് ഷൂ ബോക്സിനുള്ളിലെ ക്രിസ്തുമസ് *(Weihnachten im Schuhkarton)* വിലയിരുത്തപ്പെടുന്നത്. SAMARITAN'S PURSE INTERNATIONAL എന്ന ബെർലിൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന സംഘടനയുടെ കീഴിലുള്ള ഒരു പ്രോജക്ടാണിത്.

ഓസ്ട്രിയായിലെയും സ്വിറ്റ്സർലണ്ടിലെയും ജർമനിയിലെയുമൊക്കെ (ജർമൻ സംസാര ഭാഷയുള്ള പ്രദേശങ്ങൾ) ഓരോ പ്രദേശത്തുമുള്ള ചില സുമനസ്സുകളാണ് എല്ലാ വർഷവും ഈ പദ്ധതി നടപ്പിലാക്കാൻ വേണ്ടി അധ്വാനിക്കുന്നത്. ഓരോ വർഷവും സഹായിക്കാനുദ്ദേശിക്കുന്ന സ്ഥലത്തെ (പ്രധാനമായും റുമേനിയ, ബൾഗേറിയ, മൊൾഡാവിയ പോലെയുള്ള ഈസ്ററ് യൂറോപ്യൻ രാജ്യങ്ങൾ ) കുട്ടികൾക്കുപകാരപ്പെടാവുന്ന നല്ല സാധനങ്ങൾ (ഡ്രസ്സ്, കളിപ്പാട്ടങ്ങൾ, ചോക്ലേറ്റ്സ് അങ്ങനെ എന്തുമാകാം) പാവപ്പെട്ട കുട്ടികളെ സഹായിക്കാൻ താത്പര്യമുള്ളവർ ഓരോ ഷൂ ബോക്സിലാക്കി സമ്മാനപേപ്പറിൽ പൊതിഞ്ഞു പള്ളിയിൽ സ്ഥാപിച്ചിരിക്കുന്ന ക്രിസ്തുമസ് ട്രീയ്ക്കു താഴെയായോ (ക്രിസ്തുമസ് സമ്മാനം സൂക്ഷിക്കുന്ന പോലെ) മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ള മറ്റു ചില സ്ഥലങ്ങളിലോ എത്തിച്ച ശേഷം സംഘടനയാൽ തിരഞ്ഞെടുക്കപ്പെട്ട സുമനസ്സുകൾ ചേർന്ന് അർഹതപ്പെട്ട സ്ഥലത്തെ കുട്ടികളിലേക്ക് എത്തിക്കുന്നു. സമ്മർകാലത്തിന്റെ അവസാനം മുതൽ ഇതിന്റെ തയ്യാറെടുപ്പുകൾ അവർ തുടങ്ങാറുണ്ട്. ഗ്രാമങ്ങൾ തോറും ശേഖരിക്ക

www.malankaralibrary.com

പ്പെടുന്ന ഷൂ ബോക്സ് സമ്മാനങ്ങൾ ക്രിസ്തുമസ് ദിവസങ്ങളിൽ ദരിദ്ര രാജ്യങ്ങളിലെ കുട്ടികൾക്ക് ക്രിസ്തുമസ് സമ്മാനമായി കൈമാറി അവരിൽ പുഞ്ചിരി നിറയ്ക്കുന്ന മഹത്തായ ഒരു പ്രവർത്തിയാണിത്. അതുപോലെ സമ്മാനത്തിന്റെ ബോക്സുകൾ സംഘടനയിലേക്ക് നേരിട്ട് അയച്ചു കൊടുക്കുന്നവരുമുണ്ട്. സ്വയം സമ്മാനങ്ങൾ വാങ്ങി പൊതിഞ്ഞു നൽകാൻ കഴിയാത്തവർക്കായി ഷൂ ബോക്സ് സമ്മാനത്തിനുള്ള തുക അയച്ചു സഹായിക്കാവുന്ന രീതിയുമുണ്ട്. ചിലർ അതിൽ ഉൾപ്പെടുത്തേണ്ട ഇനങ്ങൾ പോലും വ്യക്തമായി പറയാറുണ്ട്. 29 വർഷങ്ങൾക്കുമുൻപുമാത്രം തുടങ്ങിയ ഈ പദ്ധതിയിലൂടെ 190 മില്യണിലധികം സമ്മാനപ്പൊതികളിലൂടെ 150 ലേറെ രാജ്യങ്ങളിലെ കുട്ടികളെ സഹായിക്കാനായി എന്നാണു സംഘടനയുടെ കണക്കുകൾ പറയുന്നത്.

## അഡ്വെനിയാത്ത് (Adveniat)

ക്രിസ്തുമസ് കാലത്തെ പ്രധാനപ്പെട്ട ഒരു ചാരിറ്റി പ്രവർത്തനമാണ് ജർമ്മനിയിലെ എസ്സെൻ രൂപതയാരംഭിച്ചതും പിന്നീട് ജർമൻ ബിഷപ്സ് കോൺഫ്രൻസ് ഏറ്റെടുത്തതുമായ adveniat എന്ന സംഘടന നടത്തുന്ന ക്രിസ്തുമസ്കാല സഹായ പദ്ധതികൾ. ഈ ലക്ഷ്യത്തിനായി ക്രിസ്തുമസ് കാലത്തെ ഒരു ഞായറാഴ്ച കുർബാനയിലെ കളക്ഷൻ മാറ്റിവയ്ക്കാൻ മെത്രാൻ സമിതി നിർദ്ദേശിക്കാറുണ്ട്. ഒപ്പം വീടുകളിലേക്ക് കൊടുത്തയക്കുന്ന കവറുകൾ വഴിയും ഇടവകകളിലെ കൂട്ടായ്മകളിൽ സജീവമായി പ്രവർത്തിക്കുന്നവർ വീടുകളിലുണ്ടാക്കുന്ന കേക്കും മറ്റു സാധനങ്ങളുമൊക്കെ സ്റ്റാളുകൾ വഴി വിറ്റു കിട്ടുന്ന പണം ശേഖരിച്ചും വിശ്വാസികൾ ഇതിൽ പങ്കുചേരാറുണ്ട്. ഈ സംഘടനയുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾ ലാറ്റിൻ അമേരിക്കൻ രാജ്യങ്ങൾ കേന്ദ്രീകരിച്ചാണ്. adveniat ന്റെ ഈ വർഷത്തെ ഔദ്യോഗിക ഉദ്ഘാടനം ആഗമനകാലത്തെ ആദ്യ ഞായറാഴ്ചയായ നവംബർ 27 നു ജർമനിയിലെ ട്രിയർ രൂപതയിൽ വച്ചായിരുന്നു. ഇത്തവണ ഗ്വാട്ടിമാല, ബൊളീവിയ തുടങ്ങിയ രാജ്യങ്ങളെയാണ് ഈ സംഘടന സഹായിക്കുന്നത്. മറ്റു സംഘടനകളുടേതുപോലെ തന്നെ അഡ്വെനിയാത്തും ആത്മീയ ശുശ്രൂഷയ്ക്കും ഗാനാലാപനത്തിനും ഒക്കെയുള്ള ധാരാളം കാര്യങ്ങൾ ബുക്ക്‌ലെറ്റ് ആയും ഓൺലൈനിലൂടെയും ആളുകളിലേക്ക് എത്തിക്കാറുണ്ട്.

## സംഘടനകൾ നിരവധി!

മേല്പറഞ്ഞവ കൂടാതെ നിരവധി സന്നദ്ധ സംഘടനകൾ ക്രിസ്തുമസ് കാലത്തും അല്ലാതെയും ധാരാളം ജീവകാരുണ്യ പ്രവർത്തനങ്ങൾ ചെയ്യാറുണ്ട്. അവയ്ക്കുള്ള തുകയെല്ലാം ഓരോ സ്ഥലങ്ങളിലും ഉള്ള നല്ലവരായ കുറച്ചുപേർ അവരുടെ ചെറിയ ചെറിയ 'ചില്ലിക്കാശുകൾ' ചേർത്തുവച്ച് നൽകുന്നതിലൂടെ വിവിധ സംഘടനകളിൽ വന്നു ചേരുന്നതാണ്. വിവിധ രാജ്യങ്ങളിൽ ശാഖകളുള്ള സംഘടനകൾ മുതൽ ഒരു വ്യക്തിയുടെ മാത്രം താൽപര്യത്തിൽ തുടങ്ങി പിന്നീട് വികസിതമാകുന്ന ചെറു സംഘടനകൾ വരെ ഇവയിൽ പെടാം. ക്രിസ്തുമസ് കാർഡ് വിറ്റും ക്രിസ്തുമസ് രൂപങ്ങൾ നിർമിച്ച് വിറ്റും കൊച്ചു കൊച്ചു സഹായ പദ്ധതികൾ അവരവരുടെ ഇടവകകളിൽ ചെയ്യുന്ന മനുഷ്യർ പോലും ജീവകാരുണ്യപ്രവൃത്തിയിലൂടെ ക്രിസ്തുമസ് ചൈതന്യം പരത്തുന്നവരാണ്.

സാമ്പത്തികമായ സഹായങ്ങൾക്കു പുറമെ വൃദ്ധ മന്ദിരങ്ങൾ, അഭയാർഥി കേന്ദ്രങ്ങൾ, ഭിന്നശേഷിക്കാരുടെ കൂട്ടായ്മകൾ, ഇവിടങ്ങളിലൊക്കെ സന്നദ്ധ സേവനം നടത്തുന്നവർ, ദരിദ്ര രാജ്യങ്ങളിൽ പോയി സേവനം ചെയ്യുന്നവർ ഇവരൊക്കെ ക്രിസ്തുമസ് സന്ദേശവാഹകരാണ്.

## സൂക്ഷിച്ചാൽ സഹായിക്കാം!

മാലോകരെകൊണ്ട് പുകൾ പറയിക്കണമെന്ന ഒറ്റ ആഗ്രഹത്താൽ വമ്പൻ ക്രിസ്തുമസ് ആഘോഷങ്ങൾക്കായി പണം പൊടിക്കുന്ന ചില ഇടവകകൾക്കും കുടുംബങ്ങൾക്കും അപവാദമാകുന്ന ആളുകളെ പലപ്പോഴും യൂറോപ്പിൽ കൂടുതലായി കണ്ടുമുട്ടാറുണ്ട്. അമിതമായി കരിമരുന്നു കലാപ്രകടനം നടത്തിയും മദ്യം സേവിച്ചും ക്രിസ്തുമസിന്റെ മോടി കൂട്ടാൻ ഒരു വശത്തു ഭൂരിഭാഗം മലയാളി സമൂഹവും വെമ്പൽ കൊണ്ട് മുൻപിൽ നിൽക്കുമ്പോൾ പറ്റുന്നിടത്തൊക്കെ ചെലവ് ചുരുക്കൽ നടത്തി അതുകൊണ്ട് ഏതെങ്കിലുമൊക്കെ പാവപ്പെട്ടവന് ഒരു ക്രിസ്തുമസ് അനുഭവം പ്രദാനം ചെയ്യാൻ പരിശ്രമിക്കുന്ന ഒരു ചെറിയ കൂട്ടം ആളുകൾ എവിടെയുമുണ്ടെന്നുള്ളത് ക്രിസ്തുമസിന്റെ ചൈതന്യം മണ്മറഞ്ഞു പോയിട്ടില്ല എന്നതിന്റെ ശുഭസൂചനയാണ്. അത്തരം ആളുകൾ എല്ലാവർഷവും കൂടി കൂടി വരട്ടെ എന്ന് തന്നെ നമുക്ക് പ്രത്യാശിക്കാം. ■

www.malankaralibrary.com

# സത്യമല്ലാത്തതൊന്നും ചരിത്രമായി പഠിപ്പിക്കരുത്

**വ്യത്യസ്ത മതവിഭാഗങ്ങളും ഭാഷക്കാരും കുടിയേറ്റക്കാരുമൊക്കെ ഉൾപ്പെട്ട ഒരു സാംസ്കാരിക ചരിത്രമാണ് ഭാരതത്തിന്റേത്. ആരെയെങ്കിലും പുറത്താക്കിക്കൊണ്ടുള്ള ഇന്ത്യയെക്കുറിച്ച് ചരിത്രാവബോധമുള്ളവർക്കാർക്കും ചിന്തിക്കാനാവില്ല. ചരിത്രം തിരുത്തപ്പെടുന്ന പശ്ചാത്തലത്തിൽ പ്രശസ്ത ചരിത്രകാരനും ഡൽഹി JNU ചരിത്രവിഭാഗം പ്രൊഫസറുമായ ഡോ. പയസ് മലേകണ്ടത്തിലുമായി കാരുണികൻ നടത്തിയ സംഭാഷണ പരമ്പരയുടെ അഞ്ചാം ഭാഗം.**



**റവ. ഡോ. പയസ് മലേക്കണ്ടത്തിൽ**
*വികാരി ജനറൽ, കോതമംഗലം രൂപത*

**? അധിനിവേശ ശക്തികളെ ശത്രുക്കൾ എന്ന നിലയിൽ തുരത്താനുള്ള നിശബ്ദമായ ആഹ്വാനം വലിയ വിഭാഗം ഇന്ത്യക്കാർക്ക് എതിരെയുള്ള കലാപ ആഹ്വാനമാണ്. 'നിങ്ങൾ ഇന്ത്യക്കാരല്ല, ഇന്ത്യ വിട്ട് പോകൂ' എന്ന് ഭീഷണി മുഴങ്ങുകയാണ്. 'പാക്കിസ്ഥാനിൽ പോകൂ' എന്നാണ് കൂടുതലായി കേൾക്കുന്നത്. ഈ വിദ്വേഷവും അതുണ്ടാക്കുന്ന രാഷ്ട്രീയ പരിസരവും വോട്ട് രാഷ്ട്രീയത്തിൽ നിന്ന് പൂർണമായ ഏകാധിപത്യത്തിലേക്കുള്ള അതിവേഗ ഘട്ടമാണെന്ന ഭയം സൃഷ്ടിക്കുന്നില്ലേ?**

അധിനിവേശശക്തികൾ ഇന്നിപ്പോൾ ഇവിടെ ആരും ഇല്ല. ഇന്ത്യ ഭരിക്കുകയും ഇന്ത്യയെ കീഴ്പ്പെടുത്തുകയും ചെയ്ത വിദേശികൾ എല്ലാംതന്നെ തിരിച്ചുപോയി. ആ കാലഘട്ടത്തിൽ വന്ന കച്ചവടക്കാരും ആ കാലഘട്ടത്തിൽ ഇവിടെ താമസിച്ചിരുന്ന ചില സിവിലിയൻസിന്റെ സന്തതിപരമ്പരകളും ഇവിടെ ഉണ്ടാകാം. അവർ ഏതൊരു തദ്ദേശിയരെപ്പോലെയും ഇന്ത്യയുടെ ഭാഗമായി നിൽക്കുന്നവരാണ്. അവരെ അധിനിവേശശക്തികളെന്ന് വിളിക്കാൻ പറ്റില്ല. ഇന്ത്യൻ ജനസംസ്കാരം എന്നു പറയുന്നതിൽ ആഫ്രിക്കൻ ജനിതക സ്വഭാവം കാണപ്പെടുന്നവരും മെഡിറ്ററേനിയൻ വംശത്തിൽപ്പെട്ടവരും മംഗ്ലോയിറ്റ്സും ആസ്ട്രലോയിഡ്സും ആര്യൻ ഭാഷ സംസാരിക്കുന്നവരും ഇന്തോ യൂറോപ്യൻ വിഭാഗത്തിൽപ്പെട്ടവരുമുണ്ട്. അങ്ങനെ പല വിഭാഗത്തിൽപ്പെട്ടവരാണ്. ആ കൂട്ടത്തിൽ കച്ചവടത്തിന് വരുകയും ഇന്ത്യയെ കുറച്ചുനാൾ ഭരിക്കുകയും ചെയ്തിരുന്നവരുടെ സന്തതിപരമ്പരകളും അവരുമായി ബന്ധപ്പെട്ടവരും കച്ചവടക്കാരും യാത്രക്കാരുമൊക്കെ ഇവിടെയുണ്ട്. അവരൊക്കെ ഈ മണ്ണിന്റെ ഭാഗമായി പരിണമിച്ചു ഇന്ത്യൻ വംശജരായ് മാറിയവരാണ്. ഇവരൊക്കെ അനുരൂപീകരണത്തിലൂടെ (Acclimatization ) സ്വാഭാവിക പൗരന്മാരായിരിക്കയാണ്. അതിനാൽ ഇവരെയൊക്കെ വിദേശികളായി കണക്കാക്കാനും അധിനിവേശത്തിന്റെ ഭാഗമെന്ന് വിശേഷിപ്പിക്കാനും പറ്റില്ല. കാരണം, ഇവിടെ ഭരിക്കുന്ന ഭൂരിപക്ഷത്തിന്റെ പൂർവികരെല്ലാം ആരൊക്കെയാണെന്ന് തേടിപ്പോയി അവരുടെ വേരുകൾ എവിടെയാണെന്നും ആ വേരുകളുടെ ഘടനയിൽ എന്തൊക്കെ തെറ്റുകളുണ്ടെന്നും

www.malankaralibrary.com

നോക്കിയാൽ പല തെറ്റുകളും കണ്ടുപിടിക്കാൻ പറ്റിയേക്കും, പല അപ്രതീക്ഷിതമായ വിവരങ്ങളും കിട്ടിയേക്കും. വലിയ തെറ്റുകൾ ചെയ്തത് ആരാണെന്നുചോദിച്ചാൽ ആദ്യംതൊട്ട് ഇവിടെ കടന്നുവന്ന് ഭരിക്കാൻ കഴിഞ്ഞവരാണോ പിന്നീട് വന്നവരാണോ ഈയടുത്തകാലത്ത് വന്നുപോയവരാണോ എന്നൊക്കെ പറഞ്ഞ് വിധിയെഴുതാൻ നമുക്ക് സാധിക്കില്ല. ഇന്ത്യ എന്നുപറയുന്നത് പല കാരണങ്ങളാൽ ഇവിടെ വന്നുകൂടിയ മനുഷ്യരെ ഒരുമിച്ചുകൂട്ടിയ ഒരാൾക്കൂട്ടം മാത്രമല്ല; അവർ സൃഷ്ടിച്ച ഇന്ത്യ എന്നൊരാശയം കൂടിയാണ്. Idea of India- അതിന് ഉൾക്കൊള്ളലി (Inclusiveness) ന്റെയും ഇടം കൊടുക്കലി (Accommodativeness) ന്റെയും പാതയിലൂടെ മാത്രമേ നിലനിൽക്കാൻ കഴിയൂ. അധിനിവേശത്തിന്റെ ഭാഗമായുള്ള വ്യക്തികളെ കണ്ടെന്നിരിക്കും. എന്റെ മതത്തിൽ പെടാത്തവരെല്ലാം ശത്രുവായി കണക്കാക്കപ്പെടുക എന്നുപറഞ്ഞാൽ അതു ശരിയല്ല. ഇന്നത്തെ ഹിന്ദുമതം, രണ്ടാമത് നിൽക്കുന്ന മുസ്ലീംമതം പിന്നെ ചെറിയൊരു ന്യൂനപക്ഷം എന്നു പറയുന്ന 2.5 ശതമാനം ക്രിസ്ത്യാനികൾ– ഇവർ ഒരിക്കലും ഇന്ത്യയുടെ ഭരണത്തിന് ഭീഷണിയല്ല. ഇവരെല്ലാം ഇന്ത്യയുടെ  ഭാഗമായതാണ്. ഇവിടെ ഒരു പങ്കാളിത്ത സംസ്കാരമാണുള്ളത്. ഇവിടുത്തെ ഹിന്ദുക്കളും മുസ്ലീങ്ങളും ക്രിസ്ത്യാനികളുമെല്ലാം ഏറ്റെടുത്ത ഒരു പങ്കാളിത്ത സംസ്കാരമുണ്ട്. പങ്കാളിത്ത ഭക്ഷ്യ സംസ്കാരം, പങ്കാളിത്ത വസ്ത്രസംസ്കാരം, പങ്കാളിത്ത ഭാഷാ സംസ്കാരം ഇതൊക്കെ ഒരാളുടെ മാത്രമല്ല എല്ലാവരുംകൂടെ പങ്കിട്ടെടുക്കുന്നൊരു സംസ്കാരമാണ്. ഇത് അവരുടെ പൊതു സ്വത്താണ്.

എല്ലാ മുസ്ലീങ്ങളെയും ഇപ്പോൾ കേന്ദ്രം ഭരിക്കുന്ന ഗവൺമെന്റ് ടാർജെറ്റ് ചെയ്യുന്നുണ്ടെന്ന് ഞാൻ വിചാരിക്കുന്നില്ല. ബിജെപി സർക്കാരിൽപോലും ധാരാളം മുസ്ലീങ്ങളുണ്ട്. പലപ്പോഴും ഇവരെ ഭാരവാഹികളാക്കുന്നുപോലുമുണ്ട്. മുസ്ലീംവോട്ടുകൾ മറ്റുപാർട്ടികളിൽ പോകാത്ത വിധത്തിൽ മുസ്ലീം ഉദ്ഗ്രഥനം (Integration) സാധിക്കുന്ന രീതിയിൽ ശ്രമങ്ങൾ നടക്കുന്നുണ്ടുപോലും.

ഇപ്പോൾ കേന്ദ്രം ഭരിക്കുന്ന ഗവൺമെന്റ് ആന്റി മുസ്ലീമാണോ ആന്റി ക്രിസ്ത്യനാണോ എന്ന് ചോദിച്ചാൽ താഴെപ്പറയുന്ന വിധത്തിലാണ് ഞാൻ അതിനു ഉത്തരം കൊടുക്കാനാഗ്രഹിക്കുന്നത്. കാരണം, ഇപ്പോൾ ഭരിക്കുന്ന സർക്കാരിന്റെ നയങ്ങളിലൊന്ന് പരമാവധി ഭാരതീയതയിലേക്കുള്ള (Indianness) ഉദ്ഗ്രഥനം (Integration) ലക്ഷ്യംവയ്ക്കുന്നു എന്നതാണ്. പക്ഷേ, അതോടൊപ്പം തന്നെ ലേബലിങ്ങു നടത്തുന്നുണ്ട്. തുടർച്ചയായ ആക്രമണം നടത്തുന്നുണ്ട്. അങ്ങിങ്ങായി മുസ്ലീങ്ങളും ക്രിസ്ത്യാനികളും പീഡിപ്പിക്കപ്പെടുന്നുവെന്ന വാർത്തകളും കേൾക്കുന്നുമുണ്ട്. ആ വാർത്തകൾ സത്യമാണെങ്കിൽ അത് ശരിയല്ല. ഇന്ത്യൻ സംസ്കാരത്തിന്, ഇന്ത്യൻ ചരിത്രത്തിന്, ഇന്ത്യൻ ഭരണഘടനയ്ക്ക് ചേർന്നതല്ല അത്. ഭരണഘടനയ്ക്ക് വിരുദ്ധമാണത്. അത് പലപ്പോഴും നടത്തുക പല വിധത്തിലുള്ള ഫ്രിഞ്ച് ഗ്രൂപ്പുകളാണ്. അവർ കൂടുതൽ പവർ അസ്സെർഷനുവേണ്ടിയും കൂടുതൽ വിസിബിലിറ്റിക്കു വേണ്ടിയും തീവ്ര



www.malankaralibrary.com

നിലപാടുകൾ (Extreme Positions)എടുക്കുകയും Extreme ആയി ചെയ്തുപോകുകയും ചെയ്യുന്നതാണ്. ഇത് എല്ലാം സർക്കാർ അറിഞ്ഞുകൊണ്ടുള്ളതാണോ സർക്കാർ അംഗീകാരത്തോടെയാണോ എന്ന് പറയാൻ ഞാൻ ആളല്ല.

പക്ഷേ, ഇതിലേറ്റവും പ്രശ്നമെന്ന് പറയുന്നത് ഇതിനെ നിയന്ത്രണവിധേയമാക്കേണ്ടത് ഗവൺമെന്റാണ് എന്നുള്ളതാണ്. ഫ്രിഞ്ച് ഗ്രൂപ്പുകളുടെ ഈ രീതിയിലുള്ള എക്സ്ട്രീം പൊസിഷൻസും ഇടപെടലുകളും നിയന്ത്രണത്തിനു വിധേയമാക്കുകയും ലോ ആന്റ് ഓർഡർ തിരിച്ചുകൊണ്ടുവരികയും എല്ലാ ഗ്രൂപ്പുകൾക്കും ഇവിടെ തുല്യതയുണ്ടെന്നും സമത്വമുണ്ടെന്നും എല്ലാവർക്കും സുരക്ഷിതമായി ജീവിക്കാൻ തുല്യാവകാശമുണ്ടെന്നും പ്രഘോഷിക്കാൻ ഇവിടുത്തെ സർക്കാരിന് കഴിയണം. ഫ്രിഞ്ച് ഗ്രൂപ്പുകളെ സ്വതന്ത്രമായി വിഹരിക്കാൻ അനുവദിച്ചുകൂടാ. അത്തരം നിലപാടുകൾ വരാൻ പാടില്ല. ഇത്തരം ഗ്രൂപ്പുകളുടെ പെരുമാറ്റരീതികളെ നിയന്ത്രിക്കുകയും നിയമത്തിന് വിധേയമാക്കുകയും ചെയ്തുകൊണ്ട് എല്ലാവർക്കും തുല്യമായ സുരക്ഷിതത്വവും ആരാധനാ സ്വാതന്ത്ര്യവും അവരുടെ മതസ്വാതന്ത്ര്യവും കിട്ടത്തക്ക ഒരന്തരീക്ഷം ഇവിടെ ഉണ്ട് എന്ന ബോധ്യം നൽകണം.

ഒരു കാരണവശാലും ഒരു മതസ്ഥരെയും ഇന്ത്യയിൽനിന്ന് പുറത്താക്കിയാൽ പിന്നീട് ഇന്ത്യയില്ല. സിക്കുകാരെ പുറത്താക്കിക്കൊണ്ട് ഇന്ത്യയില്ല, സിക്കുകാർ കൂടെ ഉൾപ്പെട്ടതാണ് ഇന്ത്യ. ക്രിസ്ത്യാനികളെ പുറത്താക്കിയിട്ട് ഇന്ത്യയില്ല, ക്രിസ്ത്യാനികൾകൂടെ ഉൾപ്പെട്ടതാണ് ഇന്ത്യ. മുസ്ലീങ്ങളെ പുറത്താക്കിയിട്ട് ഇന്ത്യയില്ല, കാരണം മുസ്ലീങ്ങളും കൂടി ചേർന്നതാണ് ഇന്ത്യ. ഹിന്ദുക്കളെ കൂടാതെയും ഒരു ഇന്ത്യയില്ല, കാരണം അവരും കൂടി ചേർന്നതാണ് ഇന്ത്യ. അങ്ങനെ എല്ലാ മതസ്ഥരും കൂടിയതാണ് ഇന്ത്യ. അവിടെ ഒരാളുടെയും സംഭാവന ചെറുതായി കാണാൻപാടില്ല. കൂടുതൽ ചെയ്യാൻ പറ്റിയ ഭൂരിപക്ഷ സമുദായങ്ങൾ ഉണ്ടാകാം. വളരെ കുറച്ചു മാത്രം അംഗസംഖ്യയുള്ള പാഴ്സികളെപ്പോലെയുള്ളവർ അല്ലെങ്കിൽ യഹൂദരെപ്പോലെയുള്ളവർ ആനുപാതികമായിട്ടുള്ളതിനേക്കാൾ കൂടുതൽ സംഭാവന ചെയ്തവരായിരിക്കും. എല്ലാവരുടെയും പങ്കാളിത്തം ഇന്ത്യ എന്നുപറയുന്ന രാഷ്ട്രനിർമിതിയിലുണ്ട്. അതിനാൽ ആരെയെങ്കിലും ഒഴിവാക്കിക്കൊണ്ടുള്ള ഒരു ഇന്ത്യ എന്ന് പറഞ്ഞാൽ ഇവിടുത്തെ സ്വാതന്ത്ര്യസമരസേനാനികൾ വിഭാവനം ചെയ്ത ഇന്ത്യക്ക് വിരുദ്ധമായിരിക്കും.

*– തുടരും*

## സി.സി.ബി.ഐ നേതൃത്വം

ഭാരത ലത്തീൻ കത്തോലിക്കാ മെത്രാൻ സമിതിയുടെ (സി.സി.ബി.ഐ) പ്രസിഡന്റായി ഗോവ – ദാമൻ അതിരൂപതാധ്യക്ഷൻ കർദിനാൾ ഫിലിപ്പ് നേരി ഫെറാവോയെ വീണ്ടും തിരഞ്ഞെടുത്തു. വൈസ് പ്രസിഡന്റായി മദ്രാസ്–മൈലാപ്പൂർ ആർച്ച്ബിഷപ് ഡോ. ജോർജ് അന്തോണി സാമിയെയും സെക്രട്ടറി ജനറലായി ഡൽഹി ആർച്ച്ബിഷപ് ഡോ. അനിൽ ജോസഫ് തോമസ് കൂട്ടോയെയും തിരഞ്ഞെടുത്തു.



**കർദിനാൾ ഫിലിപ്പ് നേരി ഫെറാവോ**



**ആർച്ച്ബിഷപ് ഡോ. ജോർജ് അന്തോണിസാമി**



**ആർച്ച്ബിഷപ് ഡോ. അനിൽ ജോസഫ് ക്യൂട്ടോ**



**പ്രസിദ്ധീകരണ മേഖലയിലെ പ്രതിഭകൾക്കായ് തൃശൂരിലെ ബ്രദർ ലൂയീസ് മഞ്ഞളി സ്മാരക സമിതി ഏർപ്പെടുത്തിയിട്ടുള്ള ഈ വർഷത്തെ അവാർഡിന് തിരഞ്ഞെടുക്കപ്പെട്ട കാരുണികന്റെ സ്ഥാപകപത്രാധിപർ റവ. ഡോ. ജേക്കബ് നാലുപറയിൽ** MCBS **ന് കാരുണികൻ കുടുംബത്തിന്റെ ആശംസകൾ!**

www.malankaralibrary.com

# എക്സ്ട്രാമൈൽ പോകുന്ന ഇടയൻ

**ചിക്കാഗോ സെന്റ് തോമസ് രൂപതാധ്യക്ഷൻ മാർ ജോയ് ആലപ്പാട്ടുമായി കാരുണികൻ നടത്തിയ അഭിമുഖം.**

**? 2014 മുതൽ ചിക്കാഗോ രൂപതയുടെ സഹായ മെത്രാനായിരുന്ന അങ്ങ് ഇക്കഴിഞ്ഞ ജൂലൈയിൽ ചിക്കാഗോ രൂപതയുടെ അധ്യക്ഷനായി നിയമിതനായിരിക്കുകയാണല്ലോ. സഹായ മെത്രാനെന്ന നിലയിലുള്ള പരിചയം പുതിയ ഉത്തരവാദിത്തം കുറച്ചു കൂടി എളുപ്പമാക്കുന്നുണ്ടോ?**

1994-ലാണ് ഞാൻ അമേരിക്കയിൽ വരുന്നത്. അപ്പോൾ മുതൽ ഇവിടെയുള്ള സീറോമലബാർ സഭാസമൂഹത്തിന്റെ കാര്യങ്ങളിൽ ഞാൻ ഇടപെട്ടിട്ടുണ്ട്. അന്നുമുതലുള്ള അനുഭവസമ്പത്ത് എനിക്കുണ്ട്. കൂടാതെ അമേരിക്കയിൽ ഒരു സീറോ മലബാർ സഭാഘടകത്തിന്റെ ആവശ്യകതയെക്കുറിച്ച് ഞാൻ ബോധ്യമുള്ളവനായിരുന്നു. വിവിധ പള്ളികളിൽ സേവനം ചെയ്തതുവഴി കൂടുതൽ ആളുകളുമായി അടുത്ത് പരിചയപ്പെടുന്നതിന് എനിക്ക് സാധിച്ചിട്ടുണ്ട്. 2014-ലാണ് ഞാൻ ഈ രൂപതയുടെ സഹായമെത്രാനായി നിയമിതനാകുന്നത്. രൂപതയുടെ പ്രധാന മെത്രാനായിരിക്കുന്നതും സഹായമെത്രാനായിരിക്കുന്നതും തമ്മിൽ വളരെയധികം വ്യത്യാസങ്ങളുണ്ട്. സഹായമെത്രാൻ ഒരു സഹായിയെന്ന അർഥത്തിൽ ആവശ്യപ്പെടുന്ന കാര്യങ്ങൾ നിർവഹിക്കുകമാത്രമേ ചെയ്യേണ്ടതുള്ളൂ. എന്നാൽ ഒരു പ്രധാന മെത്രാനെസംബന്ധിച്ച് അങ്ങനെയല്ല എല്ലാവരും ചോദ്യംഉയർത്തുന്നത് അദ്ദേഹത്തോടായിരിക്കും. അതിന് എല്ലാം മറുപടി പറയാൻ അദ്ദേഹം ബാധ്യസ്ഥനാണ്. രൂപതയുടെ അധ്യക്ഷനായിത്തീരുകയെന്നാൽ കൂടുതൽ ഉത്തരവാദിത്വം ഉൾക്കൊള്ളുന്നതാണ്. എല്ലാവരുടെയും വിരലുകൾ ചൂണ്ടപ്പെടുന്ന തസ്തികയാണത്. ഞാൻ ഈ രൂപതയിൽ 94-മുതൽ ജോലിചെയ്തിരുന്ന ഒരു വൈദികനാണ്. വൈദികൻ എന്ന നിലയിലും പിന്നീട് സഹായമെത്രാനെന്ന നിലയിലും എന്നെ മറ്റുള്ളവർക്ക് അറിയുന്നതിനും സഹായകമായിട്ടുണ്ട്. അത്തരം പരിചയങ്ങൾ തീർച്ചയായും എന്റെ തുടർന്നുള്ള ശുശ്രൂഷയിൽ സഹായകമാകും എന്നാണ് ഞാൻ വിശ്വസിക്കുന്നത്.

**? ഒരു നല്ല പ്രഭാഷകനും ഓർഗനൈസിങ്ങ് സ്കില്ലുകൾ നിറഞ്ഞ ഒരു നല്ല ഇടയനും ആർക്കും എളുപ്പത്തിൽ സമീപിക്കാവുന്ന വ്യക്തിത്വത്തിനുടമയുമാണ് പിതാവ് എന്ന് പലരിൽ നിന്നും കേട്ടിട്ടുണ്ട്. അമേരിക്കയിൽ എത്തിയ ശേഷമുള്ള പ്രധാന പ്രവർത്തന മേഖലകൾ / പഠന മേഖലകൾ ഏതൊക്കെയായിരുന്നു? അല്പം അമേരിക്കൻ ഓർമകൾ!**

ഞാൻ പ്രഗല്ഭനായ ഒരു പ്രഭാഷകനോ ഓർഗനൈസറോ എല്ലാ കഴിവുകളും തികഞ്ഞ വ്യക്തിത്വത്തിന്റെ ഉടമയാണെന്നോ ഞാൻ അവകാശപ്പെടുന്നില്ല. മറ്റുള്ളവർ എന്നിൽ എന്തെങ്കിലും കഴിവുകൾ കണ്ടെത്തിയിട്ടുണ്ടെങ്കിൽ അത് ദൈവമഹത്ത്വത്തിനായിരിക്കട്ടെ എന്ന് ഞാൻ വിശ്വസിക്കുന്നു. എന്റെ പ്രവർത്തന മേഖലകളിൽ ഏറ്റവും ശ്രദ്ധിച്ചിരുന്നത് വ്യക്തിബന്ധങ്ങളെ വളർത്തിയെടുക്കുക എന്നതിലായിരുന്നു. നോൺ ജഡ്ജിമെന്റൽ ആറ്റിറ്റ്യൂഡിലൂടെ സമൂഹത്തെ സമീപിക്കണമെന്നും നമ്മുടെ ജീവിതത്തിന്റെ ട്രാൻസ്പരൻസിയാണ് നമ്മുടെ ദൗത്യനിർവഹണത്തിന് ഏറ്റവും ഫലപ്രദമെന്നും ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. ഞാൻ അമേരിക്കയിൽ വന്നപ്പോൾ എന്നെ പിന്തുടർന്നിരുന്ന മൂന്ന് ആഗ്രഹങ്ങളുണ്ടായിരുന്നു. ഒന്ന്, എന്റെ അജപാലനശുശ്രൂഷയെ എങ്ങനെ കുറേക്കൂടി മെച്ചപ്പെടുത്താം. എന്റെ വ്യക്തിജീവിതത്തിൽ കുറേക്കൂടി എങ്ങനെ

www.malankaralibrary.com

വളരാം എന്നൊരു അന്വേഷണം ഞാൻ നടത്തിയിരുന്നു. അതിന് സഹായകമായത് ഞാൻ പഠിക്കാൻ ആരംഭിച്ച ക്ലിനിക്കൽ പാസ്റ്ററൽ എഡ്യൂക്കേഷൻ എന്ന പാഠ്യപദ്ധതിയാണ്. എന്നെ ശക്തിപ്പെടുത്തുന്ന ഘടകങ്ങൾ എന്തൊക്കെയാണെന്നും എന്നെ തളർത്തുന്ന ഘടകങ്ങൾ എന്തൊക്കെയാണെന്നും ആ പാഠ്യപദ്ധതിയിലൂടെ എനിക്ക് കുറെയൊക്കെ മനസ്സിലാക്കാൻ കഴിഞ്ഞതിൽ എനിക്ക് സന്തോഷമുണ്ട്. രണ്ടാമതായി, എന്റെ അന്വേഷണം അജപാലന ശുശ്രൂഷയുടെ പുതിയ ശൈലികളെ കണ്ടെത്തുക എന്നതായിരുന്നു. കേരളത്തിൽമാത്രം പഠിച്ചുവളർന്ന എനിക്ക് മറ്റൊരു സംസ്കാരത്തിൽ എങ്ങനെ പ്രവർത്തിക്കാനാകും എന്ന ഒരന്വേഷണം ഈ ആഗ്രഹത്തിന് പിന്നിലുണ്ടായിരുന്നു. ഞാൻ ജോലിചെയ്തിരുന്ന ഇടവകയോട് ചേർന്നുള്ള ലൈബ്രറിയിൽ പോയി പുസ്തകങ്ങളും മാസികകളും വായിക്കുക അവിടെ നൽകപ്പെടുന്ന ചില സെമിനാറുകളും പഠന സൗകര്യങ്ങളും ഉപയോഗപ്പെടുത്തുക എന്റെ ജീവിതശൈലിയായിരുന്നു. പള്ളിയിലെ കേവല ശുശ്രൂഷയ്ക്കപ്പുറം കുറേക്കൂടി എക്സ്ട്രാ മൈൽ പോകാൻ ഞാൻ സമയം കണ്ടെത്തിയിരുന്നു. മലയാളികളുടെ മിക്ക സമ്മേളനങ്ങളിലും ഞാൻ കടന്നുചെല്ലുമായിരുന്നു. കൂടുതൽ വ്യക്തികളെ അറിയുന്നതിനും പരിചയപ്പെടുന്നതിനും അപ്രകാരമുള്ള ഒരു സമീപനം എനിക്ക് ഉപകാരപ്പെട്ടിട്ടുണ്ട്.

## ? ഇരിങ്ങാലക്കുട രൂപതയ്ക്കുവേണ്ടി വൈദികനായി അഭിഷിക്തനായ ശേഷം അങ്ങയുടെ നാട്ടിലെ പ്രവർത്തന മേഖലകൾ? അമേരിക്കയിലെത്താനുണ്ടായ സാഹചര്യം?

ഇരിങ്ങാലക്കുട രൂപതാധ്യക്ഷനായിരുന്ന മാർ ജെയിംസ് പഴയാറ്റിൽനിന്നും 1981 ഡിസംബർ 31-ന് വൈദികപട്ടം സ്വീകരിച്ച ശേഷം ഇരിങ്ങാലക്കുട രൂപതയിലെ ചാലക്കുടി, ഇരിങ്ങാലക്കുട, മാള എന്നീ പള്ളികളിൽ സഹവികാരിയായി ശുശ്രൂഷ ചെയ്തു. ഈ കാലഘട്ടത്തിൽ തന്നെയാണ് കേരളത്തിൽ കരിസ്മാറ്റിക് നവീകരണമുന്നേറ്റങ്ങൾ ഉടലെടുത്തതും പ്രചാരത്തിൽവന്നതും. ഇടവകശുശ്രൂഷയിൽ കരിസ്മാറ്റിക് നവീകരണത്തിന് നല്ലൊരു സ്ഥാനമുണ്ടെന്ന് മനസ്സിലാക്കിയ ഞാൻ ആ മണ്ഡലത്തിൽ കൂടുതൽ ശ്രദ്ധിച്ചിരുന്നു. ആ ശുശ്രൂഷയിൽ എന്നെ പിന്തുണച്ചത് എന്റെ സംഗീതസ്നേഹവും കൂടിയായിരുന്നു. ഇടവകകളിൽ കരിസ്മാറ്റിക് ധ്യാനസംരംഭങ്ങൾ കൂടെക്കൂടെ നടത്തുകയും പ്രാർഥനാരൂപി വളർത്താനും വചനം കൂടുതലായി ജനഹൃദങ്ങളിലേക്ക് എത്തിക്കാനും കരിസ്മാറ്റിക് ധ്യാനങ്ങൾ സഹായിക്കുകയും ചെയ്തു. അക്കാലത്തുതന്നെ ചില ഭക്തിഗാനങ്ങളുടെ ആൽബം പ്രസിദ്ധീകരിക്കാനും എനിക്ക് കഴിഞ്ഞിട്ടുണ്ട്. ആ കാലഘട്ടത്തിൽ എനിക്ക് കിട്ടിയ ഒരു പ്രചോദനമായിരുന്നു കൂടുതൽ വചനം അറിയണമെന്നും പഠിക്കണമെന്നുമുള്ള എന്റെ ആഗ്രഹം. പഠനകാര്യങ്ങളിൽ ഒന്നാമനൊന്നുമല്ലാത്ത എന്നെ രൂപതയിൽനിന്നും മുൻകൈയെടുത്ത് വിദേശങ്ങളിലോ നാട്ടിലോ ഉപരിപഠനത്തിന് അയക്കുക എന്നൊരു സാധ്യത എനിക്കില്ലായിരുന്നു. എങ്കിലും പിതാവിനോട് ഞാൻ എന്റെ ആഗ്രഹം അറിയിക്കുകയും അതിൻപ്രകാരം പിതാവ് എന്നെ ആലുവ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ചേർന്ന് ദൈവശാസ്ത്രത്തിൽ മാസ്റ്റർ ബിരുദം പഠിക്കാനായി നിയോഗിക്കുകയും ചെയ്തു. ഞാൻ ആലുവ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ചേർന്ന് ബിബ്ലിക്കൽ സ്പിരിച്ചാലിറ്റിയിൽ പഠനം പൂർത്തിയാക്കി. വിശുദ്ധ ലൂക്കായുടെ സുവിശേഷത്തെ പുരസ്കരിച്ചായിരുന്നു എന്റെ



www.malankaralibrary.com

പഠനം. പഠനം കഴിഞ്ഞുവന്ന എന്നെ കുമ്പിടി ലിറ്റിൽഫ്ളവർ ഇടവകയുടെ വികാരിയായി നിയമിച്ചു. ആ ഇടവകയിൽ ഒരുവർഷം പൂർത്തിയാക്കിയപ്പോൾ അന്ന് മദ്രാസ് മിഷൻ എന്നറിയപ്പെട്ടിരുന്ന ഇന്നത്തെ ഹൊസൂർ രൂപതയിൽ പ്രവർത്തിക്കുന്നതിന് എന്നെ നിയോഗിക്കുകയും ചെയ്തു. ചെന്നൈയിലെ എന്റെ അന്നത്തെ ശുശ്രൂഷ വളരെ പ്രയാസമേറിയതും കഠിനവുമായിരുന്നു. തമിഴ്നാട്ടിലെ ചെന്നൈ പട്ടണത്തിലും സമീപപ്രദേശങ്ങളിലും കുടിയേറിപ്പാർത്തിട്ടുള്ള സുറിയാനി കത്തോലിക്കരുടെ അജപാലനശുശ്രൂഷയ്ക്കായി ആരംഭിച്ച മിഷൻ ഇരിഞ്ഞാലക്കുട രൂപതയാണ് ഏറ്റെടുത്തിരുന്നത്. ഒരുപാട് എതിർപ്പുകളുടെ കാലഘട്ടമായിരുന്നു അത്. ആ മിഷനിൽ വെല്ലുവിളികൾ നിറഞ്ഞതെങ്കിലും സാമാന്യം നല്ല രീതിയിൽ മുന്നോട്ടുപോകാൻ സാധിച്ചു. ഏകദേശം ആറ് വർഷത്തെ സേവനത്തിനുശേഷം മാറ്റംകിട്ടുന്ന അവസരത്തിൽ വിദേശനാടുകൾ സന്ദർശിക്കണമെന്നുള്ള എന്റെ ആഗ്രഹം അഭിവന്ദ്യ പിതാവിനെ അറിയിക്കുകയും അതുപ്രകാരം 1993 ഒക്ടോബർ 15-ന് ഞാൻ ജർമനി, ഇറ്റലി, അമേരിക്ക എന്നീ രാജ്യങ്ങൾ സന്ദർശനം നടത്തുന്നതിന് യാത്ര പുറപ്പെടുകയും ചെയ്തു. അമേരിക്കൻ സന്ദർശന ഉദ്ദേശ്യം സത്യത്തിൽ എനിക്കുണ്ടായിരുന്നില്ല. ചെന്നൈയിലെ ഒരു കമ്പനിയുടെ ഹൈന്ദവനായ മാനേജരുടെ താല്പര്യംകൊണ്ടാണ് എനിക്ക് അമേരിക്കകൂടി സന്ദർശനത്തിൽ ഉൾപ്പെടുത്താൻ കഴിഞ്ഞത്. ജർമനിയിൽ ഉണ്ടായിരുന്ന എന്റെ സെമിനാരിക്കാല ബെനഫാക്ടറിന്റെയും ഇറ്റലിയിലെ എന്റെ സഹോദരി സിസ്റ്റർ കൊള്ളറ്റിന്റെയും അമേരിക്കയിൽ ക്ലാസിക്കൽ ഫുഡ് പ്രൊഡക്റ്റ് എന്ന കമ്പനിയുടെയും സഹായത്താലാണ് എനിക്ക് വിസ തരപ്പെടുത്തികിട്ടുകയും ഈ രാജ്യങ്ങളിലെല്ലാം സന്ദർശനം നടത്താൻ സാധിക്കുകയും ചെയ്തത്. അമേരിക്കയിൽ വന്നപ്പോൾ ആറുമാസത്തേക്കുകൂടി വിസാക്കാലം നീട്ടിക്കിട്ടിയതുകൊണ്ട് ഒരു പള്ളിയിൽ ആറുമാസക്കാലം ഒരു സഹായിയായി ശുശ്രൂഷ ചെയ്യുന്നതിന് അവസരം ലഭിച്ചു. വിസാകാലാവധികഴിഞ്ഞ് തിരിച്ചുപോകുമ്പോൾ അവിടുത്തെ വികാരിയച്ചൻ എന്നോട് വീണ്ടും വരണമെന്നും ന്യൂയോർക്ക് അതിരൂപതയിൽ ജോലി ചെയ്യണമെന്നും ആവശ്യപ്പെട്ടിരുന്നു. തിരിച്ചുനാട്ടിൽവന്ന ഞാൻ അഭിവന്ദ്യ പിതാവിനോട് ന്യൂയോർക്കിലെ വികാരിയച്ചന്റെ ഇംഗിതം അറിയിക്കുകയുണ്ടായി. പിതാവ് നിർദേശിച്ചതനുസരിച്ച് വീണ്ടും 1994 ഒക്ടോബർ 6-ന് ഞാൻ ന്യൂയോർക്ക് അതിരൂപതയിലെ സ്റ്റാറ്റൺ ഐലന്റിലുള്ള സെന്റ് മേരി ഓഫ് അസംപ്ഷൻ ദൈവാലയ സഹവികാരിയായി നിയമിതനായി. അന്ന് ചിക്കാഗോ സെന്റ് തോമസ് രൂപത നിലവിൽ വന്നിട്ടില്ല. 1996-ൽ ന്യൂയോർക്ക് രൂപതയിലെ ഇന്ത്യൻ അപ്പസ്തോലേറ്റിന്റെ ചുമതല വഹിക്കാൻ അവിടുത്തെ സഭാനേതൃത്വം എന്നെ ക്ഷണിക്കുകയുണ്ടായി. വാഷിംഗ്ടൺ ഡിസി ജോർജ് ടൗൺ യൂണിവേഴ്സിറ്റി ചാപ്ലിന്റെ ചുമതലയും ഇതോടൊപ്പം നിർവഹിച്ചു. മലയാളി അല്മായ പ്രസ്ഥാനങ്ങളിലൂടെയായിരുന്നു അന്ന് സഭാകൂട്ടായ്മകൾ രൂപീകരിച്ചിരുന്നത്. സെന്റ് തോമസ് രൂപത സ്ഥാപിതമായതോടെ 2002-ൽ ഞാനും രൂപതയുടെ ഭാഗമായി. മദ്രാസ്, അമേരിക്കൻ മിഷനുകളിലായി ചിലവഴിച്ച 27 വർഷത്തെ അനുഭവങ്ങൾ പുതിയ ദൗത്യ നിർവഹണത്തിൽ സഹായകമായി. പിൻതിരിഞ്ഞുനോക്കുമ്പോൾ കഴിഞ്ഞകാല അനുഭവങ്ങളിലൂടെ ദൈവം എന്നെ ഒരുക്കുകയായിരുന്നു എന്നാണ് എന്റെ വിശ്വാസം.

### ? അമേരിക്കയിലെ അജപാലന മേഖലയും കേരളത്തിലെ അജപാലനമേഖലയും എങ്ങനെ താരതമ്യപ്പെടുത്തി പറയാനാവും? ശൈലികളിലെ സമാനതകൾ - വൈവിധ്യങ്ങൾ?

അമേരിക്കയിലെ അജപാലന ശുശ്രൂഷ ഞാൻ വളരെ വിലപ്പെട്ടതായി കണക്കാക്കുന്നു. തികച്ചും കൗതുകരവും ആശ്ചര്യം ജനിപ്പിക്കുന്നതുമായ പല അനുഭവങ്ങളും എനിക്കിവിടെ അജപാലന ശുശ്രൂഷയിൽ ഉണ്ടായിട്ടുണ്ട്. ഒരു വിദേശപൗരനെന്ന രീതിയിൽ ആദ്യത്തെ വെല്ലുവിളി ഭാഷയെ സംബന്ധിക്കുന്നതായിരുന്നു. ആദ്യകാലഘട്ടങ്ങളിൽ വളരെ വിഷമിക്കേണ്ടതായി വന്നിട്ടുണ്ട്. എങ്കിലും അമേരിക്കൻ സമൂഹത്തിന്റെ വിശാലമനസ്കതയും ഔദാര്യത്തോടെയുള്ള സമീപനവും സഹിഷ്ണുതയും എടുത്തുപറയേണ്ട ഗുണങ്ങളായിരുന്നു. ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം കേവല നിലവാരം മാത്രമുണ്ടായിരുന്ന എനിക്ക് ഇടവക സമൂഹത്തിന്റെ സ്നേഹവും സൗഹാർദവും വളരെ കരുത്തുനൽകി. കൂടാതെ അവരിൽ ചിലർ പല അവസരങ്ങളിലും എനിക്ക് അമേരിക്കൻ ഉച്ചാരണ രീതി പറഞ്ഞുമനസ്സിലാക്കിത്തരുകയും കൂടുതൽ മെച്ചപ്പെടുത്താൻ കഴിയുന്ന വിധത്തിൽ എന്നെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. അമേരിക്കയിലെ അജപാലന ശുശ്രൂഷയും ഇന്ത്യയിലെ അജപാലന ശുശ്രൂഷയും തമ്മിൽ വളരെ

www.malankaralibrary.com

വ്യത്യാസങ്ങളുണ്ട്. ഒരു സഹവികാരിയെന്ന നിലയിൽ ഇടവകയിലെ സാമ്പത്തിക ഉത്തരവാദിത്വങ്ങൾ വളരെ കുറവായിരുന്നു അമേരിക്കയിൽ. സമയക്രമമനുസരിച്ചുള്ള തിരുകർമങ്ങൾക്ക് സ്ഥലത്തുണ്ടായിരിക്കുക എന്നുള്ളതായിരുന്നു പ്രധാനം. വികാരിയച്ചൻ നൽകുന്ന ക്രമീകരണങ്ങൾ അനുസരിച്ച് ഇടവകയുടെ അജപാലന ശുശ്രൂഷകൾ നിറവേറ്റുക. എല്ലാത്തിനും കൃത്യമായി ടൈംടേബിൾ ഉണ്ട്. സമയക്രമം കൃത്യമായി പാലിച്ചിരിക്കണം. ഇടവക ജനങ്ങളെ കാണുന്നതും അവരുമായി ഇടപഴകുന്നതും അപ്പോയിൻമെന്റ് അനുസരിച്ച് മാത്രമേ ഉണ്ടാകൂ. ഇന്ത്യയിലെയും അമേരിക്കയിലെയും അജപാലനശുശ്രൂഷയിൽ ഞാൻ ദർശിച്ച വലിയ വ്യത്യാസം ഇന്ത്യയിൽ നമ്മൾ അഡ്രസ് ചെയ്യുന്നത് അധികവും സമൂഹങ്ങളെ, കുടുംബങ്ങളെ ചേർത്തുവച്ചാണ്. എന്നാൽ അമേരിക്കയിൽ വ്യക്തികേന്ദ്രീകൃതമായിവേണം കൂടുതൽ നമ്മൾ ശുശ്രൂഷയിൽ ശ്രദ്ധിക്കാൻ. അതുപോലെ ഇന്ത്യൻസംസ്കാരം കൂടുതൽ ഇന്റർ ഡിപ്പെൻഡഡ് ആണ്. പാശ്ചാത്യ സംസ്കാരത്തിൽ കൂടുതൽ ശ്രദ്ധിക്കേണ്ടത് ഇൻഡിപെൻഡന്റ് ശൈലിയാണ് എന്നു തോന്നിയിട്ടുണ്ട്. ഔപചാരികതകളില്ലാതെ ജനങ്ങളുമായി ഇടപഴകാൻ തയ്യാറുള്ള ഇന്ത്യൻ വൈദികരെ ജനം കൂടുതലായി സ്നേഹിക്കുന്നതും ഞാൻ കണ്ടിട്ടുണ്ട്.

## ? കേരളത്തിന് / ഇന്ത്യക്കുപുറത്തുള്ള ഒരു രൂപതയുടെ അദ്ധ്യക്ഷനെന്ന നിലയിൽ അമേരിക്കയിലുള്ള മലയാളി സമൂഹത്തിന്റെ വിശ്വാസ ജീവിതം പിതാവ് എങ്ങനെയാണ് വിലയിരുത്തുന്നത്? വെല്ലുവിളികൾ?

ഇന്ത്യയ്ക്ക് പുറത്ത് സീറോമലബാർ സഭയ്ക്ക് ലഭിച്ച ആദ്യത്തെ ഒരു രൂപതയാണ് ചിക്കാഗോ രൂപത. അതിന്റെ ആരംഭത്തിൽ ഒരുപാട് വെല്ലുവിളികൾ നേരിടേണ്ടതായി വന്നിട്ടുണ്ട്. മറ്റൊരു സംസ്കാരത്തിൽനിന്ന് ഇവിടെ ഉടലെടുക്കുന്ന സഭാസംവിധാനത്തിന് തീർച്ചയായും ഈ സംസ്കാരത്തിലേക്ക് പറിച്ച് നടപ്പെടുമ്പോൾ ഉണ്ടാകുന്ന അസ്വസ്ഥതകൾ ഉണ്ടായിരുന്നു. അത് ആരംഭത്തിൽ വളരെയധികം അനുഭവപ്പെട്ടിട്ടുണ്ട്. ഇവിടെയുള്ള നമ്മുടെ ക്രൈസ്തവസമൂഹം വളരെ സഭാപരമായ സംവിധാനത്തിനുവേണ്ടി ആഗ്രഹിക്കുന്നവരാണ്. സഭയോട് ചേർന്നുനിന്ന് വളരണമെന്ന് ആഗ്രഹിക്കുന്നവരാണ്. തങ്ങൾക്കു ലഭിച്ചിരിക്കുന്ന വിശ്വാസ പാരമ്പര്യങ്ങളിൽ വളരെയധികം അഭിമാനംകൊള്ളുന്നവരാണ്. ആ പാരമ്പര്യങ്ങൾ നഷ്ടപ്പെടരുത് എന്നും പ്രത്യേകിച്ചും സെന്റ് തോമസ് അപ്പോസ്തലനിലൂടെ കൈവന്നതായ ആ ഒരു സഭാശൈലിയും വിശ്വാസതീക്ഷ്ണതയും നിലനിർത്തണമെന്നും ആത്മാർഥമായും ആഗ്രഹിക്കുന്നവരാണവർ. അപ്പോൾ അതിനുവേണ്ടിയിട്ടുള്ള തീവ്രമായ ശ്രമം ഉണ്ടായിട്ടുണ്ട്. അവരുടെ വിശ്വാസജീവിതത്തിൽ ഞാൻ ശ്രദ്ധിച്ച മറ്റൊരു വലിയ സംഗതി ഈ രൂപതയിൽ അധികവും പ്രവർത്തിക്കുന്ന അല്ലെങ്കിൽ പ്രവർത്തനമേഖല മുഴുവൻ കേന്ദ്രീകൃതമായിരിക്കുന്നത് അല്മായരിലാണ് എന്നതാണ്. നമുക്കിവിടെ വൈദികർ അധികമില്ല. എല്ലാകാര്യങ്ങളുംതന്നെ അല്മായരിലാണ് കേന്ദ്രീകൃതമായിരിക്കുന്നത്. അവരുടെ നേതൃത്വമാണ് എല്ലാ കാര്യങ്ങളെയും മുന്നോട്ടുകൊണ്ടുപോകുന്നത്. പിന്നെ വെല്ലുവിളികളായി പലതുമുണ്ട്. നമ്മുടെ ഭാഷ ഒരു വെല്ലുവിളിയാണ്. അതുപോലെ ഈ ഒരു സാംസ്കാരിക പശ്ചാത്തലത്തിൽ പഴയ മാമൂലുകളെ നിലനിർത്താൻ കഴിയുകയെന്നത് ഒരു വെല്ലുവിളിയാണ്. അടുത്തുവരുന്ന തലമുറയ്ക്ക് നമ്മുടെ കാര്യങ്ങൾ പകർന്നുകൊടുക്കുമ്പോൾ അവർ അതെങ്ങനെ സ്വീകരിക്കും എന്നുള്ളത് മറ്റൊരു വെല്ലുവിളിയാണ്. എന്നാൽ ദൈവാനുഗ്രഹത്താൽ ഇത്രയുംനാളത്തെ വളർച്ചയിൽ ഈ വെല്ലുവിളികളെ കുറെയൊക്കെ തരണം ചെയ്ത് മുന്നേറാൻ കഴിഞ്ഞിട്ടുണ്ട്. പൂർണമായ വിജയമായി എന്ന് പറയാൻ പറ്റില്ലെങ്കിലും തങ്ങളുടെ ഭാഗത്തുള്ള സഹകരണം എല്ലാവരും കാഴ്ചവയ്ക്കുന്നുണ്ട്. അതുകൊണ്ടുതന്നെ ഒരു നല്ല ഭാവി അമേരിക്കയിലുണ്ട് എന്ന് ഞാൻ ന്യായമായും വിശ്വസിക്കുന്നുണ്ട്.

## ? അമേരിക്കയിലെ ക്രിസ്തുമസ് ആഘോഷങ്ങളെക്കുറിച്ച് ഒന്ന് വിശദീകരിക്കാമോ?

അമേരിക്കയിൽ ക്രിസ്തുമസ് കാലഘട്ടം ആഘോഷങ്ങളുടെ കാലഘട്ടമാണ്. എല്ലാ ജനവിഭാഗങ്ങളുംതന്നെ ഈ ക്രിസ്തുമസ് ആഘോഷങ്ങളിൽ പങ്കെടുക്കാറുണ്ട്. ക്രൈസ്തവർ മാത്രമല്ല സംഘങ്ങളായി ഒത്തുചേർന്നും കുടുംബങ്ങളിൽ സംഗമിച്ചും ദൈവാലയങ്ങളിൽ ഒത്തുകൂടിയുമെല്ലാം ആഘോഷങ്ങൾക്ക് അവർ പ്രാധാന്യം കൊടുക്കുന്നു. അതോടൊപ്പംതന്നെ അതിന്റെ ഒരു കമ്പോളവശം കൂടി ഈ ദിവസങ്ങളിൽ കാണാൻകഴിയും. നിരവധിപേർ ഷോപ്പിംഗിന് പ്രാധാന്യം നൽകുന്നതായിട്ട്

www.malankaralibrary.com

കാണാൻ കഴിയുന്നുണ്ട്. എന്നാൽ, അതോടൊപ്പം തന്നെ ദൈവാലയത്തിലെ തിരുകർമങ്ങളിലും എല്ലാവരും പങ്കെടുക്കുന്ന കാഴ്ച എനിക്ക് കാണാൻ കഴിഞ്ഞിട്ടുണ്ട്. ക്രിസ്തുമസിനോടു ബന്ധപ്പെട്ട് എക്യുമെനിക്കൽ ഗ്രൂപ്പുകളിൽ പലപ്പോഴും എനിക്ക് പോകാൻ കഴിഞ്ഞിട്ടുള്ളത് വലിയ അനുഭവമാണ്. ഈ വർഷം ചിക്കാഗോയിൽ എക്യുമെനിക്കൽ ദൈവാലയങ്ങളുടെ ഒരു സംയുക്ത ക്രിസ്തുമസ് ആഘോഷങ്ങൾക്ക് ഞാൻ അധ്യക്ഷം വഹിക്കുന്നുണ്ട്. കൂടാതെ ഫിലാഡൽഫിയ കേന്ദ്രീകൃതമായുള്ള ഒരു എക്യുമെനിക്കൽ ഗ്രൂപ്പിന്റെ ക്രിസ്തുമസ് ആഘോഷങ്ങൾക്കും അധ്യക്ഷം വഹിക്കാൻ ഞാൻ പോകുന്നുണ്ട്. അങ്ങനെ വളരെ സന്തോഷം നിറഞ്ഞു നിൽക്കുന്ന ഒരു കാലഘട്ടമാണിത്. വീടുതോറും കയറിയിറങ്ങി കാരൾ സിങ്ങിംഗ് നടത്തുന്നത് മലയാളി സമൂഹത്തിന്റെ ഏറ്റവും സന്തോഷകരമായ കാര്യമാണ്. അതൊരു വലിയ ഇൻവോൾമെന്റായതിനാൽ ഞാനും ചില അവസരങ്ങളിലൊക്കെ അവരുടെ കൂടെ കൂടാറുണ്ട്.

## ? ഗായകൻ? ഗാനരചയിതാവ് എന്നീ നിലകളിലുള്ള പ്രവർത്തനം?

സംഗീതത്തോടുള്ള താല്പര്യം ചെറുപ്പം മുതലേയുണ്ട്. കോട്ടയം വടവാതൂർ സെമിനാരി പരിശീലന കാലത്ത് ക്വയർ മാസ്റ്ററുടെ ചുമതല വഹിക്കാനും അവസരം ലഭിച്ചു. മനസ്സിലുള്ള പ്രാർഥനകൾ ഗാനരൂപത്തിൽ കുറിച്ചുവയ്ക്കുന്ന പതിവുമുണ്ടായിരുന്നു. ഇടവക ശുശ്രൂഷാകാലഘട്ടത്തിൽ സംഘടിപ്പിച്ച കൺവൻഷനുകൾക്കുള്ള ഗാനങ്ങൾ രചിച്ചതോടെയാണ് കസെറ്റ്, ആൽബം എന്നീ തലങ്ങളിലേക്ക് സംഗീത താല്പര്യം വളർന്നത്. ആത്മരാഗം, വരദാനമഞ്ജരി എന്നിവയാണ് ആദ്യകാലത്ത് പുറത്തിറക്കിയ കസെറ്റുകൾ. ഗാനഗന്ധർവൻ കെ.ജെ യേശുദാസ് 1992-ൽ ഒരുക്കിയ ക്രിസ്തുമസ് ആൽബം 'സ്നേഹസുധ' യാണ് അതിൽ പ്രധാനം.

## ? 'കാനായിലെ കല്യാണ നാളിൽ...' ക്രിസ്തീയ ഭക്തി ഗാനാസ്വാദകർ നെഞ്ചിലേറ്റിയിട്ടുള്ള യേശുദാസ് ആലപിച്ച ഈ ഗാനം പിതാവ് എഴുതിയതാണെന്ന് പലർക്കും അറിയില്ല. അതിന്റെ പിറവിയെക്കുറിച്ചു അല്പം പറയാമോ? പാട്ടിനോടും എഴുത്തിനോടുമൊക്കെയുള്ള താത്പര്യം എന്ന് മുതൽ തുടങ്ങിയതായിട്ടാണ് പിതാവിനു ഓർമിച്ചെടുക്കാനാവുന്നത്? അത് എവിടെ എത്തി നിൽക്കുന്നു?

'സ്നേഹസുധ' ക്രിസ്തുമസ് ആൽബത്തിലെ പത്ത് ഗാനങ്ങളിലൊന്നായ കാനായിലെ കല്യാണനാളിൽ എന്നാരംഭിക്കുന്ന ഗാനം വളരെ ഹിറ്റായതാണ്. ഇന്നും എല്ലാവരുടെയും ഹൃദയത്തിൽ തങ്ങിനിൽക്കുന്ന ഒരു ഗാനമാണത്. അതിന് എനിക്ക് അവസരം ലഭിച്ചത് വീണുകിട്ടിയ ഭാഗ്യം എന്ന രീതിയിലാണ്. 1992-ലായിരുന്നു അതിന്റെ റിലീസിംഗ്. അതിന് സംഗീതംപകർന്നത് മദ്രാസിലുള്ള സംഗീതജ്ഞൻ ജെ.എം. രാജുവാണ്. ആ ഗാനങ്ങൾ കൂടാതെ മറ്റു പല പ്രസിദ്ധമായ ഗാനങ്ങൾ ഉണ്ടായിട്ടുണ്ട്. അതിലെ ഒരു ഗാനമാണ് 'ദർശനം നൽകണേ മിശിഹായെ' എന്നാരംഭിക്കുന്ന പ്രസിദ്ധമായ ഗാനം. പല വേദികളിലും ഇന്ന് അത് പാടികേൾക്കാറുണ്ട്. എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട ഒരു ഗാനമാണിത്.

## ? ജന്മനാട്? വീട്? മാതാപിതാക്കൾ. അല്പം കുടുംബ കാര്യങ്ങൾ പറയാമോ?

ഞാൻ തൃശൂർ ജില്ലയിലെ പറപ്പൂക്കര ഗ്രാമത്തിലാണ് ജനിച്ചുവളർന്നത്. ആലപ്പാട്ട് തെക്കേത്തല തറവാട്ടിലെ വർഗീസ് -റോസി ദമ്പതികളുടെ രണ്ടാമത്തെ മകനാണ്. ആരംഭകാല വിദ്യാഭ്യാസം എറണാകുളം ജില്ലയിലെ പുത്തൻപള്ളി ഇടവകയിലായിരുന്നു. കാരണം, എന്റെ അമ്മ വീട് പുത്തൻപള്ളിയിലായിരുന്നു. അവിടെയാണ് എന്റെ ചെറുപ്പകാലം കൂടുതലും ചിലവഴിച്ചിട്ടുള്ളത്. അവിടെ പ്രാരംഭ വിദ്യാഭ്യാസത്തിനുശേഷമാണ് ഞാൻ വീണ്ടും തൃശൂരിലേക്ക് തിരിച്ചുവരുന്നത്. പുത്തൻപള്ളിയിൽ സെന്റ് ജോർജ് ഇടവകയിലാണ് എന്റെ ആദ്യകുർബാനസ്വീകരണം. പിന്നെ പറപ്പൂക്കരയിൽ താമസമാക്കി. എന്റെ മാതാപിതാക്കൾ മരിച്ചുപോയി. ഞങ്ങൾ അഞ്ചു സഹോദരങ്ങളാണ്. രണ്ട് സഹോദരന്മാരും രണ്ട് സഹോദരിമാരുമുണ്ട്. അതിൽ ഒരു സഹോദരി ചാരിറ്റി കോൺഗ്രിഗേഷനംഗമാണ്. ഇപ്പോൾ ഇറ്റലിയിൽ ജോലിചെയ്യുന്നു. മറ്റൊരു സഹോദരി വിവാഹിതയാണ്. തൃശൂർ ചേർപ്പ് എന്ന സ്ഥലത്താണ്. മറ്റൊരു സഹോദരൻ മിലിട്ടറിയിൽ സേവനം ചെയ്യുകയാണ്. മറ്റു ബന്ധുക്കളൊക്കെ പറപ്പൂക്കര കേന്ദ്രീകൃതമായിട്ടാണുള്ളത്. ■

www.malankaralibrary.com

# പുൽക്കൂട്ടിലെ താരാട്ടുകാരൻ

ജോസ് ക്ലെമന്റ്
*jacychathiath@gmail.com*


**കേൾക്കുന്തോറും ഹൃദയത്തിന്റെ ആഴങ്ങളിലേക്ക് ആഴത്തിലിറങ്ങിക്കൊണ്ടിരിക്കുന്ന ഒരു താരാട്ടുഗാനമാണ് ഇന്നും മലയാളിയുടെ അധരങ്ങളിൽനിന്നു മായാതെ നിൽക്കുന്ന 'പൈതലാം യേശുവേ' എന്ന ക്രിസ്മസ് ഗാനം. ഒരു കർമലീത്താ സന്ന്യാസിയുടെ ഉള്ളിൽനിന്നും ഉറവയെടുത്ത ഈ താരാട്ട് ഈണം പിറന്നിട്ട് 38 ആണ്ടുകൾ പിന്നിടുമ്പോഴും പുൽക്കൂട്ടിലെ ഈ താരാട്ടുപാട്ടിന് ഇന്നും പുതുമ നഷ്ടപ്പെട്ടിട്ടില്ല. മംഗലപ്പുഴ വൈദികപരിശീലന കേന്ദ്രത്തിൽനിന്നും മുളപൊട്ടിയ ഈ ഗാനത്തിന്റെ നാൾവഴികളിലൂടെ ഒരു മടക്കയാത്ര.**

മാതൃവാത്സല്യത്തിന്റെ ലാളനകൾ മുത്തമിട്ടുനിൽക്കുന്ന 'പൈതലാം യേശുവേ' എന്ന തിരുപ്പിറവി ഗാനം ശ്രവിക്കുന്ന മാത്രയിൽ ബേത്ലെഹെമിലെ പുൽക്കൂട്ടിൽ പിറന്ന ഉണ്ണിയേശുവിനെ താരാട്ടുപാടി ഉമ്മവയ്ക്കുന്ന ഓർമയാണ് ഇന്നും തനിക്കുള്ളതെന്ന് ഫാ. ജസ്റ്റിൻ പനക്കൽ. ഇതു പറയുമ്പോൾ 38 വർഷം മുമ്പ് ഈ താരാട്ടുപാട്ടിന്റെ പിറവിക്കുണ്ടായ പേറ്റുനോവിന്റെ തീക്ഷ്ണത നിറഞ്ഞ ആത്മനൊമ്പരം അച്ചന്റെ മുഖത്തുനിന്നും ഇപ്പോഴും ഒപ്പിയെടുക്കാം. പ്രൊഫഷണൽ സംഗീതജ്ഞനല്ലാതിരുന്നിട്ടും ഒരു കർമലീത്താ സന്ന്യാസിയുടെ മനസ്സിൽ കിളിർത്ത താരാട്ട് ഈണത്തിന്റെ മാധുര്യം ലോക മലയാളികൾ ഏറ്റെടുത്തതിന്റെ സന്തോഷം ജസ്റ്റിനച്ചനെ ഇപ്പോഴും ഹർഷപുളകിതനാക്കുകയാണ്. കാരണം, നാലുപതിറ്റാണ്ടോടടുക്കുന്ന പ്രായം ഈ ഗാനത്തിനായെങ്കിലും ക്രിസ്മസ് ആഗതമാകുമ്പോൾ പുൽക്കൂട്ടിലെ ഈ താരാട്ട് ഗാനം കാതോടുകാതോരം പുതുമനഷ്ടപ്പെടാതെ ആയിരങ്ങളിൽ നിന്ന് പതിനായിരങ്ങളിലേക്ക് ജതിമതഭേദമെന്യേ പാടിപതിഞ്ഞുകൊണ്ടിരിക്കുകയാണ്. തിരുപ്പിറവിയുടെ ശാന്തരാവിൽ സംഭവിച്ചിട്ടുണ്ടാകാവുന്ന സങ്കല്പഭാവനകൾ മനഞ്ഞെടുത്താണ് ജസ്റ്റിനച്ചൻ ഈ ഗാനത്തിന് സംഗീതമൊരുക്കിയത്.

## പാട്ടുപിറവി

ആലുവ മംഗലപ്പുഴ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിലെ വൈദികാർഥികളുടെ പരിശീലകനായിരിക്കുന്ന കാലഘട്ടത്തിൽ 1984-ലാണ് 'പൈതലാം യേശുവേ' എന്ന ഗാനം ഗർഭംധരിക്കുന്നത്. ഗാനഗന്ധർവൻ കെ. ജെ യേശുദാസ് തനിക്ക് ആലപിച്ച് തന്റെ തന്നെ കസെറ്റ് കമ്പനിയായ തരംഗിണിക്കുവേണ്ടി ഒരു ക്രിസ്മസ് ഗാനോപഹാരം പുറത്തിറക്കാനായി ജസ്റ്റിൻ പനക്കലച്ചനോട് 12 ഗാനങ്ങൾ ആവശ്യപ്പെട്ടു. അതിന് പൂർണസമ്മതം മൂളാതെ തന്നെ യേശുദാസിന്റെ ആവശ്യം അച്ചൻ മനസ്സിന്റെ മൂശയിലിട്ടുവച്ചു. രണ്ടാംവർഷ ദൈവശാസ്ത്ര വിദ്യാർഥികൾക്കായി ക്ലാസ്സെടുക്കാൻ സെമിനാരി ഹാളിലെത്തിയപ്പോൾ ഇക്കാര്യം വൈദികവിദ്യാർഥികളോട് അച്ചൻ പങ്കുവച്ചു. "നിങ്ങളിൽ പാട്ടെഴുതാൻ കഴിവുള്ളവർ ക്രിസ്മസുമായി ബന്ധപ്പെട്ട് കുറച്ച് പാട്ടുകളെഴുതു. യേശുദാസിന് ആലപിക്കുന്നതിനുവേണ്ടിയാണ്. തിരഞ്ഞെടുക്കുന്ന ഗാനങ്ങൾ അദ്ദേഹം ആലപിച്ച് റെക്കോർഡ് ചെയ്ത് കസെറ്റാക്കി വിപണിയിലെത്തിക്കും." തങ്ങളുടെ പ്രിയപ്പെട്ട പ്രൊഫസറുടെ ആവശ്യം ശിഷ്യർ തേൻമൊഴിയായി ഉൾക്കൊണ്ടെന്നു മാത്രമല്ല, അവരിലെ സർഗാത്മകത സടകുടഞ്ഞെഴുന്നേറ്റതോടെ

www.malankaralibrary.com



അവർ ഗാനരചനയിലേർപ്പെട്ടു. യേശുദാസിന്റെ ശബ്ദത്തിൽ പുറത്തുവരുകയെന്നതുകൂടെയായപ്പോൾ വർധിത വീര്യത്തോടെ വൈദിക വിദ്യാർഥികൾ ആവേശപൂർവം ഗാനരചനയിൽ മുഴുകി. ഗുരു ആവശ്യപ്പെട്ടത് 12 ഗാനങ്ങളാണെങ്കിൽ ശിഷ്യർ സമ്മാനിച്ചത് 150 ഗാനരചനകളാണ്. അതിൽനിന്നും എട്ട് ഗാനങ്ങൾ സൂക്ഷ്മനിരീക്ഷണത്തോടെ തിരഞ്ഞെടുക്കപ്പെട്ടു. തിരഞ്ഞെടുത്ത 8 ഗാനങ്ങളും അവിഭക്ത തിരുവനന്തപുരം അതിരൂപതയിലെ വൈദികവിദ്യാർഥിയായിരുന്ന ബ്രദർ ജോസഫ് പാറാംകുഴിയുടേതായിരുന്നു (ഇപ്പോൾ നെയ്യാറ്റിൻകര രൂപതയിലെ കരികോണം സെന്റ് ജോസഫ് പള്ളിവികാരി). ഇതിലുൾപ്പെട്ട ഒരു രചനയായിരുന്നു 'പൈതലാം യേശുവേ.' ഈ ഗാനത്തിലെ വരികൾ പലയാവർത്തി ജസ്റ്റിനച്ചൻ വായിച്ചപ്പോൾ തന്റെ അമ്മ ബാല്യകാലത്തിൽ തന്നെ പാടിയുറക്കിയിരുന്ന താരാട്ടിന്റെ ഈണം ജസ്റ്റിനച്ചന്റെ മനസ്സിലേക്കുവന്നു. 12 വരികളിൽ ബ്രദർ പാറാംകുഴി തീർത്തിട്ടിരുന്ന ആ ഗാനത്തിന് പ്രസ്തുത ഈണം യോജ്യമാണെന്ന് അച്ചൻ ഉറപ്പിച്ചു. അതുടനെ പ്രായോഗികമാക്കാൻ ശ്രമിച്ചില്ല. കാരണം, ഏതൊരു കാര്യം ചെയ്യുന്നതിനു മുമ്പും ജസ്റ്റിനച്ചൻ ഒരു സന്ന്യാസിയെന്ന നിലയിൽ പരിശുദ്ധ കുർബാനയ്ക്കു മുന്നിലിരുന്ന് പ്രാർഥിച്ച് ധ്യാനിച്ച് മനനം ചെയ്യാറുണ്ട്. ധ്യാനത്തിനൊടുവിൽ അന്തരാത്മാവിൽ ലഭിക്കുന്ന മന്ത്രണമനുസരിച്ചാണ് അച്ചന്റെ തീരുമാനങ്ങൾക്ക് ദിശാരൂപം നൽകുന്നത്. നാളിതുവരെ അതിനു മാറ്റമുണ്ടായിട്ടില്ലെന്നുമാത്രമല്ല, ഒന്നും പരാജയപ്പെട്ടിട്ടുമില്ലായെന്ന് അഭിമാനത്തോടെ പങ്കുവയ്ക്കുന്നു.

പതിവുപോലെ അന്നും അച്ചൻ സക്രാരിക്കുമുന്നിലിരുന്ന് പ്രാർഥിച്ചൊരുങ്ങിക്കൊണ്ട് തന്റെ സ്വകാര്യമുറിയിലെ ഹാർമോണിയംപെട്ടിക്ക് മുമ്പിലിരുന്ന് ബ്രദർ പാറാംകുഴിയുടെ 'പൈതലാം യേശുവേ' എന്ന ഗാനവരികൾക്ക് സംഗീതം ചിട്ടപ്പെടുത്താൻ ആരംഭിച്ചു. അടച്ചിട്ട ജാലകത്തിനു വെളിയിൽ ധനുമാസക്കുളിര് പെയ്തിറങ്ങുന്നുണ്ടെങ്കിലും ജസ്റ്റിനച്ചന് ഒട്ടും ശൈത്യാനുഭവമുണ്ടായില്ല. കാരണം, ഒരു പാട്ടിന്റെ പിറവിയുടെ നോവും ചൂടുമായിരുന്നു മനസ്സുനിറയെ. ക്രിസ്മസ് ചിന്തകൾ മനസ്സിലേക്കാവാഹിക്കുന്നതിനായി പുൽക്കൂട് ചിത്രീകരിച്ചിട്ടുള്ള ഒരു ക്രിസ്മസ് ആശംസാകാർഡ് ഹാർമോണിയത്തിനുമുകളിലെടുത്തുവച്ചു. ആ തിരുചിത്രത്തെ ധ്യാനവിഷയമാക്കി അല്പസമയം നിശബ്ദതയിലാരുന്നപ്പോൾ ബേത്‌ലെഹെമിലെ കാലിത്തൊഴുത്തിൽ പാതിരാവിലെ അരവെളിച്ചത്തിൽ അരങ്ങേറിയ തിരുപ്പിറവിരംഗങ്ങൾ അച്ചന്റെ മനോമുകുരത്തിലേക്ക് ഒന്നൊന്നായി തെളിഞ്ഞുകൊണ്ടിരുന്നു. അതോടെ ഡിസംബറിന്റെ കുളിരനുഭവം അച്ചനെ

www.malankaralibrary.com

ആപാദചൂഡം പുണരാൻ തുടങ്ങി. ശാന്തമായ ആ രാത്രിയിൽ പരിശുദ്ധമറിയം പ്രസവിച്ച തന്റെ തിരുപുത്രനെ വാരിയെടുത്ത് ഉമ്മവയ്ക്കുന്ന കാഴ്ച ജസ്റ്റിനച്ചന്റെ അന്തരംഗത്തിൽ ഒരു പൂമൊട്ടുവിരിഞ്ഞ് പുഷ്പമാകുന്നതുപോലെ വിരിയാൻ തുടങ്ങി. കാതുകളിൽ ആ അമ്മയുടെ താരാട്ടിന്റെ ഈണവും ശ്രവിക്കാനിടയായി. യാന്ത്രികമായിത്തന്നെ അച്ചന്റെ വിരലുകൾ ഹാർമോണിയം പെട്ടിയുടെ കട്ടകളിൽ അമർന്നപ്പോൾ ഒരു താരാട്ടിന്റെ ഈണം പ്രതിധ്വനിക്കുകയായി. ബേത്‌ലെഹെമിലെ പുൽത്തൊട്ടിക്കരുകിൽ നിന്നുയർന്ന താരാട്ടിന്റെ ഈണം ശ്രവിക്കാൻ എത്രസമയമെടുത്തെന്ന് ജസ്റ്റിനച്ചന് ഇന്നും തിട്ടമായി പറയാനാകുന്നില്ല. പക്ഷേ, മലയാളത്തിന്റെ വാനമ്പാടി കെ.എസ് ചിത്രയുടെ സ്വരമാധുരുയിൽ ആ ഗാനം പുറംലോകം ശ്രവിച്ചപ്പോൾ പുതുമ നഷ്ടപ്പെടാതെ ഇന്നും ഈണമായി, താളമായി, ഹൃദയതരളിതമായി ഈ താരാട്ട് പൊലിമ നഷ്ടമാകാതെ നിലനിൽക്കുന്നുവെന്നതാണ് യാഥാർഥ്യം. ഈ ഗാനത്തിന്റെ മാറ്റൊലി ശ്രവിക്കാതെ മലയാളികൾക്ക് ക്രിസ്മസ് പൂർണമാകാറില്ല. സ്വർണം ഉലയിലിട്ട് കാച്ചിയെടുക്കുമ്പോൾ സുവർണ പ്രഭയേറുന്നതുപോലെ കാലം കടന്നുപോകുന്തോറും പൈതലാം യേശുവിന്റെ ഗരിമ വർധിച്ചുകൊണ്ടിരിക്കുകയാണ്.

## പ്രശസ്തൻ തിരസ്ക്കരിച്ച ഈണം

മെഗാ സൂപ്പർഹിറ്റായ ഈ താരാട്ടുപാട്ടിന് ഒരു തിരസ്ക്കരണത്തിന്റെ ഓർമകൂടിയുണ്ടെന്ന് ഈ സന്ന്യാസ സംഗീതസംവിധായകൻ പങ്കുവച്ചത് മറച്ചുവയ്ക്കാനാവുന്നില്ല. പണിക്കാർ ഉപേക്ഷിച്ച കല്ല് ഭവനത്തിന്റെ മൂലക്കല്ലായിത്തീർന്നനുഭവമാണ് ജസ്റ്റിനച്ചന് പറയാനുള്ളത്. പൈതലാം യേശുവിന് സംഗീതം നൽകിയതിനുശേഷം ഒരാത്മസംതൃപ്തിക്കായി ജസ്റ്റിനച്ചൻ ഒരു പ്രശസ്തസംഗീത സംവിധായകനെ വലിയ പ്രതീക്ഷയോടെ കേൾപ്പിച്ചപ്പോൾ ലഭിച്ച മറുപടി തീർത്തും നിരാശാജനകമായിരുന്നു. ഈ ഗാനം ശ്രദ്ധിക്കപ്പെടാൻ പോകുന്നില്ലെന്നും ഇതൊരു പാനവായനപോലെയിരിക്കുന്നുവെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. പ്രാർഥിച്ചൊരുങ്ങി ചിട്ടപ്പെടുത്തിയ ഒരു ഗാനം ശ്രദ്ധിക്കപ്പെടില്ലെന്നറിഞ്ഞ ജസ്റ്റിനച്ചൻ നിരാശയോടെ മൂന്നാംവർഷ ദൈവശാസ്ത്ര വിദ്യാർഥികളായ തന്റെ ശിഷ്യർക്കുമുമ്പിൽ 'വിഖ്യാത' ന്റെ മറുപടി ക്ലാസ്സിലവതരിപ്പിച്ചു. വിദ്യാർഥികൾ പ്രസ്തുതഗാനം അച്ചനോട് പാടാൻ ആവശ്യപ്പെട്ടെങ്കിലും ജസ്റ്റിനച്ചൻ ആദ്യം വഴങ്ങിയില്ല. ശിഷ്യരുടെ നിർബന്ധം വർധിച്ചപ്പോൾ അച്ചൻ ഈ താരാട്ടുഗാനം പാടി. കരഘോഷം മുഴക്കിക്കൊണ്ട് ആ വൈദിക വിദ്യാർഥികൾ ഒന്നടങ്കം പറഞ്ഞു: "അച്ചാ ഈ ഗാനം ഹിറ്റാകും. ആരൊക്കെ പറഞ്ഞാലും അച്ചനിത് ഉപേക്ഷിക്കരുത്." ഈ പ്രോത്സാഹനം ജസ്റ്റിനച്ചന്റെ നഷ്ടപ്പെട്ട പ്രത്യാശയ്ക്ക് ഉണർവേകി. എന്നിരുന്നാലും ഒരഭിപ്രായസമന്വയത്തിനുവേണ്ടിക്കൂടി അച്ചൻ പ്രശസ്തസംഗീതജ്ഞൻ റെക്സ് ഐസക്കിനെ ഈ ഗാനം കേൾപ്പിച്ചു. കേട്ടുകഴിഞ്ഞുടൻ അദ്ദേഹം വയലിനിൽ അതിമധുരമായി വായിച്ചുകൊണ്ടു പറഞ്ഞു: "ജസ്റ്റിനച്ചാ, ഇത് സൂപ്പർ, സൂപ്പർ, സൂപ്പർ! ധൈര്യപൂർവം അച്ചൻ മുന്നോട്ടു പോകുക." വർധിച്ച ആത്മവിശ്വാസത്തോടെ മുന്നോട്ടുഗമിച്ച ജസ്റ്റിനച്ചന് പിന്നെ തിരിഞ്ഞുനോക്കേണ്ടി വന്നില്ല. തിരസ്ക്കരിക്കപ്പെട്ട ഈണം അനുഗ്രഹ പൂമഴപോലെ ഇന്നും പെയ്തിറങ്ങുകയാണ് മാനവഹൃദയങ്ങളിൽ.

## ചിത്രോദയം

ഇതൊരു താരാട്ടുപാട്ടായതിനാൽ ഫീമെയിൽ ശബ്ദത്തിൽതന്നെ പാടണമായിരുന്നു. അതിനു പറ്റിയ ഗായികമാരെ തിരക്കുന്നതിനിടയിലാണ് തിരുവനന്തപുരം മ്യൂസിക് കോളജിൽ രണ്ടാംവർഷ സംഗീതവിദ്യാർഥിനിയായിരുന്ന ഒരു പെൺകുട്ടിയെക്കുറിച്ച് ജസ്റ്റിനച്ചൻ കേൾക്കാനിടയായത്. ആ കുട്ടിക്ക് ഒരവസരം നൽകണമെന്ന ശുപാർശ ഉണ്ടായതിനെത്തുടർന്ന് ജസ്റ്റിനച്ചൻ ആ പെൺകുട്ടിയെ വിളിപ്പിച്ചു. ആവശ്യപ്പെട്ട സമയത്തുതന്നെ പെൺകുട്ടി അവളുടെ അച്ഛനോടൊപ്പം റെക്കോർഡിംഗിനായി എത്തി. ഒരു വൈദികനാണ് സംഗീത സംവിധായകൻ എന്നറിഞ്ഞപ്പോൾ കൂടെവന്ന അച്ഛൻ മകളെ ജസ്റ്റിനച്ചനെ ഏൽപ്പിച്ച് മടങ്ങിപ്പോയി.

റെക്കോർഡിംഗിനു മുമ്പായി ജസ്റ്റിനച്ചൻ ഗാനം പഠിപ്പിച്ചുകൊടുത്തപ്പോൾ ഒരു ഹൈന്ദവ യുവതിയായതിനാൽ ആ ആലാപക പാട്ടിന്റെ ചരിത്ര പശ്ചാത്തലം കൂടി ആരാഞ്ഞു. ക്രിസ്മസിന്റെ ചരിത്രപശ്ചാത്തലം വിവരിച്ചു കൊടുത്തതിനു പുറമേ ജസ്റ്റിനച്ചൻ ഒരു യുവതിയുടെ ആദ്യപ്രസവത്തിനുശേഷം കുഞ്ഞിനെ മടിയിൽ കിടത്തി താരാട്ടുപാടി ഓമനിക്കുന്നതായി സങ്കല്പിക്കാനും ആവശ്യപ്പെട്ടു. അതു കേട്ടു നിൽക്കുന്ന ഭർത്താവ്, മാലാഖമാർ, പിന്നെ തണുത്തുവിറച്ചു നിൽക്കുന്ന ആട്ടിടയന്മാർ, മൃഗ

www.malankaralibrary.com



ഡോ. ജസ്റ്റിൻ പനക്കൽ പൈതലാം യേശുവിന്റെ സംഗീതസംവിധാന നിർവഹണത്തിൽ. പത്മശ്രീ ഡോ. കെ.ജെ യേശുദാസ് സമീപം

ങ്ങൾ... ഒപ്പം മഞ്ഞുപെയ്തുകൊണ്ടിരിക്കുന്ന ഒരു പാതിരാവും ഇരുട്ട് കട്ടപിടിച്ച ആ രാത്രിയുടെ അന്ധകാരത്തെ മറികടക്കുന്ന റാന്തൽ വിളക്കിന്റെ അരപ്രകാശവുമാണ് രംഗമെന്നു കൂടി വിശദീകരിച്ചു കൊടുത്തു. എല്ലാം സശ്രദ്ധം കേട്ടിരുന്ന പെൺകുട്ടി ഒരു മണിക്കൂറാണ് നിശബ്ദയായി ധ്യാനനിർലീന യായിരുന്നത്. തുടർന്ന് റെക്കോർഡിംഗിനായി ആല പിച്ചു. ചരിത്രനിയോഗം കണക്കേ ഒരിക്കലും സംഭവി ക്കാത്ത വിധത്തിൽ ഒറ്റ ടേക്കിൽ റെക്കോർഡിംഗ് പൂർണമായി.

കാലം പ്രശസ്തിയുടെ ഉത്തുംഗത്തിലെത്തിച്ച ആ നവയുവഗായിക സന്തോഷത്തോടെ റെക്കോർ ഡിംഗിനുശേഷം അന്നുപറഞ്ഞത് പ്രായത്തെ മറ ന്നും ജസ്റ്റിനച്ചൻ ഇന്നും തെളിമയോടെ ഓർത്തിരി ക്കുന്നു– "ഈ ഗാനം ഒരു രോഗശാന്തിയുടെ നിറവ നുഭവമാണെനിക്കുണ്ടാക്കിയത്." പിൽക്കാലത്ത് മലയാളത്തിന്റെ സ്വരമാധുരിയായിത്തീർന്ന കെ. എസ് ചിത്രയായിരുന്നു ആ യുവഗായിക. കാലാന്ത രത്തിൽ ഓരോ ക്രിസ്മസ് സീസണിലും ചിത്രയു മായി നടക്കുന്ന അഭിമുഖങ്ങളിൽ 'പൈതലാം യേശുവേ' ആലപിച്ചുകൊണ്ട് ഈ വിഖ്യാതഗായിക പറഞ്ഞിട്ടുള്ളതും ശ്രദ്ധേയമാണ്. "ഓരോ ക്രിസ്മസ് കാലത്തും എന്റെ മനസ്സിൽ ഓടിയെത്തുക പൈ തലാം യേശുവേ എന്ന ഗാനമാണ്. അതൊരു കാരൾ ഗാനമല്ല, ഭക്തിഗാനമാണ്. മൂന്നരപതിറ്റാണ്ടു പി ന്നിട്ടിട്ടും ഇപ്പോഴും ഈ ഗാനം ഓരോരുത്തരുടെ യും ചുണ്ടിൽ തങ്ങിനിൽക്കുന്നുണ്ട്. അതു കേൾക്കു മ്പോൾ ഇന്നും വലിയ സന്തോഷം തോന്നുന്നു" വെന്ന്.

## തരംഗിണിയിലൂടെ തരംഗമായ താരാട്ട്

'പൈതലാം യേശുവേ' എന്ന ഗാനം തരംഗിണി യുടെ സ്നേഹപ്രവാഹം എന്ന സിഡി ആന്റ് ഓഡി യോ കസെറ്റിലൂടെയാണ് പുറംലോകം ശ്രവിച്ചത്. ഇതിൽ തന്നെ യേശുദാസ് ആലപിച്ചിട്ടുള്ള 'പുതി യൊരു പുലരി' ഫാ. ജോസഫ് പാറാംകുഴി രചിച്ച് യേശുദാസ് ആലപിച്ച 'ദൈവം പിറക്കുന്നു', 'മഞ്ഞു പൊതിയുന്ന മാമരം കോച്ചുന്ന' എന്നീ ക്രിസ്മസ് ഗാനങ്ങളുമുണ്ട്.

പുൽക്കൂട്ടിലെ ഈ താരാട്ടു ഗാനത്തിന് പുറമേ ജസ്റ്റിൻ പനക്കലച്ചൻ സംഗീതം പകർന്ന തിരുപ്പിറവി ഗാനങ്ങളാണ് 1985-ൽ പുറത്തിറങ്ങിയ സ്നേ ഹസന്ദേശത്തിലെ 'പാരിൽ പിറന്ന ദേവൻ', 'സർവം ഭരിച്ചു', 'സ്വർഗം കനിഞ്ഞിറങ്ങി' തുടങ്ങിയ ഗാന ങ്ങൾ. തരംഗിണിയുടെ തളിർമാല്യം, സ്നേഹപ്ര വാഹം എന്നീ ആൽബങ്ങളിലും ജസ്റ്റിൻ പനക്കലച്ചൻ സംഗീതസംവിധാനം നിർവഹിച്ചിട്ടുണ്ട്. മുപ്പതോളം ഗാനങ്ങൾക്ക് ശുദ്ധസംഗീതം പകർന്നിട്ടുള്ള കർമ ലീത്താ സന്ന്യാസിയോട് ഏതുഗാനമാണ് അച്ചനെ സ്വാധീനിച്ചിട്ടുള്ളതെന്ന ചോദ്യത്തിന് പതിവു മന്ദഹാ സത്തോടെ മൃദുസ്വരത്തിൽ അച്ചൻ പറയുന്നതും ശ്രദ്ധേയമാണ്. "പൈതലാം യേശുവേ എന്നിലുണർ ത്തുന്ന വികാരവും ആത്മനിർവൃതിയും അവാച്യ മാണെങ്കിലും ഏറ്റവും മികച്ച ഗാനമേതെന്ന ചോ ദ്യത്തിന് എനിക്ക് ഒറ്റ ഉത്തരമേയുള്ളൂ. സ്നേഹമ യിയായ ഒരമ്മയ്ക്ക് മക്കളെല്ലാം ഒരേപോലെ യാണ്. "

www.malankaralibrary.com

## പാട്ട് ഹോബിയാക്കിയ സന്ന്യാസി

നിഷ്പാദുക കർമലീത്താ സഭ മഞ്ഞുമ്മൽ പ്രൊവിൻസംഗമായ ജസ്റ്റിൻ പനക്കലച്ചൻ 29 ഗാനങ്ങൾക്ക് സംഗീതസംവിധാനം ചെയ്തതിൽ 25 ഗാനങ്ങളും ആലപിച്ചത് ഗാനഗന്ധർവൻ കെ.ജെ യേശുദാസാണ്. എന്നിട്ടും എന്തുകൊണ്ട് സംഗീതവഴി പിൻതുടർന്നില്ലായെന്ന ചോദ്യത്തിന് വ്യക്തമായ അച്ചന്റെ മറുപടിയിൽ നിഷ്കാമിതനായ ഒരു സമർപ്പിതന്റെ ചിത്രമാണ് തെളിയുന്നത്. സംഗീതം തനിക്കൊരു ഹോബി മാത്രമാണ്. തന്റെ പ്രഥമ പരിഗണനയും ലക്ഷ്യവും ഏറ്റെടുത്തിരിക്കുന്ന വിളിയിൽ പൂർണമായി മനസ്സും ശരീരവും അർപ്പിച്ചുകൊണ്ട് നല്ലൊരു സന്ന്യാസ വൈദികനായി ജീവിതം ക്രമീകരിക്കുക എന്നതാണ്. ആ വഴിയിൽ താൻ പൂർണ സംതൃപ്തനുമാണെന്ന് അച്ചൻ ഏറ്റുപറയുന്നു. ബാല്യകാലത്തുതന്നെ അമ്മയിൽനിന്നും ഹൃദിസ്ഥമാക്കിയ പാട്ടും പ്രോത്സാഹനവുമാണ് അച്ചനെ സംഗീതത്തെ പ്രണയിക്കാൻ പ്രേരിപ്പിച്ചത്. സംഗീതസംവിധായകൻ നൗഷാദിനോടുള്ള ഇഷ്ടവും ഇതിന് ഉപോത്ഫലകമായി. ശാസ്ത്രീയമായി ഒരു ഗുരുക്കന്മാരുടെയും കീഴിൽ സംഗീതസപര്യ നടത്താത്ത വ്യക്തിയാണ് ജസ്റ്റിനച്ചൻ.

ആകാശവാണിയിലൂടെ പ്രക്ഷേപണം ചെയ്തിരുന്ന ശാസ്ത്രീയസംഗീതപാഠം ശ്രവിച്ചും സംഗീത ഗ്രന്ഥങ്ങൾ വായിച്ചും ഹൃദിസ്ഥമാക്കിയ അറിവുകളുടെ വെളിച്ചത്തിൽ മാത്രമാണ് അച്ചനിലെ സംഗീത സംവിധായകൻ ജന്മമെടുത്തത്. മനോരമ മ്യൂസിക്കിന്റെ 'ആത്മദാനം' എന്ന സംഗീത ആൽബത്തിൽ ബിജു നാരായണൻ ആലപിച്ച 'എന്നെ നയിക്കും നല്ലോരിടയൻ' എന്ന ഗാനമാണ് പനക്കലച്ചൻ ഒടുവിൽ സംഗീത സംവിധാനം നിർവഹിച്ച ഗാനം.

## ജീവിതരേഖ

കൊച്ചിരൂപതയിലെ കുമ്പളങ്ങി ചക്യാമുറിയിൽ പനക്കൽ ജോബിന്റെയും ഇസബെല്ല തങ്കമ്മയുടെയും മകനായി 1935 ആഗസ്റ്റ് 10-നാണ് കഥാപുരുഷന്റെ ജനനം. ഹൈസ്കൂൾ പഠനാനന്തരം നിഷ്പാദുക കർമലീത്താ സന്ന്യാസസഭയുടെ മഞ്ഞുമ്മൽ പ്രൊവിൻസിൽ ചേർന്ന് സന്ന്യാസപരിശീലനം നേടുകയും 1955 മെയ് 30ന് വ്രതവാഗ്ദാനം നിർവഹിക്കുകയും ചെയ്തു. പഠനപരിശീലനാനന്തരം 1962 മാർച്ച് 17-ന് പൗരോഹിത്യം സ്വീകരിച്ചു. തുടർന്ന് റോമിലെ ലാറ്ററൻ സർവകലാശാലയിൽനിന്നും ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റ് കരസ്ഥമാക്കുകയും മംഗലപ്പുഴ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ 28 വർഷം റസിഡന്റ് പ്രൊഫസറും കാർമൽഗിരി സെമിനാരിയിൽ 22 വർഷം പ്രൊഫസർ എമരിത്തൂസായും വൈദികവിദ്യാർഥികളുടെ പരിശീലകനായി കർമനിരതനായിരുന്നു. സന്ന്യാസവ്രത വാഗ്ദാനസ്വീകരണത്തിന്റെ സപ്തതിക്കായി മൂന്നുവർഷം ബാക്കി നിൽക്കേണ്ട സംതൃപ്ത മാനസവുമായി 87-ലെത്തിയ പുൽക്കൂട്ടിലെ ഈ താരാട്ടുകാരൻ സഭയുടെ കളമശ്ശേരി സുന്ദരഗിരിയിലെ പുഷ്പാരം പ്രൊവിൻഷ്യൽ ഹൗസിൽ സ്പിരിച്ചാലിറ്റിയിൽ ഓൺലൈൻ ക്ലാസ്സുകളുമായി കർമനിരതനായിരിക്കുകയാണിപ്പോൾ. ■



**ഗായിക കെ.എസ്. ചിത്രയുമൊരുമിച്ച് സംഗീത സംവിധായകൻ ജസ്റ്റിനച്ചൻ**

www.malankaralibrary.com

# വാളമീൻ കല്പിക്കുന്നു



റവ. ഡോ. സുനിൽ ജോസ് CMI
*സെന്റ് ജോസഫ്സ് കോളജ്, ദേവഗിരി, കോഴിക്കോട്*

**ഷീജ വക്കത്തിന്റെ 'വാളമീൻ കല്പിക്കുന്നു' എന്ന കവിതയുടെ ആസ്വാദനം.**
***മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2022 നവംബർ 13–19***

മലയാളകവിതയിൽ പുതിയ കാലത്തിന്റെ കവിയാണ് ഷീജ വക്കം. 'അന്തിക്കള്ളും പ്രണയഷാപ്പും' 'ശിഖണ്ഡിനി' തുടങ്ങിയ സമാഹാരങ്ങളിലൂടെ മലയാളത്തിൽ ശ്രദ്ധേയമായ സാന്നിധ്യമാണ് ഷീജയുടെ കവിതകൾ. സമകാലിക വിഷയങ്ങളിൽ സജീവമായി പ്രതികരിക്കുന്ന കവിതകൾ കവിയുടെ പ്രതിബദ്ധതയുടെ സാക്ഷ്യപത്രങ്ങളാകുന്നു. ഇവ കാവ്യവിഷയമാകുമ്പോൾ കവിത കൈമോശംവരാതെ ആവിഷ്കരിക്കാനുള്ള സവിശേഷമായ കരവിരുത് ഈ കവിക്കുണ്ട്. ഗദ്യവും പദ്യവുമല്ല കവിതയെഴുതുകയാണ് തന്റെ ലക്ഷ്യമെന്ന് പ്രഖ്യാപിച്ചിട്ടുള്ളയാളാണ് ഷീജ വക്കം. തന്നിൽത്തന്നെ പുതിയൊരു ലോകം കണ്ടെത്താൻ ശ്രമിക്കുന്ന അകം കവിതകളും പുറംലോകത്തേക്ക് തുറന്നുവച്ചിരിക്കുന്ന കണ്ണുകളുള്ള പുറംകവിതകളും ഈ കവി എഴുതിയിട്ടുണ്ട്. 'ഗ്ലൂമി സൺഡേ', 'ആഴച്ചെടിയിലെ നനഞ്ഞ പൂന്തണ്ട്", 'ഒരു ദിവസം ഒരു വളവിൽ', 'പുഷ്ക്കരൻ കൊടുങ്കാറ്റ്" തുടങ്ങിയ കവിതകൾ ഏറെ ശ്രദ്ധിക്കപ്പെട്ടവയാണ്. അഹന്തയും അക്രമവാസനയും അലങ്കാരമായി കരുതുന്ന മനുഷ്യന്റെ ദുരന്തമാണ് 'അന്തിക്കള്ളും പ്രണയഷാപ്പും' 'രക്തദാഹിയായ ഒരു ഡ്രാക്കുളക്കവിത' എന്നീ രചനകളിൽ ആവിഷ്കരിച്ചിരിക്കുന്നത്.


'വാളമീൻ കല്പിക്കുന്നു' എന്ന കവിത ഒരു സോവിയറ്റ് നാടോടിക്കഥയെ വിഷയമാക്കുന്നു. മടിയനായ യെമേല്യയ്ക്ക് ഒരു വാളമീനിനെ കിട്ടി. തന്നെ വിട്ടയയ്ക്കുന്നതിനു പകരമായി അത് ഒരു മന്ത്രം നൽകി 'വാളമീൻ കല്പിക്കുന്നു. ഞാൻ ഇച്ഛിക്കുന്നു' എന്ന് പറഞ്ഞാൽ ഏതാഗ്രഹവും സാധിക്കും. ഈ മന്ത്രം ചൊല്ലിയാൽ എന്തും സാധിക്കുമെന്ന് വിശ്വസിച്ച ഒരു കുട്ടിത്തലമുറ കേരളത്തിലും ഉണ്ടായിരുന്നു. 'സോവിയറ്റ് നാട്' എന്ന മാസിക (പുസ്തകം പൊതിയാനുപയോഗിക്കുന്ന മിനുത്ത മേനിക്കടലാസിൽ) മലയാളിക്കുഞ്ഞുങ്ങളുടെ മനസ്സിൽ ഇടം നേടിയിരുന്നു. വായനശാലകളിൽ 'ചുക്കും ഗെക്കും' മുതലായ ധാരാളം റഷ്യൻ കഥകളും ഉണ്ടായിരുന്നു. മോസ്ക്കോയിലെ പ്രോഗ്രസ് പബ്ലിക്കേഷൻസിന്റെ പേരിൽ ഓമന ഗോപാലകൃഷ്ണന്റെ തർജമകളിൽ മേനിക്കടലാസിൽ തിളങ്ങിയ ആ മനോഹരലോകം മലയാളികൾക്ക് ഗൃഹാതുരത്വമുള്ള ഓർമകളാണ്.

'വാളമീൻ കല്പിക്കുന്നു' എന്ന റഷ്യൻ നാടോടിക്കഥയെ മുൻനിർത്തി മലയാളികളുടെ സോവിയറ്റ് സാഹിത്യാനുഭവമായിരുന്ന കഥാപ്രപഞ്ചത്തെ മുഴുവൻ കവിതയിലേയ്ക്ക് മാറ്റിയെഴുതാൻ ഷീജ വക്കത്തിനു കഴിയുന്നു.

*'കൊച്ചിലേ തലച്ചോറിൻ*
*ചുറ്റുഗോപുരത്തിൽ നി–*
*ന്നെത്തിനോക്കുമ്പോൾ കണ്ടൂ*
*റഷ്യ തന്നയൽപ്പക്കം'* എന്ന് കവിതയിൽ വായിക്കുമ്പോൾ 'വാളമീൻ കഥ' യിലെ യെമേല്യയും 'ശിശിരത്തിലെ ഓക്കുമരം' ത്തിലെ അധ്യാപികയും കുസൃതിക്കാരായ 'ചുക്കും ഗെക്കും', 'നീലക്കപ്പ്' ലെ മകളും തുടങ്ങി ഓരോ മലയാളിയുടെയും മനസ്സിൽ നിലനിന്ന മായാത്ത റഷ്യൻ ചിത്രങ്ങൾ തെളിഞ്ഞുവരും.

www.malankaralibrary.com

ആ ചിത്രങ്ങളെ വീണ്ടും അതേ ചായത്തിൽ ചാലിച്ചെടുത്ത് വരച്ചുവയ്ക്കുകയാണ് ഷീജ വക്കം. റഷ്യൻ സ്വപ്നങ്ങൾക്കുവന്ന ക്ഷതങ്ങളെയും വർത്തമാന കാലത്തെ ഹിംസാത്മക സ്വരൂപമായി റഷ്യൻഭരണ കൂടം മാറിയതിലുള്ള വിഷാദത്തെയും ചിത്രീകരിക്കുന്നതുകൊണ്ടുകൂടിയാണ് ഗൃഹാതുരതയ്ക്കപ്പുറം ഈ കവിത ശ്രദ്ധേയമാകുന്നത്.



മറ്റാർക്കും നിർമിക്കാൻ കഴിയാത്ത സമ്മോഹനമായ പദച്ചേരുവകളും വിമോഹനമായ ബിംബങ്ങളുംകൊണ്ട് നിബിഡമാണ് ഈ കവിത. 'പുൽമേടിന്റെ വക്കിലെ കുളം', 'മേട്ടിലെ കുളം വന്നെൻ വീട്ടുവാതിലിൽ മുട്ടി', 'മീൻ പിട വയലറ്റുസാരിവാൽ ഞൊറിയുന്നു', 'നൂൽത്തലപ്പുല്ലിൻ മീതെയൂഞ്ഞാലയാടും വണ്ട്', 'അത്യഗാധത തുള്ളിയിളകും ജലത്തുള്' എന്നിങ്ങനെ നവീനമായ ബിംബങ്ങൾ കവിതയെ ലളിതമനോഹരമാക്കുന്നു. റഷ്യയുടെ യുക്രൈൻ അധിനിവേശാക്രമണം സോവിയറ്റ് ബാലസാഹിത്യം വായിച്ച ഓർമകൾ ചേർത്തുവച്ച് അപലപിക്കുകയാണ് കവിതയിൽ കവി ചെയ്യുന്നത്.

'വാളമീൻ കല്പിക്കുന്നു. ഞാനിതാ ഇച്ഛിക്കുന്നു' എന്നാരംഭിക്കുന്ന കവിത ബാല്യത്തിന്റെ സ്വപ്നലോകത്തിലേക്ക് (പോയകാലത്തിന്റെ നല്ല ലോകത്തേയ്ക്കും) വാതിൽ തുറന്നിടുന്നു. 'കുളം വാതിലിൽ വന്ന് മുട്ടി നിൽക്കുന്നു, കലപ്നയനുസരിച്ച്, അതിൽ ഒരു വയലറ്റു മീൻപിടസാരിവാൽ ഞൊറിയുന്നതും ഊഞ്ഞാലകെട്ടുന്ന വണ്ടിന്റെ ഉടുപ്പിലെ കാക്കപ്പുള്ളിയും കൂൺകുടക്കീഴിൽ മഴകണ്ടിരിക്കുന്ന ഉറുമ്പും എല്ലാം വന്ന് നിറയുന്നു. കുഞ്ഞുഷൂ, രോമത്തൊപ്പി, കമ്പിളിക്കുപ്പായം എല്ലാം ധരിച്ച് റഷ്യയിൽ തുള്ളിച്ചാടിയോടുന്ന ഹിമകുട്ടിയായി കവി സ്വയം സങ്കല്പിക്കുന്നു. റഷ്യൻ കഥകളിലെ 'മഴവിൽ പൂവും' 'നീലക്കപ്പും' 'കുസൃതികളായ 'ചുക്കും ഗെക്കും' എല്ലാം കവിതയിൽ ഓടിയെത്തുന്നു. റൊട്ടിപോലെ, പാൽകട്ടിപോലെ അക്ഷരം കൊതിപ്പിച്ച ആ പഴയകാലം സജീവമാകുന്നു.

*'എത്ര ജീവിതംകൊണ്ടു*
*വീട്ടിയാൽത്തീരും ബാല-*
*ഭിക്ഷുവിന്നൂട്ടിത്തന്ന*
*ഭാവമാധുര്യക്കടം'*

എന്ന് കവി ആ റഷ്യൻ ഭാവന നൽകിയ അനുഭവത്തെ ഹൃദയപൂർവം അനുസ്മരിക്കുന്നു. റഷ്യ എന്ന തറവാട് നൂറായി വിഭജിക്കപ്പെട്ടപ്പോൾ ഒപ്പം വിഭജിതമായത് കുട്ടിക്കാലത്തെ ഭാവനാ സാമ്രാജ്യം കൂടെയായിരുന്നു. ചിത്രത്താളുകളിലെ ഉറുമ്പും ചെമ്പടയും ചുക്കും ഗെക്കും ശത്രുക്കളായി ഇന്ന് പരസ്പരം പോരടിക്കുന്നു. ചുവന്ന പൂക്കൾ നിറഞ്ഞ സ്വർഗമല്ല, മഞ്ഞിൽ വീണൊഴുകുന്ന ചോരയുടെ ശാപംമാത്രം ശേഷിക്കുന്നു. ഇപ്പോൾ വാളമീൻ ഒന്നും കല്പിക്കുന്നില്ല. വ്യാകുല റഷ്യൻ ശിശു കണ്ണുനീർ പൊഴിക്കുന്നുണ്ട്.

*ഈ വെറും നീർത്തുള്ളിയാൽ*
*ദീനയാം യുക്രൈനിന്റെ*
*തീ കെടാൻ അതിതീവ്ര-*
*മായി ഞാനിച്ഛിക്കുന്നു.*

പഴയ മന്ത്രത്തിന്റെ സർവശക്തിയും തോറ്റിയെടുത്ത് ഒന്നും കല്പിക്കാത്ത വാളമീനിനെ മനസ്സിൽ ഓർത്ത് കവി ശാന്തിപുലരുന്ന നല്ല കാലത്തെ തീവ്രമായി ഇച്ഛിക്കുന്നിടത്താണ് കവിതയിൽ സാകല്യഭംഗിയും സാമൂഹിക പ്രതിബദ്ധതയും തിളങ്ങിനിൽക്കുന്നത്. ■

www.malankaralibrary.com

# ജയ ജയ ജയ ജയ ഹേ



റവ. ഡോ. ബെന്നി
ബനഡിക്റ്റ് CMI
*ഡയറക്ടർ, ചേതന മീഡിയ
ഇൻസ്റ്റിറ്റ്യൂട്ട്, തൃശ്ശൂർ*

**വിപിൻദാസ് സംവിധാനം ചെയ്തിട്ടുള്ള 'ജയ ജയ ജയ ജയ ഹേ' എന്ന ചിത്രമാണ് ഈ ലക്കം പരിചയപ്പെടുത്തുന്നത്. ബേസിൽ ജോസഫ്, ദർശന രാജേന്ദ്രൻ, അജു വർഗീസ്, മഞ്ജു പിള്ള, ഹരീഷ് പേരടി, അനിൽ നെടുമങ്ങാട്, ആനന്ദ് മന്മഥൻ, നോബി, അസീസ് തുടങ്ങിയവർ കഥാപാത്രങ്ങളായെത്തുന്നു.**

ഒരു സ്ത്രീപക്ഷ സിനിമ എന്ന നിലയിലാണ് 'ജയ ജയ ജയ ജയ ഹേ' നിർമാതാക്കൾ മുന്നോട്ടു വച്ചതും ഭൂരിഭാഗം പ്രേഷകർ സ്വീകരിച്ചതും. കാലിക പ്രസക്തിയുള്ള ഈ സിനിമ മുഖ്യധാരാ പ്രേക്ഷകരെ ഏറെ ആകർഷിക്കുകയും ഒരു 'ട്രെൻഡ് സെറ്റെർ' ആയി മാറുകയും ചെയ്തിട്ടുണ്ട്.

ഇത് ഒരു സ്ത്രീപക്ഷ സിനിമ മാത്രമല്ല, ഒരു സ്ത്രീ 'പക്ഷപാത' സിനിമയായാണ് എനിക്ക് അനുഭവപ്പെട്ടത്. അതായത് നമ്മുടെ സാമ്പ്രദായിക സാമൂഹ്യ വ്യവസ്ഥകളിൽ ഒരു പെൺകുട്ടി അനുഭവിക്കുന്ന വിവേചനങ്ങൾ, അവൾ വളർന്നു, വിവാഹം കഴിഞ്ഞു ഒരു കുടുംബിനി ആവുമ്പോഴും തുടരുന്ന ശാരീരികവും മാനസികവുമായ പീഡനങ്ങൾ തുറന്നു കാട്ടാൻ വേണ്ടി തന്നെയാണ് ഈ സിനിമ രൂപകല്പന ചെയ്തിരിക്കുന്നത്. സംവിധായകനും സംഘവും തങ്ങളുടെ നിലപാട് മറച്ചു വയ്ക്കുകയല്ല, മറിച്ച് വളരെ പ്രകമ്പനത്തോടുകൂടിയ ക്ലൈമാക്സിലൂടെ ഹെൻറിക് ഇബ്സന്റെ പ്രഖ്യാതമായ 'എ ഡോൾസ് ഹൗസ്' നാടകത്തിലെ നായിക നോറയെ പ്പോലെ ഈ ചിത്രം നായിക ജയയുടെ പോരാട്ടത്തിന്റെ വിജയഗാഥ ഉയർത്തിക്കാട്ടുകയാണ്. ഏറെ ചർച്ച ചെയ്യപ്പെട്ട അടുത്ത കാലത്തിറങ്ങിയ 'ദി ഗ്രേറ്റ് ഇന്ത്യൻ കിച്ചൺ' എന്ന സിനിമയുടെ അടുത്ത പടിയായും ഈ സിനിമയെ കാണാനാകും.

ചിത്രം കണ്ട ചിലർ, 'നല്ല കുടുംബത്തിൽ പിറന്ന സ്ത്രീകൾ' ഇങ്ങനെയൊക്കെ ചെയ്യുമോ എന്ന ചോദ്യം ഉയർത്തുമ്പോൾ സംവിധായകനും സംഘവും അടിവരയിട്ടു പറയാൻ ശ്രമിക്കുന്നത് പുതിയ കാലത്തെ സ്ത്രീകൾ പ്രതികരിക്കുന്നവരാണ്, അവർ ഏതറ്റംവരെയും പോകും, അതുകണ്ടു ആരും നെറ്റി ചുളിക്കണ്ട എന്നാണ്. തുടക്കം മുതൽ കോമഡിയുടെ എല്ലാ ചേരുവകളും ചേർത്തിരിക്കുന്നത് കൊണ്ട് 'ഇതൊക്കെ അസംഭവ്യം' എന്ന് പറഞ്ഞു തള്ളിക്കളയാനും കഴിയില്ല. ആക്ഷേപഹാസ്യത്തിന്റെ ചട്ടക്കൂട്ടിൽ തയ്യാറാക്കിയിരുന്ന ഈ ചിത്രം സ്ത്രീയുടെ ഉയിർത്തെഴുന്നേൽപ്പിനെ എടുത്തു കാട്ടാനുള്ള ശ്രമത്തിൽ പുരുഷന്മാരുടെ അതിക്രമങ്ങളും ശുംഭത്തരങ്ങളും എല്ലാം അതിശയോക്തി കലർത്തി ചിരിയോ പൊട്ടിച്ചിരിയോ ഉണർത്തുന്ന വിധം തന്നെയാണ് ചിത്രീകരിച്ചിരിക്കുന്നത്.

വളരെ ചെറുപ്പം മുതൽ 'നീ പെൺകുട്ടിയാണ്' നീ ഇങ്ങനെ പെരുമാറണം, അങ്ങനെ അരുത്

www.malankaralibrary.com

എന്നീ സ്ഥിരം പല്ലവികൾ കേട്ടു വളർന്നവളാണ് നായികാ കഥാപാത്രം, ജയഭാരതി. കുട്ടിക്കാലത്തു ചേട്ടൻ ജയന്റെ നിഴലിൽ മാത്രം വളരാനേ ജയക്ക് അനുവാദമുണ്ടായിരുന്നുള്ളു. അവൾ 'മരം കേറി പെണ്ണ്' ആവരുത്, ചേട്ടന്റെ 'ജയൻ' എന്ന് പേരെഴുതിയ പഴയ ടീഷർട്ട് അവൾക്കു 'പുത്തൻ ഉടുപ്പ്'; ചേട്ടന് വേണ്ടി വാങ്ങിയ പുത്തൻ പാഠപുസ്തകങ്ങൾ പഴയതാകുമ്പോൾ അടുത്ത വർഷം ജയക്ക് കീറിത്തുടങ്ങിയ ആ പുസ്തകങ്ങൾ; ഇങ്ങനെ തുടങ്ങി 'മിണ്ടാതവിടെ ഇരുന്നോ' എന്ന ഒറ്റ വാചകത്തിൽ അച്ഛനും അമ്മയും അമ്മാവനും അവളെ 'വരച്ച വരയിൽ' ഒതുക്കിയിരുന്നു.

തിരുവനന്തപുരം നഗരത്തിലെ കോളജിൽ 'ആന്ത്രോപോളജി' വിഷയത്തിൽ ഉപരിപഠനത്തിനു പോകണം എന്ന് വ്യക്തമായ തിരഞ്ഞെടുപ്പ് ജയക്കുണ്ട്. പക്ഷേ, 'പെൺകുട്ടികൾ എന്തിനു കൂടുതൽ പഠിക്കണം, കല്യാണം കഴിച്ചു വിടാനുള്ളതല്ലേ?' എന്ന നിലപാടിലാണ് വീട്ടുകാർ. അവർ നാട്ടു നടപ്പുകളുടെ ചട്ടക്കൂട്ടിൽ ജയയെ പിടിച്ചു തളക്കാൻ വേണ്ടി നാട്ടിലെ പാരലൽ കോളജിൽ ചേർക്കുന്നു.

സാധാരണ ഇത്തരം പ്രമേയങ്ങൾ കൈകാര്യം ചെയ്യുന്ന സിനിമകളെ 'ബുദ്ധിജീവി ഫെമിനിസ്റ്റുകളുടെ' സിനിമ എന്ന് മുദ്രകുത്തി പൊതുസമൂഹം മാറ്റി നിർത്താറുണ്ട്. എന്നാൽ ജയയുടെ കഥാപാത്രം പൊതുവെ ഫെമിനിസ്റ്റുകളുടെ ശൈലി എന്ന് സമൂഹത്തിൽ പലരും ചൂണ്ടിക്കാട്ടാറുള്ള മാതൃകയിലുള്ള ആളല്ല. പുറമേക്കുള്ള സമര പരിപാടികളോ, മുദ്രാവാക്യം വിളിയോ ഒന്നും പുറത്തെടുക്കാത്ത സാധാരണ നാട്ടിൻപുറത്തുകാരി പെണ്ണാണ് ജയ. ഈ സിനിമയുടെ കഥ നടക്കുന്ന കൊല്ലം പ്രദേശത്തെ കശുവണ്ടിയും തൊഴിലാളികളുടെ ജീവിതവും ഈ ചിത്രത്തിൽ ഒരു രൂപകം പോലെ ഉപയോഗിക്കുന്നുണ്ട്. ജയഭാരതി സ്വന്തം പ്രതിരോധ മാർഗങ്ങളിലേക്കു കടക്കുമ്പോൾ പശ്ചാത്തലത്തിൽ കശുവണ്ടി തൊഴിലാളികളായ സ്ത്രീകളുടെ കരുത്തും സമരവീര്യവും പാട്ടിലൂടെയും ചില ദൃശ്യങ്ങളിലൂടെയും സൂചിപ്പിക്കുന്നത് വളരെ സുന്ദരമായിരിക്കുന്നു.

ഈ സിനിമയെ കേരളത്തിലെ ബഹുഭൂരിപക്ഷം പ്രേക്ഷകരും കൈനീട്ടി സ്വീകരിച്ചു എങ്കിൽ അതിന്റെ പുറകിൽ ചില കാരണങ്ങളുണ്ടാകും. ഇതിലെ ഭാര്യാഭർതൃബന്ധത്തിന്റെ ചിത്രീകരണം, അതിന്റെ പ്രതിഫലനങ്ങൾ സ്വന്തം ജീവിതത്തിലും നേരിട്ട് അനുഭവിച്ചിട്ടുള്ള കുറെ സ്ത്രീ പ്രേക്ഷകർ ആകാം ഈ സിനിമയെ ഇത്രയും പോപ്പുലർ ആക്കിയിരിക്കുന്നത്. ബുദ്ധിപൂർവം ചിന്തിക്കുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്യുന്ന വിവാഹിതകളോ അല്ലാത്തവരോ ആയ സ്ത്രീകളെ 'അഹങ്കാരികൾ'



www.malankaralibrary.com

ആയി കാണുന്ന ഒരു പ്രവണത നമ്മുടെ പോസ്റ്റ് മോഡേൺ, ഡിജിറ്റൽ യുഗത്തിൽ പോലും ഉണ്ടെന്നു കാണുമ്പോൾ അപമാനവും നിരാശയുമാണ് എനിക്ക് തോന്നുന്നത്. എല്ലാ കാര്യത്തിലും മാറ്റങ്ങൾക്കു നാം തയ്യാറായിട്ടും എന്തുകൊണ്ടാണ് സ്ത്രീയെയും പുരുഷനെയും ഒരേ ആദരവോടെ കാണാൻ ഇനിയും നമുക്ക് കഴിയാതെ പോകുന്നത്? നമ്മുടെ സമൂഹം ഇനിയും വളർന്നിട്ടില്ല എന്നല്ലേ ഇത് സൂചിപ്പിക്കുന്നത്?

സ്ത്രീ സമത്വം വാചകക്കസർത്തിൽ ഒതുക്കുകയും ജീവിതത്തിൽ പുരുഷാധിപത്യത്തിന്റെ തനിനിറം പുറത്തെടുക്കുകയും ചെയ്യുന്ന 'ആദർശ ധീരരുടെ' തികഞ്ഞ പതിപ്പാണ് അജു വർഗീസിന്റെ മലയാളം അധ്യാപകൻ. പുരോഗമനത്തിന്റെ സ്വരം എന്ന് തോന്നി ജയക്ക് അയാളോട് പ്രണയം മൊട്ടിട്ടതാണ്. പക്ഷേ, അവൾക്കു പെട്ടെന്ന് ബോധ്യമായി അയാളും പെണ്ണിന്റെ വ്യക്തിത്വത്തിനും അഭിപ്രായത്തിനും വില കല്പിക്കാതെ അവളെ തന്റെ നിയന്ത്രണത്തിൽ തളച്ചിടുന്നതിൽ ആണത്വം കാട്ടുന്ന പുരുഷകേസരിയാണെന്ന്.

ഡിഗ്രി പഠനം പൂർത്തിയാക്കുന്നതിനു മുൻപു തന്നെ വീട്ടുകാർ ജയയെ ആദ്യം പെണ്ണന്വേഷിച്ചു വന്ന കോഴി ബിസിനസുകാരൻ രാജേഷിനു വിവാഹം ചെയ്തു കൊടുക്കുന്നു. വിവാഹം കഴിഞ്ഞു രാജേഷിന്റെ വീട്ടിൽ ആദ്യമായ് കാൽവച്ചപ്പോൾതന്നെ അവൾക്കു മനസ്സിലായി, അവിടം അത്ര പന്തിയല്ല എന്ന്: ചില്ലു പൊട്ടിയ ടിപോയ്, ഉടഞ്ഞു കിടക്കുന്ന പാത്രങ്ങൾ. അതൊരു തുടക്കം മാത്രമായിരുന്നു. മുൻകോപിയായ രാജേഷ് അമ്മയോടും സഹോദരിയോടും വീട്ടിലെത്തിയിരിക്കുന്ന പുതിയ അതിഥി സ്വന്തം ഭാര്യയോടു പോലും ക്രോധത്തോടെ അലറി വിളിച്ചു കൊണ്ടുള്ള പെരുമാറ്റമാണ്. താൻ എന്ത് പോക്രിത്തരം ചെയ്താലും അത് തന്റെ അവകാശമാണ്, ഭാര്യയും വീട്ടിലെ പെണ്ണുങ്ങളെല്ലാവരും സമൃദ്ധമായി സഹിച്ചോളൂ എന്നാണ് രാജേഷിന്റെ മനോഭാവം. രാജേഷിന്റെ ശാരീരികവും മാനസികവുമായ പീഡനം സഹിക്കാൻ വയ്യാതെ തന്നെ വീട്ടിലേക്കു കൂട്ടിക്കൊണ്ടു പോവാൻ ജയ മാതാപിതാക്കളോട് കേണപേക്ഷിക്കുന്നുണ്ട്. അതിനൊന്നും അവർ തയ്യാറാവുന്നില്ല.

വിവാഹത്തിന് സമ്മതം മൂളുമ്പോൾ 'എനിക്ക് ഡിഗ്രി പഠനം മുഴുവനാക്കണം' എന്നൊരു വ്യവസ്ഥ ജയ രാജേഷിന്റെ മുന്നിൽ വച്ചിരുന്നു. പക്ഷേ, ഭാര്യ പഠിക്കണ്ട, വീട് നോക്കുക, ബിസിനസ് നോക്കുക അത്രയൊക്കെ മതി എന്ന ഏകപക്ഷീയമായ തീരുമാനം രാജേഷ് ജയയുടെമേൽ അടിച്ചേൽപ്പിക്കുന്നു. പക്ഷേ, പുതിയ ഡിജിറ്റൽ യുഗത്തിലെ സ്ത്രീകൾക്ക് പഠിക്കാൻ പുറത്തു പോവണമെന്നില്ല എന്നതിന് ഉത്തമയായി മാറുന്നു ജയ.

സ്നേഹവും കരുണയുമില്ലാത്ത ഭർത്താവ്, പീഡനത്തിൽ രസിക്കുക കൂടി ചെയ്യുന്നു എന്ന് കാണുമ്പോൾ ജയ ചെയ്യുന്നത് ജീവിതത്തിൽ പിടിച്ചു നിൽക്കാനുള്ള പ്രായോഗിക തന്ത്രങ്ങൾ പഠിച്ചെടുക്കുകയാണ്. രാജേഷിന്റെ ഭാഗത്തുനിന്ന് ഇനിയും കൂടുതൽ ശാരീരിക പീഡനങ്ങൾ വരുമ്പോൾ തടുത്തു നിൽക്കാനുള്ള അടവുകൾ ജയ പഠിച്ചെടുത്തത് യൂട്യൂബ് വീഡിയോകൾ കണ്ടിട്ടാണ്. അടി വാങ്ങാൻ മാത്രമല്ല അങ്ങോട്ട് കൊടുക്കാനും അറിയാം എന്ന് അവൾ തെളിയിച്ചു കൊടുക്കുന്നു. യൂടൂബിലൂടെ കരാട്ടെ പഠിച്ച് അത് അവൾ രാജേഷിന്റെമേൽ പ്രയോഗിക്കുമ്പോൾ തിയേറ്ററിൽ കൈയടി ഉയരുന്നുണ്ട്. സ്വാഭാവികം!

ഈ ചിത്രം പ്രമേയത്തിലെ പുതുമ കൊണ്ടും അഭിനേതാക്കളുടെ മികവുകൊണ്ടും മലയാളികളുടെ മനസ്സിൽ സ്ഥാനം പിടിച്ചുവെങ്കിൽ നല്ല കാര്യം. പക്ഷേ, എനിക്ക് ഇക്കാര്യത്തിൽ ഒരു ഭേദഗതി നിർദേശിക്കാനുണ്ട്. ഗാർഹിക പീഡനം നടത്തുന്ന ഭർത്താവിൽനിന്ന് രക്ഷപെടാൻ ഒരു വേള ഭാര്യയും ഉരുളക്കുപ്പേരി കൊടുക്കും എന്നത് നമ്മുടെ നാട്ടിൽ സംഭവിക്കാറുള്ള കാര്യങ്ങൾ തന്നെയാകാം. എന്നാൽ സിനിമകളിൽ നായകന്മാർ പതിവായി എതിരാളികളെ അടിതടയിലൂടെ നിലംപരിശാക്കുന്ന ശൈലി സ്ത്രീ കഥാപാത്രങ്ങളിലും പറിച്ചു നടേണ്ടതില്ല. അങ്ങനെ ചെയ്യുമ്പോൾ നമ്മുടെ സിനിമകളിൽ പുരുഷ കഥാപാത്രങ്ങൾ സ്ഥിരമായി ചെയ്തിരുന്ന മനുഷ്യത്വരഹിതമായ അതിക്രമങ്ങളും ആക്രോശങ്ങളും അട്ടഹാസങ്ങളും സ്ത്രീ കഥാപാത്രങ്ങളിലും ആരോപിക്കുന്നതിനു തുല്യമാകും. സ്ത്രീകൾ കേന്ദ്രകഥാപാത്രങ്ങളാകുന്ന ഭാവപൂർണമായ സിനിമകൾക്കു എത്രയോ സാധ്യതകൾ നിലനിൽക്കുമ്പോൾ, മനസ്സുകളെ പ്രകാശത്തിലേക്ക് നയിക്കുന്ന അത്തരം സിനിമകളിൽ അല്ലെ നമ്മൾ മുതൽമുടക്കും സർഗാത്മക സിദ്ധികളും കൂടുതലായി എടുത്തു പ്രയോഗിക്കേണ്ടത്? ഒരു കാര്യം തീർച്ചയാണ്: സമൂഹത്തിൽ, മനോഭാവങ്ങളിൽ മാറ്റം ഉണ്ടാക്കുന്ന പോസിറ്റീവ് ആയ സിനിമകളുടെ വരവ് വിളിച്ചറിയിക്കുന്നുണ്ട്, 'ജയ ജയ ജയ ജയ ഹേ.' ■

www.malankaralibrary.com

# സ്വർഗീയ സവിധത്തിൽ

**73 വർഷം**



**എൻ. ജെ അലക്സാണ്ടർ**

ജനനം: 27.01.1905

മരണം: 03.04.1949

**31 വർഷം**



**റോസി അലക്സാണ്ടർ**

ജനനം: 19.03.1921

മരണം: 28.12.1991

## നെൽക്കുന്നശ്ശേരി ഹൗസ്

പവ്വർ ഹൗസ് റോഡ്

സെമിത്തേരി മുക്ക്, എറണാകുളം

ആത്മശാന്തി പ്രാർത്ഥനകളോടെ

**നെൽക്കുന്നശ്ശേരി കുടുംബാംഗങ്ങൾ**

Date of Publication: 13.12.2022 / Karunikan Monthly RNI No. KERMAL/2007/19623 Registered KL/EKM/729/2021-23
Licence No. KL/CR/EKM/WPP-17/2021-23 Licensed to Post Without Prepayment **Total Pages 52**

www.malankaralibrary.com



**കൂനമ്മാവ്, വരാപ്പുഴ അതിരൂപത**
**വിശുദ്ധ കുര്യാക്കോസ് തീർത്ഥാടനകേന്ദ്രം**

വിശുദ്ധ ചാവറ കുര്യാക്കോസച്ചന്റെ പൂജ്യശരീരം അടക്കം ചെയ്തിരിക്കുന്ന തീർഥാടനകേന്ദ്രമായ കൂനമ്മാവ് സെന്റ് ഫിലോമിനാസ് ദൈവാലയത്തിൽ **വിശുദ്ധന്റെ**

**26** 2022 ഡിസംബർ മുതൽ 2023 ജനുവരി **03** വരെ

# തിരുനാൾ മഹാമഹം

തിരുനാൾ ദിനങ്ങളിൽ രാവിലെ 6-നും 7നും 10.30നും വൈകിട്ട് 5.30നും
**തിരുനാൾ ദിവ്യബലി, നൊവേന**





**2022 ഡിസംബർ 26 തിങ്കൾ**

വൈകിട്ട് 4.30ന്: തിരുസ്വരൂപ പ്രയാണത്തിന് സ്വീകരണം
4.50ന് : പ്രസുദേന്തി വാഴ്ച തുടർന്ന് കൊടികയറ്റം,
പൊന്തിഫിക്കൽ സമൂഹദിവ്യബലി, നൊവേന.

മുഖ്യകാർമികൻ: **റൈറ്റ് റവ. ഡോ. സ്റ്റാൻലി റോമൻ** (ബിഷപ് എമരിത്തൂസ്, കൊല്ലം രൂപത)
വചനപ്രഘോഷണം **റവ. ഫാ. ആന്റണി ലിജോ ഓടത്തക്കൽ** (ക്രിസ്തുജ്യോതി കോളജ്, ബെംഗലൂരു)

**2022 ഡിസംബർ 30 വെള്ളി – സൗഖ്യദായക നേർച്ചസദ്യാദിനം**

രാവിലെ 9.30ന് : പൊന്തിഫിക്കൽ സമൂഹദിവ്യബലി, തിരുനാൾ നൊവേന

മുഖ്യകാർമികൻ: **റൈറ്റ് റവ. ഡോ. അലക്സ് വടക്കുംതല** (കണ്ണൂർ രൂപതാ മെത്രാൻ)
വചനപ്രഘോഷണം : **റവ. ഫാ. എബിൻ ജോസ് വാരിയത്ത്** (അസി. ഡയറക്ടർ, ലൂർദ് ഹോസ്പിറ്റൽ, എറണാകുളം)
തുടർന്ന് **നേർച്ചസദ്യ ആശിർവാദവും വിതരണവും** (രാത്രി 8 വരെ)
ഉച്ചയ്ക്ക് 12നും 2 നും 4നും വൈകിട്ട് 5.30നും രാത്രി 7നും ദിവ്യബലിയും നൊവേനയും ഉണ്ടായിരിക്കും.

**2023 ജനുവരി 03 ചൊവ്വ – തിരുനാൾ ദിനം** വൈകിട്ട് 5.30ന് പൊന്തിഫിക്കൽ സമൂഹദിവ്യബലി

മുഖ്യകാർമികൻ: **മോസ്റ്റ് റവ. ഡോ. ജോസഫ് കളത്തിപ്പറമ്പിൽ** (വരാപ്പുഴ മെത്രാപ്പോലീത്ത)
വചനപ്രഘോഷണം: **റവ. ഫാ. ലാസർ സിന്റോ തൈപ്പറമ്പിൽ** (പ്രീസ്റ്റ് ഇൻ ചാർജ്, സെന്റ് സെബാസ്റ്റ്യൻ ചർച്ച്, വചനം)
തുടർന്ന് നൊവേന

| | | |
|---|---|---|
| **മോൺ. സെബാസ്റ്റ്യൻ ലൂയിസ്** | **ഫാ. റിനോയ് സേവ്യർ കളപ്പുരക്കൽ** | **ഫാ. മാനുവൽ ലോപ്പസ്** |
| വികാരി | സഹവികാരി | പ്രസുദേന്തിമാർ |

Printed, Edited and Published by Fr. Jacob Naluparayil, MCBS House, Perumanoor P.O., Kochi - 682 015, Ernakulam Dt.
Printed at Viani Printings, Kochi - 682 018, Kerala; Chief Editor : Fr. M. Koottumkal MCBS